വാല്യം : 6
ലക്കം : 10
ഒക്ടോബർ
2017

കാഞ്ഞിരപ്പള്ളി രൂപതാ മുഖപത്രം

# ദർശകൻ

Darsakan

നേരായ ജീവിതം ശരിയായ ദർശനം

നീ ദൈവത്തിന്റെ അത്ഭുതങ്ങളെക്കുറിച്ച് അല്പനേരം ചിന്തിക്കുക (ജോബ് 37:14)

# പറഞ്ഞു പറഞ്ഞു മടുത്തു



## കർഷകരെ കൊന്നൊടുക്കി ആവരുത് പശ്ചിമഘട്ട സംരക്ഷണം

▸ ജനവാസകേന്ദ്രങ്ങളെയും കൃഷിയിടങ്ങളെയും ഒഴിവാക്കുമോ?

▸ അന്തിമവിജ്ഞാപനം കാത്ത് മലയോര മേഖല ▸ ദുരിതമായി ഉദ്യോഗസ്ഥനടപടികൾ

**ജോൺസൺ വേങ്ങത്തടം**

നായ് പുല്ലു തിന്നുകയുമില്ല, പശുവിനെ തീറ്റിക്കുകയുമില്ല. എന്നു പറഞ്ഞതുപോലെയാണ് പശ്ചിമഘട്ട സംരക്ഷണത്തിന്റെ പേരിൽ കർഷകരെ ബുദ്ധിമുട്ടിക്കുന്നത്. മലയോര മേഖലയിൽ ഒരു കാര്യം നടക്കുന്നില്ല എന്നു പറയുമ്പോൾ ചത്തതിനൊക്കുമേ ജീവിച്ചിരിക്കിലും എന്നു പറയുന്നതായിരിക്കാം ശരി. ഒരു കെട്ടിടത്തിനു ചാർത്തെടുക്കാൻ പോലും കഴിയാതെ ജനം വലയുകയാണ്. പശ്ചിമഘട്ടവുമായി ബന്ധപ്പെട്ട് അന്തിമ വിജ്ഞാപനം ഇറങ്ങുന്നില്ല. ഉടൻ ഇറക്കുമെന്നും കൃഷിയിടങ്ങളെയും ജനവാസകേന്ദ്രങ്ങളെയും ഒഴിവാക്കുമെന്നു പറയുമ്പോഴും ആശ്വാസം കൊള്ളാൻ പ്രഹരം കിട്ടിയ കർഷകനും മലയോര ജനതയ്ക്കും കഴിയുന്നില്ല. വിശപ്പു കൊണ്ടു ചത്തവനെ ചോറിൽ കുഴിച്ചിട്ടിട്ടു കാര്യമൊന്നുമില്ലല്ലോ എന്നു മലയോര ജനത ചോദിക്കാൻ തുടങ്ങിയിരിക്കുന്നു. തീരുമാനങ്ങൾ എടുക്കുന്നതിലല്ല അതു നടപ്പിലാക്കുന്നതിലാണ് ഒരു സർക്കാരിന്റെ വിജയം.

ശേഷം 9-ാം പേജിൽ



## മാതാപിതാക്കൾക്ക് അഭിവന്ദ്യ പിതാവിന്റെ കത്ത്

# ജീവനുണ്ടാകുവാനും അതു സമൃദ്ധമാകുവാനും

സെപ്റ്റംബർ മാസം 24-ാം തീയതി ഞായറാഴ്ച പൊടിമറ്റം ഇടവകയിൽ രണ്ടു കുടുംബത്തിലെ അഞ്ചാമത്തെ കുട്ടികളുടെ മാമ്മോദീസാ നടത്താനിടയായി. ന്യൂക്ലിയർ ഫാമിലികളുടെ ഈ കാലഘട്ടത്തിൽ കുട്ടികൾ ഒന്നും രണ്ടുമൊക്കെ മതി എന്ന് മാതാപിതാക്കൾ ചിന്തിക്കുമ്പോൾ ഇവിടെയിതാ രണ്ടമ്മമാർ അഞ്ചാമത്തെ കുട്ടിക്ക് ജന്മം നല്കിയിരിക്കുന്നു. വർഷങ്ങൾക്കുമുമ്പ് ഇത് വാർത്താപ്രാധാന്യമുള്ള ഒരു കാര്യമല്ലായിരുന്നിരിക്കാം. കാരണം മിക്ക വീടുകളിലും ഏഴു മുതൽ പത്തു കുട്ടികൾ വരെയുണ്ടായിരുന്നു. പക്ഷേ, വളരെ പിരിമുറുക്കങ്ങളും വ്യത്യസ്തമായ സാഹചര്യസമ്മർദ്ധങ്ങളുമുള്ള ഇന്നത്തെ സാമൂഹ്യ അവസ്ഥയിൽ ഇവരുടെ തീരുമാനം അഭിനന്ദനാർഹം തന്നെ.

ഈയടുത്തയിടെ തിരുവനന്തപുരത്ത് സ്ഥിതിചെയ്യുന്ന സെന്റർ ഫോർ ഡെവലപ്മെന്റ് ആന്റ് സ്റ്റഡീസ് (സി.ഡി.എസ്) പുറത്തുവിട്ട കണക്കനുസരിച്ച് 2011 ൽ കേരളത്തിലെ 100 പേരിൽ 23 ശതമാനം മാത്രമാണ് 14 വയസിനു താഴെയുള്ള കുട്ടികൾ. എന്നാലിത് 1991 ൽ മുപ്പതുശതമാനമായിരുന്നു. 1981 ൽ മുപ്പത്തിയഞ്ച് ശതമാനവും. ഈ



പുത്തൻപറമ്പിൽ സന്തോഷും മേരിയും മക്കളായ ജുവൽ, ജോയൽ, ജൊവാന, ജീവന്ന, ജീവന എന്നിവർക്കൊപ്പം.




നെല്ലിക്കത്തെരുവിൻ ബിനുവും ഷാമിനിയും മക്കളായ മരിയ, ജയിംസ്, അൽഫോൻസ, ആൻ, റൂത്ത് എന്നിവർക്കൊപ്പം.

കണക്കനുസരിച്ചാണെങ്കിൽ 2021 ൽ ഇത് ഇരുപത് ശതമാനമായികുറയും.

2011 ൽ കേരളത്തിൽ രേഖപ്പെടുത്തപ്പെട്ട ഡെമോഗ്രഫിയിൽ നെഗറ്റീവായി രേഖപ്പെടുത്തപ്പെട്ടത് രണ്ടു ജില്ലകൾ മാത്രമാണ്. അതാകട്ടെ പത്തനംതിട്ടയും ഇടുക്കിയും. ഈ രണ്ടു ജില്ലകളുടെയും നല്ല ഭാഗം ഉൾപ്പെട്ടിരിക്കുന്നത് നമ്മുടെ രൂപതയിലും. ഇത്തരത്തിൽ മുന്നേറിയാൽ നമ്മുടെ മാനവശേഷി ക്രമാതീതമായി കുറയും എന്നുറപ്പ്. സൃഷ്ടികർമ്മത്തിൽ പങ്കുചേരുകയെന്നത് ദൈവം നല്കിയ സമ്മാനം പത്ത് താലന്തുകൂടി വർദ്ധിപ്പിക്കുകയെന്നതുപോലെ തന്നെയാണ്. അത് നമ്മുടെ ഉത്തരവാദിത്വവും കടമയുമാണ്. ദൈവം തരുന്ന കുഞ്ഞുങ്ങളെ ഇരുകൈയും നീട്ടി സ്വീകരിക്കാൻ നമ്മുടെ മാതാപിതാക്കൾക്കാകണം. സൃഷ്ടി ചൈതന്യത്തോട് ഭവാത്മകമായി പ്രതികരിക്കുന്നവരാകണം നാം.

കുഞ്ഞുങ്ങൾ അധികമുള്ള വീട്ടിൽ ദൈവം യാതൊരു കുറവും വരുത്തുകയില്ല എന്ന് എനിക്ക് ഉറപ്പാണ്. ഉദരഫലങ്ങൾ കർത്താവിന്റെ ദാനമായി സ്വീകരിക്കാൻ നമ്മുടെ മാതാപിതാക്കൾക്കാകട്ടെ. ഉത്തരവാദിത്വം നിറഞ്ഞ മാതൃത്വവും പിതൃത്വവുമാണ് നമ്മുടെ സമ്പത്ത്. നമ്മുടെ രൂപത ജൂബിലിയിലേക്കടുക്കുന്ന ഈ നാളുകളിൽ പുത്തൻ ചൈതന്യത്തോടെ മുന്നേറാൻ നമുക്ക് കഴിയട്ടെ. അതിനായി നിങ്ങളേവരെയും ഞാൻ ആഹ്വാനം ചെയ്യുന്നു.



## മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ നിയുക്ത കൂരിയ ബിഷപ്പ്

കാഞ്ഞിരപ്പള്ളി രൂപതയിലെ നിർമ്മലഗിരി ഇടവകാംഗമായ റവ. ഡോ. സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ നിയുക്ത കൂരിയ മെത്രാനായി തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു. സീറോ മലബാർ ആർക്കി എപ്പിസ്കോപ്പൽ വൈസ്ചാൻസലറായി സേവനം ചെയ്തു വരവെയാണ് പുതിയ നിയമനം.

1992 ഡിസംബർ 30 ന് പൗരോഹിത്യം സ്വീകരിച്ചു. റോമിലെ ഹോളിക്രോസ് യൂണിവേഴ്സിറ്റിയിൽനിന്നു സഭാനിയമത്തിൽ ഡോക്ടറേറ്റ് നേടി. കാഞ്ഞിരപ്പള്ളി രൂപത യുവദീപ്തി ഡയറക്ടർ, ജുഡീഷ്യൽ വികാരി, വിവിധ പള്ളികളിൽ വികാരി, കപ്പാട് ബെനഡിക്ടൈൻ ആശ്രമം, കുന്നോത്ത് ഗുഡ്ഷെപ്പേർഡ് സെമിനാരി, പൊടിമറ്റം നിർമ്മല തിയോളജിക്കൽ കോളജ് എന്നിവിടങ്ങളിൽ അധ്യാപകൻ എന്നീ നിലകളിലെല്ലാം സേവനം ചെയ്തിട്ടുണ്ട്. സീറോ മലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ കോടതിയിലും ശുശ്രൂഷ ചെയ്തു. ഇറ്റാലിയൻ ജർമ്മൻ ഭാഷകളിലും പ്രാവീണ്യമുണ്ട്. സീറോ മലബാർ സഭയിലെ രണ്ടാമത്തെ കൂരിയ മെത്രാനാണ് റവ. ഡോ. സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ.

ദൈവവിളികളുടെ കൃപ നിറഞ്ഞ കുടുംബമാണ് വാണിയപ്പുരയ്ക്കൽ കുടുംബം. നിയുക്തമെത്രാന്റെ ജ്യേഷ്ഠൻ ഫാ. ജോർജ് വാണിയപ്പുരയ്ക്കൽ അമേരിക്കയിൽ സേവനം ചെയ്യുന്നു. നിയുക്തമെത്രാന്റെ പിതാവ് വാണിയപ്പുരയ്ക്കൽ തോമസ്. മാതാവ് പരേതയായ ഏലിയാമ്മ തിരുവാമ്പാടി പുത്തൻപുരയ്ക്കൽ കുടുംബാംഗമാണ്. സീറോ മലബാർ സഭയുടെ കൂരിയ മെത്രാനെന്ന നിലയിൽ മേജർ ആർച്ചുബിഷപ്പിനെ അനുദിന ഭരണകാര്യങ്ങളിൽ സഹായിക്കാനുള്ള നിയോഗം അതീവ സന്തോഷത്തോടെയാണ് ഏറ്റെടുക്കുന്നതെന്ന് മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ പറഞ്ഞു. വൈദികരെ ഏല്പിക്കുന്ന ശുശ്രൂഷകളൊന്നും വീടിനെ ഓർത്തു വീഴ്ച വരുത്തരുതെന്ന തന്റെ മാതാവിന്റെ വാക്കുകൾ എന്നും പ്രചോദനമായിട്ടുണ്ടെന്നും രൂപത മുഴുവന്റെയും പ്രാർത്ഥനയാണ് തന്നെ മുന്നോട്ട് നയിക്കുന്നതെന്ന് കാഞ്ഞിരപ്പള്ളി പഴയപള്ളിയിൽ വച്ച് നല്കിയ സ്വീകരണത്തിൽ അദ്ദേഹം പറഞ്ഞു. നവംബർ മാസം 12-ാം തീയതി കാഞ്ഞിരപ്പള്ളി കത്തീഡ്രൽ പള്ളിയിൽ വച്ചാണ് മെത്രാഭിഷേകം നടക്കുക.



# Editorial
## എഡിറ്റോറിയൽ

# ഞാൻ എവറസ്റ്റിനേക്കാൾ ഉയരത്തിലാണ്

**ഐ**ക്യരാഷ്ട്രസഭയും ലോകാരോഗ്യസംഘടനയും സംയുക്തമായി തയ്യാറാക്കിയ 2016 ലെ കണക്കുകൾ ഇക്കഴിഞ്ഞ മാസമാണ് പ്രസിദ്ധീകരിച്ചത്. ഇതിൽ ഒരു ദശാബ്ദത്തോളം സ്ഥിരമായി കുറഞ്ഞുവന്നിരുന്ന പട്ടിണി വീണ്ടും കൂടുന്നതായി വെളിപ്പെടുത്തുന്നു. ഇന്ന് ലോകത്ത് 81.5 കോടി പട്ടിണിക്കാരുണ്ട്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നടക്കുന്ന സംഘർഷങ്ങൾ, കാലാവസ്ഥാവ്യതിയാനം തുടങ്ങിയവയാണ് ആഗോള പട്ടിണി സൂചിക ഉയരാനുള്ള കാര്യങ്ങളായി ചൂണ്ടിക്കാണിക്കപ്പെടുന്നത്. അതിൽ ഏഷ്യയിൽമാത്രം 52 കോടി ജനങ്ങൾ മുഴുപട്ടിണിയിലാണത്രേ.

ലോകാരോഗ്യസംഘടനയുടെ മറ്റൊരു പ്രധാന വെളിപ്പെടുത്തൽ ലോകത്തിൽ ഏറ്റവും കൂടുതൽ വിഷാദരോഗമുള്ളവർ (Depression) ഇന്ത്യയിലാണെന്നതാണ്. ഭാരതജനസംഖ്യയുടെ 36 ശതമാനം വിഷാദരോഗികളാണത്രെ! അതിൽ 13% യുവജനങ്ങളും! കാരണങ്ങൾ എന്തൊക്കെയായാലും പ്രത്യാഘാതം ഒന്നുമാത്രം ആത്മഹത്യ! അതുകൊണ്ടുതന്നെ ലോകത്തിൽ ഏറ്റവും കൂടുതൽ ആത്മഹത്യ നടക്കുന്ന രാജ്യവും ഇന്ത്യതന്നെ. പ്രതിവർഷം 1,35,000 പേർ.

ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതുവഴി പട്ടിണി കാലക്രമേണ തുടച്ചുനീക്കാമെങ്കിലും വിഷാദരോഗം വഴിയുണ്ടാകുന്ന ദുരവസ്ഥയ്ക്ക് പരിഹാരം കാണേണ്ടിയിരിക്കുന്നു. 'വാട്ട് യങ് ഇന്ത്യ വാണ്ട്സ്' എന്ന പുസ്തകത്തിൽ ചേതൻ ഭഗത് നടത്തുന്ന നിരീക്ഷണവും ഇവിടെ പ്രസക്തമാണ്. "ഇന്ന് ഇന്ത്യയിലെ യുവജനങ്ങൾ അഭിമുഖീകരിക്കുന്ന പ്രധാന വെല്ലുവിളി തങ്ങൾ കൗമാരത്തിലൂടെ കടന്നുപോയപ്പോൾ അനുഭവിച്ച മാനസിക സംഘർഷങ്ങളും പിരിമുറുക്കങ്ങളും അതിൽനിന്നുണ്ടായ മുറിവുകളുമാണ്. ഈ മുറിവുകളോട് ഇന്നിന്റെ യുവജനത നിരന്തരം പോരാടിക്കൊണ്ടിരിക്കുന്നു." രവീന്ദ്രനാഥ ടാഗോറിന്റെ 'വീട്ടിലേക്കുള്ള വരവ്' എന്ന ചെറുകഥയിൽ കൗമാരപ്രായക്കാരനായ ഫാത്തിക്ക് എന്ന കുട്ടിയിലൂടെയാണ് കഥ വളരുന്നത്. അവനെക്കുറിച്ച് മറ്റൊരു കഥാപാത്രം പറയുന്നതിങ്ങനെ 'ഈ ലോകത്ത് പതിനാലു വയസ്സുകാരനായ ഒരു ബാലനെപ്പോലെ ശല്യക്കാരനായി ആരും ഉണ്ടാകാനിടയില്ല. അവൻ കുടുംബത്തിന് ഒരു ഭൂഷണമാണെന്ന് പറയാനാവില്ലാ. കൗമാരത്തിന്റെ അസ്വസ്ഥകളെക്കുറിച്ചുള്ള ഒരു പൊതുകാഴ്ചപ്പാടാണിത്. പല ചോദ്യങ്ങൾക്കും കൃത്യമായ ഉത്തരം കിട്ടാതെ പതറി മുറിവേറ്റ് യുവത്വത്തിലേക്കു നടന്നുകയറുന്ന കൗമാരങ്ങൾ നമുക്കിടയിൽ ആവർത്തിക്കപ്പെടുമ്പോൾ ചേതൻ ഭഗത്തിന്റെ നിരീക്ഷണത്തിന്റെ അടിസ്ഥാനമേറുന്നു.

ഒരുപക്ഷേ വളരെയേറെ ശ്രദ്ധിക്കേണ്ടതും എന്നാൽ വേണ്ടത്ര ശ്രദ്ധിക്കപ്പെടാത്തതുമായ ഒരു മേഖലയാണിത്. കൗമാരത്തിന്റെ വ്യഥകൾ മനസ്സിലാക്കി അവരുടെ ജീവിതത്തിലേക്ക് ക്രിയാത്മകമായ ഇടപെടലുകൾ നടത്താൻ നമുക്ക് സാധിക്കണം. കൗമാരപ്രായത്തിലുള്ള കുട്ടി ഒരു അവധി ദിവസം ശരാശരി 8-9 മണിക്കൂറുകൾ ഇലക്ട്രോണിക് മാധ്യമങ്ങളിൽ ചിലവഴിക്കുന്നുണ്ടത്രേ. ഇത് അവരുടെ പഠനം, സാമൂഹ്യ ശീലങ്ങൾ, ആശയവിനിമയം, ഉറക്കം, വ്യായാമം മുതലായവയെ മാറ്റിമറിച്ചുകൊണ്ടിരിക്കുകയാണ്. ഈ മേഖലകളിൽ ഉണ്ടായ വലിയ ഈ മാറ്റം എങ്ങനെ അഭിമുഖീകരിക്കണമെന്നറിയാതെ ഇന്നിന്റെ കൗമാരവും യുവത്വവും ഉഴറുന്നു. ഇതിന്റെ ബാക്കിപത്രങ്ങളായി സാഹചര്യസമ്മർദ്ദങ്ങളും പുത്തൻ ഭക്ഷണരീതികളുംകൂടി കടന്നുവന്നതോടെ വിഷാദത്തിന്റെ അവസ്ഥയിലേക്ക് നീങ്ങാൻ തുടങ്ങി എന്നതാണ് വാസ്തവം. കുട്ടികളുടെ നൈസർഗിക വാസനകളും നല്ല അഭിനിവേശങ്ങളും പര്യവേഷണങ്ങളും നിരന്തരം പ്രോത്സാഹിപ്പിച്ച് ക്രിയാത്മകത വളർത്തുന്നത് ഇതിനൊരു ബദലാണ്. കാൻസർ രോഗത്തെ അതിജീവിച്ച ഇയാൻ ടൂത്ത് ഹിൽ എന്ന ബ്രിട്ടീഷ് യുവാവ് എവറസ്റ്റ് കീഴടക്കിയത് 2017 ജൂൺ മാസമായിരുന്നു. "സാഹചര്യം എന്തുമാകട്ടെ, എന്തും സാധ്യമാണെന്ന് തെളിയിക്കുകയായിരുന്നു എന്റെ ലക്ഷ്യം" ടൂത്ത് ഹിൽ അസന്നിഗ്ദമായി പ്രഖ്യാപിച്ചു. 2015 ജൂണിലാണ് ഇയാന് അതിമാരക കാൻസറാണെന്ന് കണ്ടുപിടിച്ചത്. നാലുമാസമേ ഇനി ജീവിച്ചിരിക്കൂ എന്നായിരുന്നു ഡോക്ടറുടെ വിലയിരുത്തൽ. വൈദ്യശാസ്ത്രത്തിന്റെ വിധി തിരുത്തിയെഴുതി എവറസ്റ്റിന്റെ നെറുകയിൽനിന്ന് ഇയാൻ ലോകത്തോട് വിളിച്ചുപറഞ്ഞു. "ഞാൻ എവറസ്റ്റിനേക്കാൾ ഉയരത്തിലാണ്" (I am taller than mount Everest) ഊർജ്ജസ്വലമായ ഇത്തരം മുന്നേറ്റങ്ങളാണ് വിഷാദസംസ്കാരത്തിന്റെ ബദൽ.

"ഉണർവില്ലാത്തവർ, ഉണർവുണ്ടാവാൻ ശ്രമിക്കാത്തവർ കേവലം നായ്ക്കളെപ്പോലെ ജീവിക്കുന്നവരാണ്. അവർ വെറുതെ അവിടെയുമിവിടെയുമായി അലയുകയാണ്, ഒരിക്കലും എവിടെയും എത്താതെ" (റഷ്യൻ നാടോടിച്ചൊല്ല്)

## കത്തുകൾ - പ്രതികരണങ്ങൾ



### ദർശകനോട് ഒരു വാക്ക്




വളരെ ഈടുറ്റതും കാലികവുമായ കാര്യങ്ങൾ ചർച്ചചെയ്യുന്നത് നന്നായിരിക്കുന്നു. യുവജനങ്ങളെ ഉദ്ദേശിച്ചുകൊണ്ടുള്ള ലേഖനങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നത് നല്ലതാണ്. പക്ഷേ എനിക്കൊരു അഭിപ്രായം ഉള്ളത് യുവജനങ്ങൾക്കുള്ള ലേഖനങ്ങൾ കൂടിപ്പോകുന്നുണ്ടോ എന്നൊരു സംശയമാണ്. അതുപോലെതന്നെ ഇടവകകളിൽ ഇത്തരം ലേഖനങ്ങൾ വായിപ്പിക്കാൻ കൂടി ഒരു സംവിധാനം ഉണ്ടായിരുന്നെങ്കിൽ നന്നായിരുന്നു. അല്ലെങ്കിൽ ഇന്നത്തെ കുട്ടികൾ ക്ഷമയോടെ ഇതൊക്കെ ഇരുന്ന് വായിക്കുമോ എന്നെനിക്ക് സംശയമുണ്ട്. മറ്റൊരഭിപ്രായം ഉള്ളത് നൂതനകാർഷിക ആഭിമുഖ്യങ്ങൾ എന്നൊരു പംക്തികൂടി തുടങ്ങുന്നത് ഉചിതമായിരിക്കും. ഈ മേഖലയിലെ പുത്തൻ അറിവുകളും മുന്നേറ്റങ്ങളും കൂടി ഉൾപ്പെടുത്തക്കവണ്ണം ഇത് ക്രമീകരിക്കുകയാണെങ്കിൽ നന്നായിരിക്കും.

ജോസ് തോമസ്
ചെരുവിൽ, ചെമ്മലമറ്റം

### അറിയിപ്പ്

ദർശകനിൽ പ്രസിദ്ധീകരിക്കാനുള്ള വാർത്തകൾ, ചിത്രങ്ങൾ, പരസ്യങ്ങൾ എന്നിവ എല്ലാ മാസവും 15-ാം തീയതിക്കു മുമ്പായി ദർശകൻ ഓഫീസിൽ എ ത്തിക്കേണ്ടതാണ്. അല്ലാത്തവ പ്രസിദ്ധീകരിക്കുന്നതല്ല. പ്രസിദ്ധീകരിക്കാൻ തരുന്നവ തിരികെ നൽകുന്നതല്ല.




# 'ഈ സദ്‌വാർത്തയ്ക്ക് ദൈവത്തിന് നന്ദി'

**ഫാ. ടോം ഉഴുന്നാലിൽ മോചിതനായെന്നറിഞ്ഞപ്പോൾ പാപ്പായുടെ പ്രതികരണമായിരുന്നു ഇത്. വത്തിക്കാന്റെയും സലേഷ്യൻ സഭയുടെയും താത്പര്യാർത്ഥമുള്ള ഇടപെടലുകൾക്ക് യെമൻ ഉൾപ്പെടുന്ന ദക്ഷിണ അറേബ്യൻ വികാരിയത്തിന്റെ ബിഷപ് പോൾ ഹിൽഡറാണ് ചുക്കാൻ പിടിച്ചത്. ഇന്ത്യൻ വിദേശകാര്യമന്ത്രാലയത്തിന്റെ ശക്തമായ പിന്തുണയും കൂടിയായപ്പോൾ കാര്യങ്ങൾ എളുപ്പമായി.**

**ചു**റ്റും മരണത്തിന്റെ മണം. ചെറിയ സ്വരങ്ങൾപോലും ഭീകരമാകുന്ന താഴ്‌വാരം. ജീവിതത്തിനും മരണത്തിനുമിടയിലുള്ള നൂൽപ്പാലത്തിൽ 557 ദിവസങ്ങൾ. ഭയപ്പാടുകൾക്കു നടുവിൽ വിശ്വാസത്തിൽ മാത്രം മരണത്തെ മുഖാഭിമുഖം കണ്ട നിമിഷങ്ങൾ. ലോകം മുഴുവൻ പ്രാർത്ഥനയോടെ കാത്തിരുന്ന നാളുകൾ. ഇന്ത്യ, ഇറ്റലി, ഒമാൻ തുടങ്ങിയ രാജ്യങ്ങൾ തങ്ങളുടെ നയചാതുരിയോടുകൂടിയുള്ള ഇടപെടലുകൾ നടത്തി അവസാനം അത് സാധ്യമാക്കി. ലോകം മുഴുവൻ ഭയപ്പാടോടുകൂടി നോക്കിക്കാണുന്ന ആൾക്കൂട്ടങ്ങളെപ്പോലും നിമിഷം കൊണ്ട് കൊന്നുതള്ളുന്ന ഭീകരരുടെ തടവറയിൽ നിന്നും രാമപുരം സ്വദേശിയായ ഫാ. ടോം ഉഴുന്നാലിൽ മോചിതനായി.

### തീവ്രവാദികൾ കൊണ്ടുപോയത്

യെമൻ, തീവ്രവാദികളുടെ നിരന്തരമായുള്ള അക്രമം നടക്കുന്ന ഒരു സ്ഥലമായിരുന്നു എന്ന് ഞങ്ങൾക്ക് അറിയാമായിരുന്നു. എങ്കിലും പതിവുപോലെ അഗതിമന്ദിരവുമായി ബന്ധപ്പെട്ട എല്ലാക്കാര്യങ്ങളും ഭംഗിയായി നിർവ്വഹിച്ചിരുന്നു. ഒട്ടും പ്രതീക്ഷിക്കാത്ത ഒരു സമയത്ത് കുറെപേർ തങ്ങൾ താമസിച്ചിരുന്ന കോൺവെന്റ് ആക്രമിക്കുകയായിരുന്നു. ഞാൻ അപ്പോൾ ചാപ്പലിൽ ആയിരുന്നു. നാലു സിസ്റ്റേഴ്‌സ് ഉൾപ്പെടെ പതിനാറുപേരെ അവർ വെടിവെച്ചു കൊന്നു. വലിയ ഒരു ഭീകരാന്തരീക്ഷം അവർ സൃഷ്ടിച്ചു. ഏതു സമയവും മരണം ഞാൻ പ്രതീക്ഷിച്ചു നിന്നു. ഏതു രാജ്യക്കാരനാണെന്ന് അവർ എന്നോടു ചോദിച്ചു. ഇന്ത്യക്കാരനാണെന്ന് പറഞ്ഞപ്പോൾ അവർ തോക്ക് പിൻവലിച്ചു. പിന്നെ അവർ എങ്ങോട്ടാണ് കൊണ്ടുപോയതെന്ന് യാതൊരറിവും ഇല്ല. ഒരജ്ഞാതകേന്ദ്രത്തിൽ അടച്ചിട്ട് ഒരു മുറിക്കുള്ളിലാണ് എന്നെ പാർപ്പിച്ചിരുന്നത്. പക്ഷേ ഒരിക്കൽ പോലും തന്നെ അവർ ഉപദ്രവിച്ചിരുന്നില്ലെന്ന് ഫാ. ടോം പ്രത്യേകം ഓർക്കുന്നു.

### പ്രാർത്ഥന

കഴിഞ്ഞ പതിനെട്ട് മാസമായി പ്രാർത്ഥന മാത്രമായിരുന്നു ആശ്രയം. തന്നെ കാത്തിരിക്കുന്ന എല്ലാവർക്കും വേണ്ടി ഫാ. ടോമും പ്രാർത്ഥിക്കുകയായിരുന്നു. എന്നെങ്കിലും ഒരു നാൾ മോചിതനാകുമെന്ന് ഉറപ്പായിരുന്നു. ഒരു സങ്കടം എന്നത് കുർബാനയർപ്പിക്കാൻ സാധിച്ചിരുന്നില്ല എന്നതാണ്. എങ്കിലും ഓർമ്മയിൽനിന്ന് എല്ലാ ദിവസവും കൂദാശ വചനങ്ങൾ ചൊല്ലിയിരുന്നു. ഇപ്പോൾ റോമിൽ വന്ന ഉടനെ സെന്റ് പീറ്റേഴ്‌സ് ബസിലിക്കയിൽ വിശുദ്ധ കുർബാനയും അർപ്പിച്ചു. ദൈവത്തിൽ എനിക്ക് ശക്തമായ വിശ്വാസമുണ്ടായിരുന്നു.



*ഫാ. ടോം ഫ്രാൻസിസ് പാപ്പായെ സന്ദർശിച്ചപ്പോൾ.*

### നന്ദി

എന്റെ ഈ മോചനം സാധ്യമാക്കിയ എല്ലാവർക്കും നന്ദി. വിവിധ രാജ്യങ്ങളുടെ ഭരണാധികാരികൾക്കും കേരളസഭക്കു മുഴുവനും പ്രത്യേകം നന്ദി. എനിക്കുവേണ്ടി ത്യാഗമെടുത്ത് പ്രാർത്ഥിച്ചവർക്ക് എന്റെ ഹൃദയം നിറഞ്ഞ നന്ദി.

### ആരോഗ്യം

വളരെ നേരത്തെതന്നെ ഹൈപ്പർ ടെൻഷൻ ഉള്ള ആളാണ്. ഞാനൊരു ഡയബറ്റിക് പേഷ്യന്റാണ്. ഭീകരരുടെ ക്യാമ്പിൽവച്ച് എനിക്ക് ക്ഷീണമുണ്ടായപ്പോൾ മൂന്നുപ്രാവശ്യം അവർ ഡയബറ്റിക്കിനുള്ള ഗുളികതന്നു. ഭീകരർ ഒരിക്കലും തന്നെ ഉപദ്രവിക്കാതിരുന്നതും രക്ഷയായി. ഇതുകൂടാതെ ഈ പതിനെട്ടുമാസത്തിനിടക്ക് രണ്ടു പ്രാവശ്യം പനിവന്നു. അപ്പോൾ അവർ പാരസിറ്റാമോൾ ഗുളികകളും ഒരു പ്രാവശ്യം ഡോക്ടർ വന്ന് പരിശോധിച്ച് ഡയബറ്റിക്കിനുള്ള നൂറോളം ഗുളികൾ പലപ്പോഴായി തന്നു.

### ഹൗ ഓൾഡ് ആർ യൂ

ഭീകരരുടെ ക്യാമ്പിൽ അവർ എന്നോടു ചോദിച്ചു. ഹൗ ഓൾഡ് ആർ യൂ. അൻപത്തിയെട്ട് ആയെന്ന് പറഞ്ഞപ്പോൾ ഒരാൾ പറഞ്ഞു നിങ്ങൾ ഭയക്കേണ്ട എൺപത്തിയഞ്ചുവരെ നിങ്ങൾ ജീവിക്കും. ഇതിനിടക്ക് അവരുടെ ഇടയിൽവച്ച് രണ്ട് ജന്മദിനവും ഞാൻ ആഘോഷിച്ചു. ഓഗസ്റ്റ് മാസം പതിനെട്ടാം തീയതിയായിരുന്നത്. ഇതെന്റെ അറുപതാം വർഷമാണ്.

### സമയം ചെലവഴിച്ചത്

വ്യായാമം ചെയ്യാനും മുറിയിലൂടെ കൂടുതൽ സമയം നടക്കാനും അവർ എന്നോടു പറഞ്ഞു. ഞാൻ കൂടുതൽ സമയം പ്രാർത്ഥനയും ഉറക്കവുമായിരുന്നു. അവിടെയിരുന്ന് എല്ലാവർക്കും വേണ്ടി പ്രാർത്ഥിച്ചു. ലോകം മുഴുവനുംവേണ്ടി. മാർപാപ്പ മുതൽ എനിക്കറിയാവുന്ന എല്ലാവർക്കും വേണ്ടി. പ്രത്യേകിച്ച് മരിച്ചുപോയവർക്കു വേണ്ടിയും ഞാൻ എല്ലാ ദിവസവും ഓർത്ത് പ്രാർത്ഥിച്ചിരുന്നു.

### മോചനം


റോമിൽ സലേഷ്യൻ സഭയുടെ ആസ്ഥാനത്ത് എത്തിയ ശേഷമാണ് തനിക്കുവേണ്ടി നടത്തിയ ശ്രമങ്ങൾ അച്ചൻ അറിയുന്നത്.

***റോമിൽ പഠനം നടത്തുന്ന സിസ്റ്റർ ഷാന്റി പാലമൂട്ടിൽ ദർശകനുവേണ്ടി ടോം അച്ചനുമായി നടത്തിയ അഭിമുഖത്തിൽ നിന്ന്.***

# മുല്ലപ്പെരിയാർ: ഇനിയും തീർന്നിട്ടില്ലാത്ത ചില ആശങ്കകൾ

**മ**ലയാളി സമൂഹം കേട്ട് തഴമ്പിച്ച ഒന്നാണ് മുല്ലപ്പെരിയാർ. 140 വർഷംമുമ്പ് സാങ്കിതേക വിദ്യകളൊന്നും ഇല്ലാത്ത കാലത്ത് പ്രാകൃതമായി നിർമ്മിച്ച ഡാം സുരക്ഷിതമാണോ അല്ലയോ എന്ന ചോദ്യത്തിന് പ്രസക്തിയില്ല. ഏതൊരു ഡാമിന്റെയും ശേഷി കുറയുന്നതിന്റെ അന്താരാഷ്ട്ര മാനദണ്ഡമാണ് ഡ്രൈനേജ് ഗാലറിയും, സ്വീപ്പേജ് ജലത്തിന്റെ അളവും. ഇവ രണ്ടും പരിശോധിച്ചാൽ ഡാം ബലക്ഷയമാണെന്ന് സമ്മതിക്കാതെ വയ്യ.

പിന്നെ എങ്ങനെയാണ് സുപ്രീം കോടതി നിയോഗിച്ച ഉന്നതാധികാര സമിതി ഡാം ബലവത്താണെന്ന് സാക്ഷ്യപ്പെടുത്തിയത്? നിഷ്പക്ഷമല്ലാത്തതും സുതാര്യതയില്ലാത്തതും, അട്ടിമറി നിറഞ്ഞതുമായ പരിശോധനകളാണ് നടത്തിയത്. കേരള സർക്കാർ ഇനിയെങ്കിലും തമിഴ്നാടിന്റെ സ്വാധീനത്തിന് സാധ്യതയില്ലാത്ത വിദേശ ഏജൻസിയുടെ സഹായത്തോടെ മുല്ലപ്പെരിയാർ ഡാം അന്വേഷിച്ചെങ്കിലേ ശരിയായ അവസ്ഥ ലോകത്തിന് മനസിലാകുകയുള്ളു. ഇതുവരെ നടത്തിയ അന്വേഷണങ്ങളും പഠനങ്ങളുമെല്ലാം പുറമെ കാണുന്ന ഭാഗങ്ങളിലാണ് നടത്തിയിട്ടുള്ളത്. ലോകത്ത് ഇതുവരെ പൊട്ടിയിരിക്കുന്ന ഡാമുകളിലധികവും അധോഭാഗത്തിന്റെ ദുർബ്ബലത കൊണ്ട് സംഭവിച്ചിരിക്കുന്നത്. മുല്ലപ്പെരിയാർ ഡാമിന്റെ അധോഭാഗം പൈയൽ ചെയ്ത് നിർമ്മിച്ചവ അല്ലാത്തതിനാൽ പരിശോധന അനിവാര്യമാണ്.



മുല്ലപ്പെരിയാർ കേരളവും തമിഴ്നാടും തമ്മിലുള്ള തർക്കവിഷയമായതിനാൽ കേന്ദ്രസർക്കാർ ഏറ്റെടുക്കുന്നതിന് സാധ്യത വളരെ കുറവാണ്. യഥാർത്ഥത്തിൽ തർക്കത്തിന്റെ ആവശ്യം ഇല്ലാത്ത പ്രശ്നമാണ് മുല്ലപ്പെരിയാർ. കാരണം, കേരളത്തിന്റെ ആവശ്യം സുരക്ഷയും, തമിഴ്നാടിന്റെ ആവശ്യം ജലവുമാണ്. ഒരേ ആവശ്യത്തിനു വേണ്ടി രണ്ടുപേരും തർക്കിക്കുമ്പോഴാണ് ചർച്ച സാധ്യമല്ലാത്തത്. ഇവിടെ തർക്കവിഷയം ഡാമിന്റെ മേലുള്ള അധികാരമാണ്. 140 വർഷമായി നഷ്ടപ്പെട്ട അധികാരം തിരിച്ചുപിടിക്കാനാണ് കേരള സർക്കാർ ശ്രമിക്കുന്നത്. ബ്രിട്ടീഷ് കാലം മുതൽ അനുഭവിച്ചുവന്ന അധികാരം പുതിയ ഡാം പണി കഴിക്കുമ്പോൾ നഷ്ടപ്പെടുമോ എന്നാണ് തമിഴ്നാടു ഭയപ്പെടുന്നത്.

ഫെഡറൽ സംവിധാനം എന്ന നിലയിൽ അന്തർ സംസ്ഥാന പ്രശ്നങ്ങൾ പരിഹരിച്ച രീതി അവലംബിച്ചാൽ മുല്ലപ്പെരിയാർ പ്രശ്നത്തിനും പരിഹാരം കാണാനാകും. കേന്ദ്ര നിയന്ത്രിതപ്രദേശമാക്കി ഇരു സംസ്ഥാനങ്ങൾക്കും തുല്യ പ്രാധിനിത്യം നല്കി, രണ്ടു പേരുടെയും ആവശ്യങ്ങൾക്ക് 100% പ്രാധാന്യം നൽകിക്കൊണ്ടുള്ള പരിഹാരമേ മുല്ലപ്പെരിയാർ വിഷയത്തിലും സാധ്യതയായിട്ടുള്ളൂ. കേരളം കോടതി വിധിക്കുശേഷം പ്രതിരോധത്തിലായതിനാൽ തമിഴ്നാടു വയ്ക്കുന്ന ഡിമാന്റുകളെ അംഗീകരിക്കേണ്ടതായി വരും എന്നതിൽ ആർക്കും സംശയമില്ല. ജലം ആവശ്യമുള്ള തമിഴ്നാടിനെ പ്രതിരോധത്തിൽ നിർത്താനുള്ള ആർജ്ജവത്വം കേരള സർക്കാർ കാണിച്ചുതുടങ്ങിയാൽ പരിഹാരം വേഗത്തിലാകും. അതിനായി ഇനി എത്രനാൾ കാത്തിരിക്കേണ്ടിവരും.

**ഫാ. റോബിൻ പേണ്ടാനത്ത്**

ആരോഗ്യം

# ഞണ്ടുകളുടെ നാട്ടിൽ ഒരിടവേള

**ഡോ. അനിറ്റ് ജോസഫ് കാരയ്ക്കാട്ട്,**
ഗവ. മെഡിക്കൽ കോളേജ്, തിരുവനന്തപുരം




**ഈ** ഓണക്കാലത്തിറങ്ങിയ ഒരു മലയാളസിനിമ. ഞണ്ടുകളുടെ നാട്ടിൽ ഒരിടവേള. ഇന്ന് ഒരു 35 വയസ്സുകഴിഞ്ഞാൽ ഏതൊരു മലയാളി സ്ത്രീയേയും ഭയപ്പെടുത്തുന്ന ക്ഷണിക്കാത്ത അതിഥിയായി ക്യാൻസർ (ഞണ്ട്) സിനിമയിലെ നായകൻ നിവിൻപോളിയുടെ അമ്മയായ ശാന്തി കൃഷ്ണയിലേക്ക് കടന്നുവരുന്നു. ആ വീടിന്റെ എല്ലാമെല്ലാമായ ഈ അമ്മയുടെ ജീവിതത്തെ ഞണ്ട് ഇറുക്കി തുടങ്ങുന്നതോടുകൂടി രോഗ ബാധിതയ്ക്കു മാത്രമല്ല കുടുംബം മുഴുവന്റെയും താളം തെറ്റുന്നു. സിനിമയിൽ വളരെ രസകരമായി ഈ രോഗത്തെ കുടുംബം ഒറ്റക്കെട്ടായി നേരിടുന്നുണ്ട്. സിനിമയിൽ കാണുന്നത്ര രസത്തോടുകൂടി (സാമ്പത്തിക മേഖല സിനിമയിലെ രോഗിക്ക് ഒരു വിഷയമേയല്ല, കാരണം അവർ സമ്പന്നയായ സ്ത്രീയാണ്, മറ്റു പലതും...) യഥാർത്ഥ ജീവിതത്തിൽ ഈ രോഗത്തെ നേരിടാനാവില്ലെങ്കിലും, ഈ രോഗത്തെ നേരിടുന്നതിൽ ഒരു കുടുംബത്തിന്റെ പങ്ക് എത്രമാത്രമാണെന്ന് ഈ സിനിമ വസ്തുനിഷ്ഠമായി അവതരിപ്പിക്കുന്നുണ്ട്.

സ്തനാർബുദം സ്ത്രീകളെ ഏറ്റവും കൂടുതൽ ബാധിക്കുന്ന ക്യാൻസറാണ്. പത്യേകിച്ച് ആർത്തവ വിരാമം വന്നവരിൽ രോഗനിരക്ക് മുൻവർഷങ്ങളിൽ കൂടി വന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു.

**ആഗോളതലത്തിൽ നോക്കിയാൽ പാശ്ചാത്യരാജ്യങ്ങളിൽ നൂറിൽ 12 സ്ത്രീകൾക്കും ഇന്ത്യയിൽ നൂറിൽ 4 സ്ത്രീകൾക്കും സ്തനാർബുദ സാധ്യതയുണ്ട്. പ്രതിവർഷം ലോകമാസകലം 17 ലക്ഷം പുതിയ സ്തനാർബുദങ്ങൾ ഉടലെടുക്കുന്നു. സ്ത്രീകളിലുള്ള അർബുദങ്ങളിൽ 25% സ്തനാർബുദമാണ്.**

70% സ്തനാർബുദവും ആർത്തവവിരാമത്തിനുശേഷമാണ് കാണുന്നത്. ബാക്കിയുള്ള 30% അതിനു മുമ്പും. സ്തനാർബുദം വരാനുള്ള കാരണങ്ങളുടെ പ്രവർത്തനം വളരെ കുട്ടിക്കാലത്തുതന്നെ തുടങ്ങുന്നു. നാല്പത്തഞ്ച് വയസ്സ് കഴിഞ്ഞ സ്ത്രീകളിലാണ് സ്തനാർബുദം കൂടുതൽ കാണുന്നതെങ്കിലും മുപ്പത് വയസ്സ് കഴിയുന്നതോടെ തന്നെ പലരെയും ഈ അസുഖം പിടികൂടുന്നു.

**കാരണങ്ങൾ:-**

1. ശരീരഭാരം കൂടുന്നത്:- അമിത ശരീരഭാരം സ്തനാർബുദവുമായി ബന്ധപ്പെട്ടിരിക്കുന്നു. പ്രായപൂർത്തിയായശേഷം ശരീരഭാരത്തിലുള്ള വർദ്ധന (20 കിലോയോ അതിൽ കൂടുതലോ) രോഗ സാധ്യത ഇരട്ടിയാക്കുന്നു.

2. ആഹാര രീതി:- മധുരവും കൊഴുപ്പുമുള്ള ആഹാരം, ചുവന്ന മാംസം (പശു, പന്നി, ആട്, കാള, പോത്ത് തുടങ്ങിയവ), ഫാസ്റ്റ് ഫുഡ് എന്നിവ അർബുദസാധ്യത കൂട്ടുന്നു.

3. മെയ്യനങ്ങാത്ത ജീവിതശൈലി:-

4. ചില കുടുംബങ്ങളിൽ പാരമ്പര്യമായി സ്തനാർബുദം വരാം.

5. പ്രായം:- പ്രായം കൂടുന്നതനുസരിച്ച് ഇതിന്റെ സാധ്യത കൂടുന്നു. 90 വയസ്സിനു മുകളിൽ 20 % സാധ്യത.

6. പുകവലി:- പുകവലിക്കുന്ന കൗമാരക്കാരികളിലും യുവതികളിലും ആർത്തവവിരാമത്തിനുമുമ്പ് രോഗം വരാനുള്ള സാധ്യത കൂടും.

7. മദ്യപാനം

8. പ്രാദേശിക കാരണങ്ങൾ:- കൂടുതലും പാശ്ചാത്യരാജ്യങ്ങളിൽ കണ്ടുവരുന്നു. മരണനിരക്ക്: പാശ്ചാത്യരാജ്യങ്ങളിൽ നൂറിൽ രണ്ടും, ഇന്ത്യയിൽ ഒന്നുമാണ്.

9. പ്രസവിക്കാത്ത സ്ത്രീകൾക്ക് സ്തനാർബുദ സാധ്യത കൂടുതലാണ്.

**സ്തനാർബുദത്തിന്റെ ലക്ഷണങ്ങൾ**

1) സ്തനത്തിലുണ്ടാകുന്ന മുഴകൾ: വേദനയുള്ളതും ഇല്ലാത്തതുമായ മുഴകൾ ഉണ്ടാകാം.

മാസമുറസമയത്ത് ചില വേദനയോടുകൂടിയ മുഴകൾ സ്തനങ്ങളിൽ രൂപപ്പെടാം, എന്നാൽ അവ ആർത്തവ ശേഷം തനിയെ മാറുകയും ചെയ്യും.

2) സ്തനാകൃതിയിൽ വരുന്ന മാറ്റങ്ങൾ:- സ്തനങ്ങളുടെ വലിപ്പത്തിൽ ചെറിയ വ്യത്യാസം സാധാരണയുണ്ടാവും. എന്നാൽ സ്തനാർബുദ ലക്ഷണങ്ങൾ ശരീരത്തിൽ കാണിച്ച് തുടങ്ങിയാൽ സ്തനത്തിന്റെ ആകൃതിയിൽ കാര്യമായ മാറ്റങ്ങൾ ഉണ്ടാവും.

3) തൊലിപ്പുറത്തുണ്ടാകുന്ന വ്യതിയാനങ്ങൾ:- ചൊറിച്ചിലും ചുവപ്പു നിറവും.

4) മുലഞെട്ട് ഉള്ളിലേക്ക് വലിഞ്ഞിരിക്കുക:- ചില സ്ത്രീകളിൽ ഇത് ചെറുപ്പം മുതലേ ഉള്ളിലേക്ക് വലിഞ്ഞവയായിരിക്കും. അങ്ങനെയുള്ളത് പ്രശ്നമില്ല. എന്നാൽ പെട്ടെന്നുണ്ടാകുന്നവയിൽ സ്തനാർബുദസാധ്യത തള്ളിക്കളയാനാവില്ല.

5) മുലഞെട്ടിൽനിന്നും സ്രവങ്ങൾ വരിക:- നിപ്പിളിൽനിന്ന് ദ്രാവകം പുറപ്പെടുന്നതിന് ക്യാൻസർ മാത്രമല്ല കാരണം. ഹോർമോൺ വ്യത്യാസങ്ങൾ, ഗർഭകാലം, തൈറോയ്ഡ് രോഗങ്ങൾ, ആർത്തവ വിരാമം തുടങ്ങിയ പല കാരണങ്ങൾകൊണ്ടും ഇതുണ്ടാകാം.

6) മുലഞെട്ടിന് ചുറ്റുമുണ്ടാകുന്ന നിറംമാറ്റം/ചൊറിച്ചിൽ

7) മുലഞെട്ടിലുണ്ടാകുന്ന വ്രണങ്ങൾ

8) കക്ഷത്തിലുണ്ടാകുന്ന വീക്കം

കക്ഷത്തിലും കഴുത്തിന്റെ താഴ്ഭാഗത്തും മുഴകൾ കാണപ്പെടുന്നത്.

9) കൈകൾ അകാരണമായി വിങ്ങുക

10. സ്തനങ്ങളിൽ വേദന :- ആർത്തവ ദിനത്തോടനുബന്ധിച്ച് വേദന ഉണ്ടാകാറുണ്ട്. എന്നാൽ സ്തനങ്ങളിൽ സ്ഥിരമായി വേദന അനുഭവപ്പെടുകയും വിട്ടുമാറാത്ത വേദനയായി അത് മാറുകയും ചെയ്യുമ്പോൾ ശ്രദ്ധിക്കുക.

11. നെഞ്ച് വേദന, പുറം വേദന, അമിതമായ ക്ഷീണം.

**രോഗലക്ഷണങ്ങളെ കണ്ടുപിടിക്കാൻ**

ശരീരം രോഗാവസ്ഥയ്ക്കുമുമ്പ് ചില ലക്ഷണങ്ങൾ പ്രകടിപ്പിക്കും. ഇത്തരം ലക്ഷണങ്ങളെ അവഗണിക്കാതെ തുടക്കത്തിലെ കണ്ടുപിടിച്ച് കൃത്യമായ ചികിത്സ നേടിയാൽ സ്തനാർബുദത്തെ തുടക്കത്തിൽതന്നെ പൂർണ്ണമായും ഭേദമാക്കാവുന്നതാണ്. ഈ ലക്ഷണങ്ങൾ സ്വയം സ്തനപരിശോധന നടത്തി കണ്ടുപിടിക്കാനാകും.

ഇരുപതു വയസ്സ് കഴിഞ്ഞ എല്ലാ സ്ത്രീകളും മാസത്തിലൊരിക്കലെങ്കിലും സ്തനപരിശോധന നടത്തേണ്ടതാണ്. ആർത്തവത്തിനു ശേഷം വരുന്ന ആദ്യ ആഴ്ചയിലാണ് ഇതു ചെയ്യേണ്ടത്. പാലൂട്ടുന്നവർ പാൽ കൊടുത്തു കഴിഞ്ഞു വേണം പരിശോധിക്കുവാൻ. ആർത്തവ വിരാമമായവർ മാസത്തിലെ ഒരു നിശ്ചിത ദിവസം ഇത് ചെയ്യണം.

പ്രധാനമായും 2 ഭാഗങ്ങളായിട്ടാണ് പരിശോധന.

1. സ്തന നിരീക്ഷണം
2. സ്തന സ്പർശനം.

കണ്ണാടിയുടെ മുമ്പിൽനിന്ന് സ്തനനിരീക്ഷണം നടത്തണം.

കൈകൾ രണ്ടും അരികിൽ ചേർത്തുവച്ച്, കൈകൾ രണ്ടും മേൽപോട്ട് പൊക്കിപ്പിടിച്ച്, ചരിഞ്ഞ് നിന്ന്, കൈകൾ അരക്കെട്ടിൽ അമർത്തിവച്ചും, മുന്നോട്ട് വളഞ്ഞ് നിന്നും സ്തനങ്ങൾ നിരീക്ഷിക്കേണ്ടതാണ്.

കൈകൾകൊണ്ട് സ്പർശിച്ചറിയുക:- നടുവിലുള്ള മൂന്നു വിരലുകളുടെ ഉൾഭാഗംകൊണ്ടുമാത്രമേ സ്തനങ്ങൾ പരിശോധിക്കാവൂ. ആദ്യം കിടന്നും പിന്നീട് നിന്നും സ്തനനിരീക്ഷണം നടത്തിയപോലെ കൈകൾ പലവിധേന വച്ചും പരിശോധിക്കണം. സ്പർശിക്കുമ്പോൾ ആദ്യം മൃദുവായി, പിന്നീട് കുറച്ചുകൂടി ശക്തി ഉപയോഗിച്ച്, പിന്നെ അതിലും ശക്തിയിൽ അമർത്തി പരിശോധിക്കണം. കക്ഷം മുതൽ സ്തനം മുഴുവനും, മുലക്കണ്ണും പരിശോധിച്ച് മേൽപറഞ്ഞ ലക്ഷണങ്ങളുണ്ടോയെന്ന് നോക്കണം.

ഇത് സ്ഥിരമായി ചെയ്യുന്നത് സ്തനാർബുദം തുടക്കത്തിൽ കണ്ടെത്തുവാൻ സാധിക്കും. സ്തനത്തിൽ എന്തെങ്കിലും തടിപ്പുകളോ മുഴയോ വേദനയോ ഉണ്ടെങ്കിലും, സ്തനങ്ങളിൽനിന്നും ഏതെങ്കിലും വിധത്തിലുള്ള ദ്രാവകം വരികയാണെങ്കിലും ഉടൻതന്നെ ഡോക്ടറെ കണ്ട് പരിശോധനകൾ നടത്തുക തന്നെ വേണം.

**മാമ്മോഗ്രാഫി:-**

ഡോക്ടറുടെ നിർദ്ദേശപ്രകാരം ചെയ്യേണ്ട സ്തനപരിശോധനയാണ് മാമ്മോഗ്രാഫി. 40 വയസ്സിനു മുകളിലുള്ള സ്ത്രീകളാണ് ഈ പരിശോധന നടത്തേണ്ടത്. എന്നാൽ കുടുംബത്തിലാർക്കെങ്കിലും സ്തനാർബുദം വന്നിട്ടുള്ളവർ, വൻ കുടൽ ക്യാൻസർ, അണ്ഡാശയ ക്യാൻസർ തുടങ്ങിയവ വന്നിട്ടുണ്ടെങ്കിൽ 30 നുശേഷം ആദ്യമായി ഗർഭം ധരിച്ച സ്ത്രീകൾ എന്നിങ്ങനെയുള്ളവർ 40 നുമുമ്പേ ഈ പരിശോധന നടത്തുന്നത് നല്ലതാണ്. മുഴകളായി പ്രത്യക്ഷപ്പെടുന്നതിനുമുമ്പുതന്നെ അർബുദം തിരിച്ചറിയാനാവും എന്നതാണ് ഈ പരിശോധനയുടെ ഗുണം. 45 വയസ്സ് കഴിഞ്ഞ സ്ത്രീകൾ എല്ലാ വർഷവും ഈ പരിശോധന നടത്തുന്നത് നല്ലതാണ്.

**പ്രതിരോധമാർഗ്ഗങ്ങൾ:-**

വളരെ നേരത്തേയുള്ള രോഗനിർണയവും ശരിയായ ചികിത്സയും രോഗം ഭേദപ്പെടുത്തുന്നതിൽ നിർണായക പങ്കാണ് വഹിക്കുന്നത്. എന്നാൽ രോഗം വരാതിരിക്കുക എന്നതിലാവണം നമ്മുടെ ശ്രദ്ധ. ഏകദേശം മൂന്നിലൊന്ന് സ്തനാർബുദങ്ങളും പ്രതിരോധിക്കാൻ സാധിക്കും.

1. വ്യായാമം:- ആഴ്ചയിൽ അഞ്ച് ദിവസമെങ്കിലും 30-40 മിനിട്ട് നീണ്ടുനിൽക്കുന്ന ശാരീരിക വ്യായാമം ചെയ്യണം. ഇത് സ്തനാർബുദ സാധ്യത മൂന്ന് ശതമാനത്തോളം കുറയ്ക്കും. കൃത്യമായ ശരീരഭാരം ഉള്ളവർക്കാണ് വ്യായാമം കൊണ്ടുള്ള പ്രയോജനം കൂടുതൽ കിട്ടുന്നത്.

2. ആഹാരരീതി:- നാര് കൂടുതലുള്ള ആഹാരവും തവിടുള്ള ധാന്യം, മത്സ്യവും, ആഹാരത്തിൽ ഉൾപ്പെടുത്തുന്നത് സ്തനാർബുദ സാധ്യത 25% വരെ കുറയ്ക്കും.

3. ആരോഗ്യകരമായ രീതിയിലുള്ള ശരീരഭാരം ആർത്തവവിരാമത്തിന് മുമ്പും പിമ്പും നിലനിർത്തിയാൽ സ്തനാർബുദത്തിനുള്ള സാധ്യത കുറയും.

4. കുഞ്ഞുങ്ങളെ മുലയൂട്ടുന്നതും മുപ്പത് വയസ്സിന് മുമ്പുള്ള ആദ്യ ഗർഭധാരണവും രോഗസാധ്യത കുറയ്ക്കും.

5. നേരത്തേയുള്ള ശസ്ത്രക്രിയ:- പാരമ്പര്യമായി തകരാറുള്ള ബി ആർ സി എ1, ബിആർസിഎ2 എന്നീ ജീനുകളുള്ള സ്ത്രീകൾക്ക് രോഗസാധ്യത വളരെ കൂടുതലാണ്. ഇങ്ങനെയുള്ളവർക്ക് രോഗം വരുന്നതിനുമുമ്പുതന്നെ ശസ്ത്രക്രിയയിലൂടെ സ്തനങ്ങൾ മുറിച്ചുകളയുകയാണ് ഒരു മാർഗം. ഹോളിവുഡ് നടി ആഞ്ജലീന ജോളി ഈ മാർഗ്ഗം സ്വീകരിച്ചത് വാർത്തയായിരുന്നു.

ശരിയായ ആഹാരരീതി, വ്യായാമം, ആരോഗ്യകരമായ ഭാരം; പുകവലി, മദ്യപാനം തുടങ്ങിയ ദുശ്ശീലങ്ങൾ ഇല്ലാതിരിക്കൽ എന്നീ കാര്യങ്ങൾ കൗമാര പ്രായത്തിൽതന്നെ ശ്രദ്ധിച്ചാൽ സ്തനാർബുദം വരാനുള്ള സാധ്യതകൾ 30% കുറയ്ക്കാം.

സ്തനാർബുദത്തിന് ചികിത്സ തേടാൻ പല സ്ത്രീകളും മടിക്കുന്നതിനു പ്രധാന കാരണം സ്തനം നീക്കം ചെയ്യേണ്ടി വരുമോ എന്ന പേടിയാണ്. എന്നാൽ ആരംഭത്തിൽതന്നെ കണ്ടെത്തിയാൽ സ്തനം നീക്കം ചെയ്യേണ്ടി വരില്ല, മുഴ മാത്രം എടുത്തു കളഞ്ഞാൽ മതിയാവും. അതേപോലെ, രോഗം തുടക്കത്തിൽ കണ്ടെത്തിയാൽ ലളിതമായ തോതിൽ, പാർശ്വഫലങ്ങൾ കുറഞ്ഞതും മുടികൊഴിച്ചിൽപോലുള്ള പ്രശ്നങ്ങൾ ഇല്ലാത്തതുമായ കീമോ തെറാപ്പിയും മതിയാവും.

യൗവനം കഴിയുന്നതോടെ സ്ത്രീകൾ സ്തനാർബുദ സാധ്യതയെക്കുറിച്ച് ജാഗരൂകരാവണം. സ്വയം പരിശോധന ശീലമാക്കണം. അസ്വാഭാവികമായി വല്ല മുഴയോ തടിപ്പോ ശ്രദ്ധയിൽ പെട്ടാൽ അടുത്തുള്ള സർജനെ കണ്ട് അത് ക്യാൻസർ അല്ലെന്ന് ഉറപ്പാക്കുക. ആണെന്നു തെളിഞ്ഞാൽ എത്രയും വേഗം ചികിത്സ തേടുക.




**ബിനീഷ് കളപ്പുരയ്ക്കൽ**

## വാർത്ത

**പ**തിനെട്ടുമാസത്തെ തടങ്കലിൽനിന്നും ഫാ. ടോം ഉഴുന്നാലിൽ വിമോചിതനായതായിരുന്നു പോയ മാസത്തെ



പ്രധാന വാർത്താവിഷയം. അത്ഭുതകരമായ ഈ മോചനത്തിനു പിന്നിൽ പലരും പ്രവർത്തിച്ചിട്ടുണ്ട്. ഭാരതസർക്കാരിന്റെ നിരന്തരമായ വാഗ്ദാനങ്ങൾ, നയതന്ത്ര പരിശ്രമങ്ങൾ, വത്തിക്കാന്റെ ഇടപെടലുകൾ ഒടുവിൽ ഒമാൻ സുൽത്താൻ കാബൂസ് ബിൽ സയിദിന്റെ സഹായം ഒക്കെ ഏറെ ശ്രദ്ധേയം. ഇവരെയെല്ലാം ഇതിനായി പ്രേരിപ്പിച്ച, ഉപകരണങ്ങളാക്കിയ സർവശക്തനായ ദൈവത്തിനു നന്ദി.

## വ്യക്തി

പോയ മാസത്തെ വാർത്താതാരം നരേന്ദ്ര മോദി മന്ത്രി സഭയിൽ സ്വതന്ത്ര ചുമതലയുള്ള കേന്ദ്രമന്ത്രിയായി നിയമിതനായ ശ്രീ അൽഫോൻസ് കണ്ണന്താനം തന്നെയായിരുന്നു. നിശ്ചയദാർഢ്യവും കഴിവും ദർശനവുമുള്ള അൽഫോൻസ് കണ്ണന്താനത്തെയോർത്ത് എന്നും അദ്ദേഹത്തിന്റെ നാട്ടുകാരായ മലയാളികൾ അഭിമാനിച്ചിട്ടേയുള്ളു. പ്രത്യേകിച്ചും കോട്ടയം കളക്ടറായും ഡൽഹി ഡവലപ്മെന്റ് അതോറിറ്റി കമ്മീഷണറായും ചെയ്ത സേവനങ്ങൾ ഏറെ പ്രശംസനീയം. മികച്ച സിവിൽ സേർവന്റായിരുന്ന അദ്ദേഹത്തിൽനിന്നും രാജ്യം ഏറെ നന്മകൾ പ്രതീക്ഷിക്കുന്നു. ഈ മന്ത്രിലബ്ധിയുടെ പിന്നിലെ രാഷ്ട്രീയത്തേക്കുറിച്ച് മുൻവിധികൾ ഒന്നുമില്ലാതെ താങ്കൾക്ക് ആശംസകൾ അർപ്പിക്കുന്നു. ഒരു പാർലമെന്ററി ജനാധിപത്യവ്യവസ്ഥയിൽ സർക്കാരിന്റെ എല്ലാ നയങ്ങൾക്കും പ്രവർത്തനങ്ങൾക്കും മന്ത്രിസഭയിലെ ഓരോ അംഗത്തിനും പാർലമെന്റിനോട് അഥവാ നൂറ്റിയിരുപത്തിയാറു കോടി ഭാരത ജനതയോട് ഉത്തരവാദിത്വമുണ്ട്. ബി.ജെ.പി. സർക്കാരിന്റെ ഏതൊരു പ്രവർത്തിയുടെയും ഉത്തരവാദിത്വം ശ്രീ. അൽഫോൻസ് കണ്ണന്താനവും പങ്കുവയ്ക്കുന്നുണ്ട്.

പത്താം ക്ലാസ്സിലെ 240 ൽനിന്നും സിവിൽ സർവ്വീസിന്റെ ഉന്നതിയിലെത്തിയതിന്റെ പിന്നിൽ അങ്ങയുടെ ആറു വർഷത്തെ സെമിനാരി പരിശീലനത്തിന്റെ പങ്ക് അന്വേഷിച്ച് ആഘോഷിക്കുകയാണ് മലയാളം സോഷ്യൽ മീഡിയ. അതെന്തുമാവട്ടെ. അങ്ങൊരു കത്തോലിക്കനായതിലൊന്നും ഞങ്ങൾ അതിയായി അഭിമാനിക്കുന്നില്ല. നയങ്ങളിൽ, വാക്കുകളിൽ, പ്രവർത്തികളിൽ അങ്ങും അങ്ങ് അംഗമായിരിക്കുന്ന മന്ത്രിസഭയും ഒരു നല്ല ഹിന്ദു എങ്കിലും ആയാൽ മതിയായിരുന്നു. ലോകാസമസ്താ സുഖിനോ ഭവന്തു എന്നു പ്രാർത്ഥിക്കുന്ന ഹിന്ദു. ശത്രുവിനെ കൊട്ടാരത്തിൽ വിളിച്ച് വിരുന്നു നൽകിയ ഹിന്ദു. സർവ്വമതത്തെയും സഹിഷ്ണുതയോടെ സ്വീകരിച്ച ഹിന്ദു. അപരനിൽ ഈശ്വരനെ കണ്ട് കൈകൂപ്പുന്ന ഹിന്ദു. പിന്നെ പറ്റുമെങ്കിൽ അഹിംസയുള്ള ഒരു ബുദ്ധനാവുക. നന്നായി പ്രാർത്ഥിക്കുന്ന ഒരു ഇസ്ലാമാവുക. ഒടുവിൽ സാധിക്കുമെങ്കിൽ "നിങ്ങളിൽ വലിയവനാകാനാഗ്രഹിക്കുന്നവൻ എല്ലാവരുടെയും ശുശ്രൂഷകനാകാൻ" പറഞ്ഞ ഗുരുവിന്റെ അനുയായിയായി ഒരു ക്രൈസ്തവനും ആവുക.

## വേർപാട്



മാധ്യമപ്രവർത്തകയും എഴുത്തുകാരിയുമായ ഗൗരി ലങ്കേഷിന്റെ കൊലപാതകം രാജ്യത്തെ നടുക്കി. കാണാമറയത്തുള്ള കൊലയാളികൾക്ക് പിന്നാലെ പ്രത്യേക അന്വേഷണസംഘം നീങ്ങുമ്പോഴും കുറ്റവാളികളുടെ ചിത്രം വ്യക്തമായിട്ടില്ല. പക്ഷേ, ആശയത്തെയും സ്വതന്ത്രാവിഷ്ക്കാരത്തെയും ഇല്ലായ്മ ചെയ്യുന്നവർക്ക് ഒരു മുഖമേയുള്ളൂ. ഫാസിസ്റ്റ് മുഖം. പ്രതിഷേധത്തിന്റെ സ്വരത്തെ കൊന്നുകളയുന്ന രാജ്യത്ത് ജനാധിപത്യമില്ല. ലോക്സഭയിൽ ഒരു പ്രതിപക്ഷനേതാവിനെപ്പോലും അനുവദിക്കാത്ത സർക്കാരാണിപ്പോൾ രാജ്യം ഭരിക്കുന്നത്. പാർട്ടി സമ്മേളനവേദികളിൽ പ്രതിപക്ഷത്തെ കളിയാക്കുന്ന ചേരി വഴക്കിന്റെ സംസ്കാരമാണ് നിലവിലുള്ളത്. പ്രതിപക്ഷമില്ലെങ്കിൽ ജനാധിപത്യവുമില്ലായെന്ന ഹാരോൾഡ് ദെ ലാസ്കിയുടെ നിരീക്ഷണം മറക്കരുത് നാം. കൊല്ലപ്പെട്ട ലങ്കേഷ് ജീവിച്ചിരുന്നതിനേക്കാൾ ശക്തയും വാചാലയുമാണെന്ന് കാലം തെളിയിക്കും.

## അപലപനീയം

രക്താർബുദം ബാധിച്ച് തിരുവനന്തപുരം റീജനൽ ക്യാൻസർ സെന്ററിൽ ചികിത്സ നേടിയ എട്ടുവയസ്സുകാരിക്ക് എച്ച്.ഐ.വി. ബാധയുണ്ടായത് ഏറെ നിർഭാഗ്യകരമായ ഒരു ദുരന്തമാണ്. കീമോ കഴിഞ്ഞ് രോഗം ഭേദമായി സ്കൂളിൽ പോകാൻ കാത്തിരിക്കുന്ന എന്റെ മോളോട് ഞാൻ എന്തു പറയും എന്ന് നെഞ്ചുരുകി ചോദിക്കുന്ന അച്ഛന്റെ വേദനയ്ക്കാര് ഉത്തരം പറയും? ക്യാൻസർ ചികിത്സയിൽ മികച്ച സേവനം നടത്തുന്ന ആർ.സി.സിക്ക് വീഴ്ച പറ്റിയിട്ടില്ല. പക്ഷേ എച്ച്.ഐ.വി. തിരിച്ചറിയാനുള്ള ഏറ്റവും നൂതനമായ ന്യൂക്ലിക് ആസിഡ് ടെസ്റ്റ് ആർ.സി.സിയിൽ നിലവിലില്ല. ഒരു പതിറ്റാണ്ടുമുമ്പുതന്നെ നാറ്റ് ടെസ്റ്റ് നിർബന്ധമാക്കിയ ബ്രിട്ടണിലും അമേരിക്കയിലും രക്തദാനം വഴി ആർക്കും രോഗബാധയുണ്ടായിട്ടില്ല. എത്ര സങ്കീർണ്ണമായാലും ചിലവേറിയതായാലും ഒരു ജീവിതത്തിന്റെ വിലയ്ക്കു മുമ്പിലൊന്നുമല്ലെന്ന് തിരിച്ചറിഞ്ഞ് ഇതുപോലൊരു ദുരന്തം ഇനി ആവർത്തിക്കില്ലായെന്നുറപ്പ് വരുത്തണം.

## സിനിമ

പുതുമുഖ സംവിധായകൻ അൽത്താഫ് സലീമിന്റെ "ഞണ്ടുകളുടെ നാട്ടിൽ ഒരിടവേള" ഓണച്ചിത്രങ്ങളിൽ ഏറെ ശ്രദ്ധേയമായ ഒന്നാണ്. കരയിപ്പിച്ച് ഒരു പരുവമാക്കാവുന്ന ഒരു തീം. പക്ഷേ, അൽത്താഫ് അതിനുപയോഗിച്ച മാധ്യമം കോമഡിയായിരുന്നു. ക്യാൻസർ എന്ന ദുരന്തനായകനെ കോമഡിയുടെ ഭാഷയിൽ അൽത്താഫ് അവതരിപ്പിച്ചിരിക്കുന്നു. യാതൊരുവിധ കൃത്രിമത്വവും ഇല്ലാത്ത വിധത്തിൽ അൽത്താഫ് ഈ സിനിമ ഒരുക്കാൻ ശ്രമിച്ചിരിക്കുന്നു.

## വാചകം

2017 സെപ്റ്റംബർ 7 ന് ഗൗരി ലങ്കേഷ് നടത്തിയ പ്രസംഗത്തിലെ പ്രസക്തഭാഗങ്ങൾ;

"കർണാടകയിൽ വധഭീഷണികളിപ്പോൾ സാധാരണമായിരിക്കുന്നു. കൊല്ലപ്പെട്ട കാൽബുർഗിയും, മരിച്ചുപോയ എന്റെ അച്ഛൻ ലങ്കേഷും നെഹ്റുവിനെയും, ഇന്ദിരാഗാന്ധിയേയും രാജീവ് ഗാന്ധിയേയും വിമർശിച്ചിരുന്നു. പക്ഷേ, ആരും പ്രതിഷേധസ്വരങ്ങളെ ഇല്ലാതാക്കാൻ ശ്രമിച്ചില്ല. പക്ഷേ, ഇന്ന് ഓരോ ആശയങ്ങളുടെ പേരിൽ ആളെക്കൊല്ലുന്ന സംസ്ക്കാരം വളരുന്നു. പബ്ബുകളിൽ, ഹോം സ്റ്റേകളിൽ സംസ്ക്കാരത്തിന്റെ പേരിൽ ആക്രമണം നടത്തുന്നു. ഇടതുപക്ഷക്കാർ, സ്വതന്ത്ര ചിന്തകർ, ദലിതർ വേട്ടയാടപ്പെടുന്നു. യുവനേതാക്കൾ അപ്രത്യക്ഷരാകുന്നു. ഇങ്ങനെ തുടർന്നാൽ അടുത്ത തെരഞ്ഞെടുപ്പിൽ കർണാടകയിൽ കോൺഗ്രസ് തോൽക്കും. ഉത്തർപ്രദേശിലേതുപോലെ, വർഗീയ ജാതീയ ശക്തികളിലൂന്നി ബി.ജെ.പി ഭരണത്തിലെത്തും."

## കണ്ണുനീർ

മ്യാൻമാറിലെ നരനായാട്ടിന്റെ ഇരകളായി പലായനം ചെയ്യുന്ന രോഹൻഗ്യൻ അഭയാർത്ഥികൾ ഈ മാസത്തിന്റെ നൊമ്പരമാണ്. മൂന്നു ലക്ഷത്തോളം അഭയാർത്ഥികൾ അയൽരാജ്യങ്ങളിലേക്ക് പലയാനം ചെയ്തുകഴിഞ്ഞു. അഭയാർത്ഥികളോടുള്ള ഭാരതത്തിന്റെ സമീപനം സർക്കാർ സുപ്രീം കോടതിയിൽ ബോധിപ്പിച്ചുകഴിഞ്ഞു. രാജ്യസുരക്ഷയ്ക്ക് ഭീഷണിയുയർത്തുന്ന ഘടകങ്ങൾ ഈ വിഷയത്തിലുണ്ട്. മ്യാൻമാറിന്റെ ഉപേക്ഷിക്കപ്പെട്ട മക്കൾ ഒരിക്കലും ഇന്ത്യയുടെ ധാർമ്മികബാധ്യതയാകാൻ പാടില്ല. ഐക്യരാഷ്ട്രസഭയുടെ പരിശ്രമഫലമായി മ്യാൻമാറിൽ സമാധാനം പുനസ്ഥാപിക്കപ്പെടുകയാണ് ശാശ്വത പരിഹാരം.

## തിരിച്ചുവരവ്

യുദ്ധഭീഷണിയൊഴിഞ്ഞ ലോകത്തിന്റെ ആകാശത്ത് ഇപ്പോൾ ഭീതിയുടെ കറുത്ത കാക്കകൾ പറക്കുന്നു. ഉത്തര കൊറിയയുടെ ഏകാധിപതിക്കെതിരെ അമേരിക്കൻ പ്രസിഡന്റ് ട്രംപിന്റെ ഭീഷണിയും ഏകാധിപതിയുടെ ആയുധം കൊണ്ടുള്ള മറുപടികളും. ജന്മദിനത്തിൽ ഹൈഡ്രജൻ ബോംബ് പൊട്ടിച്ച് രസിച്ച ഏകാധിപതി ഭൗമോപരിതലത്തിൽ അണുബോംബ് പരീക്ഷിക്കാനൊരുങ്ങുകയാണ് എന്നു വാർത്തകൾ.

## പുസ്തകം

**"What Young India Wants"** -
ചേതൻ ഭഗത്

ചേതൻ ഭഗത്തിന്റെ ആദ്യ നോൺ ഫിക്ഷൻ രചനയാണ് "What Young India Wants''. ലേഖനസമാഹാരമാണിത്. സമൂഹം - രാഷ്ട്രീയം - യുവത്വം എന്നീ മൂന്നു വിഭാഗങ്ങളിലായി സമകാലീന ഇന്ത്യ അഭിമുഖീകരിക്കുന്ന പ്രധാന ചോദ്യങ്ങൾക്കുള്ള ഉത്തരം വളരെ പ്രായോഗികമായി ഭഗത് നൽകുന്നു.

ചേതൻ ഭഗത് ഉത്തരം നല്കുന്ന ചില പ്രധാന ചോദ്യങ്ങൾ ഇവയാണ്. എന്തുകൊണ്ട് നമ്മുടെ വിദ്യാർത്ഥികൾ തുടർച്ചയായി ആത്മഹത്യ ചെയ്യുന്നു. ഭാരതത്തിൽ എന്തുകൊണ്ടാണ് ഇത്രയും അഴിമതി,. എന്തുകൊണ്ട് നമ്മുടെ രാഷ്ട്രീയ പാർട്ടികൾക്ക് ഒന്നിച്ചു പ്രവർത്തിച്ചുകൂടാ. ഇത്തരം വിഷയങ്ങളെക്കുറിച്ചുള്ള വ്യത്യസ്തവും പ്രായോഗികവും ചിന്തോദ്ദീപകവുമായ ലേഖനങ്ങളുടെ സമാഹാരമാണ് "What Young India Wants''.

## സോഷ്യൽമീഡിയ








good food
CATERERS
KANJIRAPALLY | MUNDAKAYAM
email: goodfoodcustomerskply@gmail.com
fssai Lic. No. 11314005001794

Sinu George
Manjananickal
Call: 8281240084
8281240095




**ഡോ. ജോളി വടക്കൻ,**
സെക്രട്ടറി, മീഡിയ
കമ്മീഷൻ, കെ.സി.ബി.സി

**ഉ**ത്തതവിദ്യാഭ്യാസമുള്ള ഒരു കുടുംബത്തിലെ മൂത്തമകൻ സ്വന്തം പിതാവിനെയും മാതാവിനെയും സഹോദരിയേയും ബന്ധുവിനെയും വധിക്കുക. തെളിവു നശിപ്പിക്കാൻ മൃതദേഹങ്ങളെ വികൃതമാക്കി കത്തിച്ചുകളയാൻ ശ്രമിക്കുക. പിടിക്കപ്പെട്ടപ്പോൾ 'ആസ്ട്രൽ പ്രൊജക്ഷൻ' (Astral Projection) എങ്ങനെയാണെന്നറിയാൻ നടത്തിയ ശ്രമമാണെന്ന് ന്യായീകരിക്കുക. സാക്ഷര കേരളത്തിൽ ഈ അടുത്തുണ്ടായ നടുക്കുന്ന സംഭവമായിരുന്നു. ഹൈസ്കൂൾ, വിദ്യാർത്ഥികൾക്കായി നടത്തപ്പെട്ട ഒരു ക്യാമ്പിൽ കുട്ടികളുടെ പ്രധാന ചർച്ചാവിഷയം Conjuring, Insidious എന്ന സിനിമകളെക്കുറിച്ചായിരുന്നു. ഇന്ത്യയിലെ തെക്കേ അറ്റത്ത് കിടക്കുന്ന ഈ കൊച്ചുസംസ്ഥാനത്തിലെ സാധാരണക്കാരായ കുട്ടികളെപ്പോലും സ്വാധീനിക്കുന്ന ഈ ഹോളിവുഡ് സൃഷ്ടികളിലൂടെ കുട്ടികൾ 'ആസ്ട്രൽ പ്രൊജക്ഷൻ' പോലുള്ള കാര്യങ്ങളെക്കുറിച്ച് അറിവുള്ളവരും ജിജ്ഞാസയോടുകൂടി അന്വേഷിക്കുന്നവരായി മാറി.

**മാധ്യമലോകം വിസ്മയലോകം**

വാർത്താവിനിമയരംഗത്തും വിനോദവിജ്ഞാന മേഖലയിലും മാധ്യമങ്ങൾ വഹിക്കുന്ന പങ്ക് വിലമതിക്കാനാവാത്തതാണ്. നവോത്ഥാനത്തിന്റെ ദീപശിഖകളായി കണക്കാക്കപ്പെട്ടിരുന്ന മാധ്യമങ്ങൾ ജനാധിപത്യ സംവിധാനത്തിൽ നാലാം തൂണായിട്ടാണ് (Fourth Estate) പരിഗണിക്കപ്പെട്ടിരുന്നത് (18th c Thomas Carlyn) നിയമരൂപീകരണവ്യവസ്ഥിതിക്കും ന്യായാധിപവ്യവസ്ഥതിക്കും ഭരണനിർവഹണവിഭാഗത്തിനും അതീതമായി മാധ്യമങ്ങളുടെ കടന്നു കയറ്റം നടക്കുന്ന കാലമാണിത്. ജനാധിപത്യ മൂല്യങ്ങളും പൗരാവകാശങ്ങളും പാലിക്കപ്പെടുന്നുണ്ടോ എന്ന് ജനങ്ങളുടെ കണ്ണും കാതുമായി നിന്ന് ജാഗ്രത പുലർത്തേണ്ട മാധ്യമങ്ങൾ 'സെൻസേഷൻ വാർത്ത'കളുടെ പുറകെ പരക്കം പായുമ്പോൾ 'ബ്രെയ്ക്കിംഗ് ന്യൂസു കൾക്കായ് ഗോസിപ്പുകൾ ചമയ്ക്കുമ്പോൾ വിസ്മരിക്കപ്പെടുന്നത് സത്യസന്ധമായ വാർത്തകൾ ലഭിക്കാനുള്ള സാധാരണക്കാരുടെ അവകാശങ്ങളാണ്. മാധ്യമങ്ങളുടെ താളുകളിലും ചാനലുകളുടെ വാർത്താമുറികളിലും ഓരോ നിമിഷവും സത്യം മരിച്ചുകൊണ്ടിരിക്കുകയാണ്. ഫിക്ഷനും ഫാക്ടും തമ്മിലുള്ള വിടവ് തിരിച്ചറിയാനാകാത്തവിധം വാർത്തകൾ മാറുകയും എമാസല വ്യാപകമായി വ്യാവസായികാടിസ്ഥാനത്തിൽ നിർമ്മിക്കപ്പെടുകയും ചെയ്യുമ്പോൾ മാധ്യമങ്ങൾക്ക് ഒരിക്കലും ജനാധിപത്യത്തിന്റെ കാവലാൾ ആകാൻ കഴിയില്ല. റിപ്പോർട്ടേഴ്സ് വിത്തൗട്ട് ഫ്രോണ്ടിയേഴ്സ് (Reporters without Frontiers) എന്ന രാജ്യാന്തരസംഘടന 180 രാജ്യങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ട് നടത്തിയ പഠനങ്ങളിൽ പ്രസ് ഫ്രീഡം റാങ്കിങ്ങിൽ ഇന്ത്യയുടെ സ്ഥാനം 136 ആണ് എന്നറിയുമ്പോൾ ഈ രാജ്യത്തെ മാധ്യമങ്ങൾ ആർക്കുവേണ്ടി നിലകൊള്ളുന്നു എന്ന് ഊഹിക്കാനാകും.

**മാധ്യമങ്ങളുടെ അതിപ്രസരം**

മാധ്യമസാക്ഷരതയിലും മാധ്യമ ഉപയോഗത്തിലും കേരളസമൂഹം ഏറെ മുന്നിലാണെന്നു പറയാതെ വയ്യ. 53 മാധ്യമചാനലുകളാണ് ഇന്ന് കേരളത്തിൽ നിലവിലുള്ളത്. അതിൽതന്നെ ഇരുപത്തഞ്ചോളം ചാനലുകൾ പുതിയതുമാണ്. എണ്ണത്തിന്റെ വർദ്ധനവുമൂലമുണ്ടായ മത്സരത്തിൽ വാർത്തകൾ നിർമ്മിക്കാനായി നെട്ടോട്ടമോടുകയാണ് മാധ്യമപ്രവർത്തകർ. മാധ്യമകെണികളും സൃഷ്ടിക്കപ്പെടുന്ന വാർത്തകളും ഈ സമൂഹത്തിൽ ഉണ്ടാക്കുന്ന കോലാഹലങ്ങൾ ഏവർക്കും അറിവുള്ളതാണ്. ഇന്ന് കേരളത്തിൽമാത്രം 3.10 കോടി മൊബൈൽ വരിക്കാരുണ്ട്. ഇതിൽ 80 ശതമാനവും സോഷ്യൽ നെറ്റുവർക്കുകൾ ഉപയോഗിക്കുന്നവരുമാണ്. ഇത്തരം മാധ്യമങ്ങളിലൂടെ പങ്കുവയ്ക്കപ്പെടുന്ന പലതും സത്യത്തിനു നിരക്കുന്നതോ മൂല്യവ്യാപനത്തിനു സഹായകമോ അല്ല. നവമാധ്യമ ഉപയോഗത്തിന്റെ നല്ലൊരു പങ്കും അനാവശ്യകാര്യങ്ങൾക്കായാണ് വ്യയം ചെയ്യപ്പെടുന്നത്.

**കുരുക്കുകൾ തീർക്കുന്ന സൈബർലോകം**

കേരളത്തിൽ ഈ അടുത്തകാലത്തായി വർധിച്ചുവരുന്ന സൈബർ കുറ്റകൃത്യങ്ങളെക്കുറിച്ച് നാം ഗൗരവമായിത്തന്നെ കാണേണ്ടിയിരിക്കുന്നു. ദിനംപ്രതി പെരുകുന്ന സൈബർകേസുകളിൽ 40 ശതമാനത്തോളം കുട്ടികളുമായി ബന്ധപ്പെട്ടാണെന്നാണ് പോലീസിന്റെ വിലയിരുത്തൽ. സൈബർബുള്ളിയിങ്ങ്, ഓൺലൈൺ ലൈംഗിക ചൂഷണം, സൈബർവയലൻസ്, സൈബർ സെക്സ് തുടങ്ങി വ്യത്യസ്തങ്ങളായ കുറ്റകൃത്യങ്ങളിലേക്ക് കുട്ടികൾ വലിച്ചിഴക്കപ്പെടുന്നുണ്ട്. സൈബർ സുരക്ഷയുമായി ബന്ധപ്പെട്ട അറിവില്ലായ്മയാണ് കുട്ടികൾ ഇരകളാകാനുള്ള പ്രധാന കാരണം. രാജ്യത്തെ ആദ്യ ഡിജിറ്റൽ സംസ്ഥാനമായ കേരളം ഈ മേഖലയിൽ ഏറെ ശ്രദ്ധിക്കേണ്ടതുണ്ട്. ഇന്റർനെറ്റ് കണക്ഷനുള്ള ഫോണുകളുടെ കാര്യത്തിൽ ദേശീയതലത്തിൽ രണ്ടാംസ്ഥാനം കേരളത്തിനുതന്നെയാണ്. കേരളത്തിൽ 100-ൽ 73 പേർക്ക് മോബൈൽ ഫോൺ കണക്ഷനുണ്ട്. സൈബർ ചൂഷണങ്ങൾക്കും ദുരുപയോഗത്തിനും ഇരകളായി കുട്ടികൾ ജീവനൊടുക്കിയ സംഭവങ്ങളും ആസ്ട്രൽ പ്രൊജക്ഷൻപോലുള്ള കാര്യങ്ങളുടെ സ്വാധീനത്തിൽപ്പെട്ട് തങ്ങളുടെ പ്രിയപ്പെട്ടവരെത്തന്നെ വധിച്ച സംഭവങ്ങളും നമ്മുടെ നാട്ടിൽ നടന്നിട്ടുണ്ട്. അതുകൊണ്ടുതന്നെ ഇത്തരം സാഹചര്യങ്ങളെക്കുറിച്ച് കുട്ടികളെ അവബോധമുള്ളവരാക്കി മാറ്റാൻ മാതാപിതാക്കളും അധ്യാപകരും പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്.

**തിന്മയ്ക്കെതിരെയുള്ള പോരാട്ടത്തിൽ അണിചേരേണ്ട മാധ്യമങ്ങൾ**

ഉത്കണ്ഠയുടെ ദൂഷിത വലയത്തെയും മോശമായ വാർത്തകളിൽ നിന്നുണ്ടാവുന്ന ഭയപ്പാടിന്റെ വികാരങ്ങളെയും ഭേദിക്കാൻ നാം സജ്ജമാകണം. നവീനവും ക്രിയാത്മകവുമായ ഒരു വാർത്താശൈലി, തിന്മയെ മഹത്വവത്കരിക്കാതെ അതിനു പരിഹാരം കാണുന്നതിൽ ശ്രദ്ധിക്കുന്ന ക്രിയാത്മകവും ഭാവനാത്മകവും ഉത്തരവാദിത്വപൂർണ്ണവുമായ സമീപനം സ്വീകർത്താക്കളുടെ ഭാഗത്തുനിന്നുണ്ടാകുന്നതിന് അവരെ പ്രചോദിപ്പിക്കുന്ന മാധ്യമസംസ്കാരമാണ് ഇവിടെ വളരേണ്ടത്. വിജ്ഞാന-വിദ്യാഭ്യാസ-വിനോദ ദൗത്യങ്ങൾ നിർവഹിക്കേണ്ട മാധ്യമങ്ങൾ ഇതെല്ലാം മറന്ന് വിപണിയെ കീഴടക്കുന്ന കാഴ്ചയും സർവസാധാരണമായി. ഉപഭോഗം വർധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ മാത്രമുള്ള മാധ്യമങ്ങളുടെ പരക്കംപാച്ചിലിന് നിയന്ത്രണം ആവശ്യമായി വരുന്നു.



*വഞ്ചിമല മിഷൻലീഗ് നടത്തിയ മരിയ മഞ്ഞനാനി അനുസ്മരണ ബൈബിൾ ക്വിസ് മത്സരത്തിൽ വിജയികളായ അഞ്ചിലിപ്പ, ആനിക്കാട്, എലിക്കുളം ടീമംഗങ്ങൾ വികാരി ഫാ. ജോസ് കൂടപ്പുഴ, ഫാ. സൈജു കൊല്ലംപള്ളി എന്നിവരോടൊപ്പം.*

BRAINO
CEILING SYSTEM
ജിപ്സം ബോർഡ്, ചാനൽ, Cornices, പി.ഒ.പി.,
ജിപ്സം ഡിസൈനിംഗ് മുതലായവ
ഉത്തരവാദിത്വത്തോടെ ചെയ്തുകൊടുക്കുന്നു.
26-ാം മൈൽ, കാഞ്ഞിരപ്പള്ളി
Ph: +91 9446189721, +91 9744503150
email: brainocs@gmail.com
ബ്രാഞ്ച്: വെസ്റ്റ് ഗേറ്റ് ബിൽഡിംഗ്, സ്കൂൾ ജംഗ്ഷൻ, കട്ടപ്പന
Ph: +91 9446189721, +91 9562137230

Reji Kizhakkethalackal - 9447090450
Santhosh Mookilikattu - 9447572691
Engagement | Wedding | Birthday | Housewarming | Farewell Party
Manna
CATERERS & EVENT PLANNERS
Near Civil Station, KANJIRAPALLY
e-mail : mannacatereskply@gmail.com

ദൈവാനുഭവം

# മദ്രാസിലെ മോൻ ഉണ്ടായതും മാനസാന്തരപ്പെട്ടതും

ബിനോയ് കാരയ്ക്കാട്ട്

"യേശുക്രിസ്തു ലോകത്തിലേക്ക് വന്നത് പാപികളെ രക്ഷിക്കാനാണ് എന്ന പ്രസ്താവന വിശ്വസനീയവും തികച്ചും സ്വീകാര്യവുമാണ്. പാപികളിൽ ഒന്നാമനാണ് ഞാൻ എങ്കിലും എനിക്ക് കാരുണ്യം ലഭിച്ചു" 1 തിമോ 1:15.

ഇത് റെനി ജോർജ്.

വി. പൗലോസ് ശ്ലീഹാ തിമോത്തിക്കെഴുതിയ ലേഖനത്തിലെ ഈ വാക്യം ഇന്നും സത്യമാണെന്ന് തെളിയിച്ച് തന്ന ഒരാൾ.

1980-ൽ കേരളത്തെ മുഴുവൻ പ്രത്യേകിച്ച് മധ്യതിരുവിതാംകൂറിനെ ഞെട്ടിച്ച ഒരു കൊലപാതകകേസിലെ ഒന്നാം പ്രതി. ഇന്ന് ലോകം മുഴുവൻ ഓടിനടന്ന് പാപികളെ രക്ഷിക്കുന്ന സ്നേഹത്തെ വർണ്ണിക്കുന്ന സുവിശേഷകൻ. ഒപ്പം കുടുംബമായി ജീവകാരുണ്യപ്രവർത്തനങ്ങളിലൂടെ അനേകരുടെ കണ്ണീരൊപ്പുന്ന നല്ലൊരു പിതാവ്.

വിദ്യാഭ്യാസകാലം മുതൽക്ക് തന്നെ മോശം കൂട്ടുകെട്ടും മദ്യപാനവും മയക്കുമരുന്നുപയോഗവും റെനിയെ തെറ്റായ വഴികളിലൂടെ സഞ്ചരിക്കാൻ പ്രേരിപ്പിച്ചിരുന്നു. മദ്യത്തിനും മയക്കുമരുന്നിനും പണം തികയാതെ വരുമ്പോൾ അത് എങ്ങനെ സമ്പാദിക്കാം എന്നുള്ളതായി പിന്നീടുള്ള ചിന്തകൾ. അത്തരം ചിന്തകൾ വഴിവിട്ട ജീവിതത്തിന് കാരണമായി. എന്തിനും കൂടെ നിൽക്കുന്ന കുറെ കൂട്ടുകാരും. വി.ബൈബിളിലെ ധൂർത്തപുത്രന്റെ തനിപ്പകർപ്പ്. കൂട്ടുകാരായ മൗറിഷ്യൻ സ്വദേശികളായ ഗലാം മുഹമ്മദ്, ഗുണശേഖരൻ, കെനിയൻ പൗരനായ കിബ്ലോദാനിയേൽ എന്നിവർ ചേർന്നുള്ള ആലോചനയിൽ ഒടുവിൽ ഒരു തീരുമാനത്തിലെത്തി. കേരളത്തിൽ തിരുവല്ല മീന്തലക്കരയിലുള്ള അങ്കിളിനെയും ആന്റിയേയും വധിക്കുക. റിട്ടയർമെന്റിനുശേഷം വിശ്രമജീവിതം നയിച്ചുവരുന്ന കെ.സി. ജോർജ്, റേച്ചൽ ദമ്പതികൾ റെനി ജോർജിന്റെ അടുത്ത ബന്ധുക്കളും തങ്ങളുടെ വീട്ടിൽ എല്ലാ സ്വാതന്ത്ര്യവും നല്കുന്നവരുമായിരുന്നു. 1980 ഒക്ടോബർ മാസം 6-ാം തീയതി റെനി ജോർജ്ജും കൂട്ടുകാരും ചെന്നൈയിൽനിന്നും തിരുവല്ലായിൽ എത്തി. അന്ന് രാത്രി വളരെ പൈശാചികമായി അവരെ രണ്ടുപേരെയും കൊലപ്പെടുത്തി. തെളിവുകൾ യാതൊന്നും അവശേഷിപ്പിക്കാത്തവിധത്തിൽ അവർ സ്ഥലം വിട്ടു. പിന്നേറ്റ് രാവിലെ വീട്ടിലെ വേലക്കാരി സ്ത്രീ എത്തിയപ്പോഴാണ് സംഭവം പുറംലോകം അറിയുന്നത്. പണവും സ്വർണ്ണവും കവരുന്നതിനുവേണ്ടി ആരോ ചെയ്ത ഹീനകൃത്യം എന്ന് ഏവരും കരുതി.

കേരളാപോലീസിലെ ഉന്നത ഉദ്യോഗസ്ഥനായിരുന്ന സിബി മാത്യൂസ് ഐ.പി.എസ്. അന്വേഷണചുമതല ഏറ്റെടുത്തു. കൊല്ലപ്പെടുന്നതിന് തലേദിവസം വീട്ടിലെ വേലക്കാരി സ്ത്രീയോട് ഇന്ന് 'മദ്രാസിലെ മോനും' കൂട്ടുകാരും വരുന്നുണ്ടെന്ന് പറഞ്ഞ വാക്കുകൾ കേസന്വേഷണത്തിലെ നിർണ്ണായക വഴിത്തിരിവായി. ചോരയിൽ പതിഞ്ഞ് കിടന്നിരുന്ന ഷൂവിന്റെ അടയാളങ്ങളും തെളിവുകളിൽ ഒന്നായി മാറി. ഏതാനും ദിവസങ്ങൾക്കുള്ളിൽ റെനി ജോർജും കൂട്ടുകാരും ചെന്നൈയിൽവച്ച് അറസ്റ്റിലായി. കോടതി ജീവപര്യന്തം തടവിന് ശിക്ഷിച്ചു. ഈ സംഭവത്തെ പ്രമേയമാക്കിക്കൊണ്ട് 1982 ൽ മദ്രാസിലെ മോൻ എന്ന പേരിൽ ഒരു മലയാളസിനിമയും ഇറങ്ങി.

നീണ്ടവർഷങ്ങൾ ജയിലഴികൾക്കുള്ളിലെ ജീവിതം. റെനിയെ കൂടുതൽ പരുക്കനും ക്രൂരനും ആക്കിത്തീർത്ത. പരോളിൽ ഇറങ്ങുമ്പോൾ ചെയ്യേണ്ട അടുത്ത ഓപ്പറേഷനെക്കുറിച്ചായി പിന്നീടുള്ള ചിന്തകൾ. ജയിലിൽവച്ച് പരിചയപ്പെട്ട ഒരു കുറ്റവാളിയുമായി ചേർന്ന് അതിനുള്ള പ്ലാനുകൾ തയ്യാറാക്കി. ഒരു ബാങ്ക് കൊള്ളയടിക്കണം. എന്നിട്ടാ പണവുമായി ഒളിവിൽ പോകണം. സുഖിച്ച് ജീവിക്കണം. ഈ പദ്ധതിയുമായി ഒരിക്കൽ റെനി പരോളിൽ ഇറങ്ങി.

ദൈവത്തിന്റെ വഴികളും പദ്ധതികളും എത്ര വ്യത്യസ്ഥം. നമ്മുടെ ചിന്തകളും ദൈവത്തിന്റെ ചിന്തകളും ആകാശവും ഭൂമിയും പോലെ അകലമുള്ളത്.

റെനി താമസിച്ചിരുന്ന ഹോട്ടൽമുറിയിൽ ഒരാൾ കാണാനെത്തി. ഒരു സ്ഥലം വരെ പോകാൻ ക്ഷണിച്ചു. ഏതെങ്കിലും ബാറിൽ മദ്യപിക്കാൻ കൊണ്ടുപോകുന്നതായിരിക്കും എന്ന് വിചാരിച്ച് റെനി അദ്ദേഹത്തോടൊപ്പം പുറപ്പെട്ടു. ആ വാഹനം ചെന്ന് നിന്നത് ഒരു പ്രാർത്ഥനാകൂട്ടായ്മയുടെ ഓഫീസിന് മുമ്പിലാണ്. അവിടെവച്ച് ജീവിതത്തിലാദ്യമായി റെനി ജോർജ് ദൈവവചനം കേട്ടു.

'യേശു എന്നെ ഇപ്പോഴും സ്നേഹിക്കുന്നു.' റെനിക്ക് പെട്ടന്നതങ്ങോട്ട് ഉൾക്കൊള്ളാനായില്ല. കൊലപാതകിയായ, സകലരാലും വെറുക്കപ്പെട്ട അടുത്ത കുറ്റകൃത്യത്തിനു വേണ്ടി തയ്യാറെടുപ്പ് നടത്തുന്ന തന്നെ യേശു സ്നേഹിക്കുന്നവെന്നോ?



വിദ്യാഭ്യാസകാലം മുതൽക്ക് തന്നെ മോശം കൂട്ടുകെട്ടും മദ്യപാനവും മയക്കുമരുന്നുപയോഗവും റെനിയെ തെറ്റായ വഴികളിലൂടെ സഞ്ചരിക്കാൻ പ്രേരിപ്പിച്ചിരുന്നു. മദ്യത്തിനും മയക്കുമരുന്നിനും പണം തികയാതെ വരുമ്പോൾ അത് എങ്ങനെ സമ്പാദിക്കാം എന്നുള്ളതായി പിന്നീടുള്ള ചിന്തകൾ.

സത്യം അതാണെന്ന് തിരിച്ചറിവുണ്ടായപ്പോൾ കരിങ്കല്ലുപോലുള്ള ഹൃദയം പൊടിഞ്ഞു. കണ്ണുകൾ നിറഞ്ഞൊഴുകി. നാം പാപികളായിരിക്കെ ക്രിസ്തു നമുക്കുവേണ്ടി മരിച്ചു. അങ്ങനെ നമ്മോടുള്ള സ്നേഹം ദൈവം പ്രകടമാക്കിയിരിക്കുന്നു. നമ്മൾ നന്നായിക്കഴിഞ്ഞതിനുശേഷം നമ്മെ സ്നേഹിക്കുന്ന ഒരു ദൈവത്തെയല്ല പിന്നെയോ പാപിയായിരിക്കെ തന്നെ നമ്മേ സ്നേഹിക്കുന്ന ഒരു ദൈവത്തെ റെനി കണ്ടുമുട്ടി.

അതൊരു വഴിത്തിരിവായി. അടുത്ത കുറ്റകൃത്യം ചെയ്യാനുള്ള പ്ലാൻ ഉപേക്ഷിച്ചു. പരോൾ കാലാവധി കഴിഞ്ഞ് ജയിലിലേക്ക് തിരിച്ച് പോയത് ഇങ്ങോട്ട് വന്ന റെനി ആയിട്ടായിരുന്നില്ല. ക്രിസ്തുവിൽ ആയിരിക്കുന്നവൻ പുതിയ സൃഷ്ടിയാണ്. പഴയതു കടന്നുപോയി. ഇതാ പുതിയത് വന്നുകഴിഞ്ഞു.

ജയിലിൽ ഒഴിവുസമയം കിട്ടുമ്പോഴെല്ലാം ആർത്തിയോടെ വേദപുസ്തകം വായിക്കുവാൻ തുടങ്ങി. വായിക്കുന്നതെല്ലാം തനിക്കുവേണ്ടി എഴുതപ്പെട്ടിരിക്കുന്നതുപോലെ അനുഭവപ്പെട്ടു. റെനി ജോർജ് തികച്ചും പുതിയ മനുഷ്യനായിതീർന്നു. മാനസാന്തരത്തിന്റെ വഴികളിലൂടെ മുന്നേറി. ജയിൽ ഉദ്യോഗസ്ഥരോടും മറ്റുള്ളവരോടുമെല്ലാം വളരെ സ്നേഹത്തോടും ആദരവോടും പെരുമാറാൻ തുടങ്ങി. അങ്ങനെയിരിക്കെ ഒരു ദിവസം ഒരു പെൺകുട്ടി ജയിലിൽ റെനിയെ സന്ദർശിക്കുവാൻ എത്തി. ബാംഗ്ലൂര് കാരി ഒരു നഴ്സ്. ടീന എന്നാണവളുടെ പേര്. അവർ തമ്മിൽ പരിചയപ്പെട്ടു. റെനിയുടെ ജീവിതത്തിന് ഒരു പുതിയ ദിശാബോധം കൈവന്നു. തന്നെ ഇപ്പോഴും സ്നേഹിക്കുന്നവരുണ്ടെന്നും ഇനിയും ജീവിതത്തിൽ മുന്നേറുവാനും ഒരു നല്ല ജീവിതം നയിക്കാനും തനിക്കു സാധിക്കുമെന്നും ഒക്കെയുള്ള ചിന്തകൾ അദ്ദേഹത്തെ കൂടുതൽ ഉത്സാഹവാനാക്കി.

അങ്ങനെ 1995 ൽ ശിക്ഷാകാലാവധി പൂർത്തിയാക്കി റെനി ജോർജ് ജയിൽനിന്നിറങ്ങി. സ്വീകരിക്കുവാൻ ടീനയും എത്തിയിരുന്നു.

റെനിയും ടീനയും വിവാഹം കഴിച്ചു. അവർക്ക് ഒരു മകൾ പിറന്നു. അവർ ചേർന്ന് ഒരു സ്ഥാപനം ബംഗളുരുവിൽ ആരംഭിച്ചു. റെനീസ് ചിൽഡ്രൻ എന്ന പേരിൽ തടവിൽ കഴിയുന്നവരുടെ ആരും നോക്കാനില്ലാത്ത മക്കളെ പോറ്റി വളർത്തുന്ന ഒരു പ്രസ്ഥാനം. അനേകം കുഞ്ഞുങ്ങൾക്ക് അവർ ഇന്ന് അപ്പനും അമ്മയും ആയിത്തീർന്നിരിക്കുന്നു. പ്രിസൺ ഫെലോഷിപ്പ് ഓഫ് ഇന്ത്യ (P.F.I.) ബംഗ്ലൂർ ഘടകത്തിന്റെ സ്ഥാപകനും റെനി ജോർജാണ്. എത്ര തകർന്നവർക്കും ഏത് കൊലപാതകികളും എത്ര അധഃപതിച്ച് പോയവർക്കും ഇനിയും പ്രത്യാശയ്ക്ക് വകയുണ്ട് എന്ന് നമ്മേ ബോധ്യപ്പെടുത്തുന്നതാണ് റെനി ജോർജിന്റെ ജീവിതം. അതുകൊണ്ട് നമുക്ക് ആരെയും വിധിക്കാതിരിക്കാം. നാളെ അവർ ആരായിത്തീരും എന്ന് നമുക്കറിയില്ലല്ലോ. മറ്റുള്ളവരെ കുറ്റക്കാരായി വിധിക്കുന്നതിനുമുമ്പ് നിങ്ങളിൽ പാപം ഇല്ലാത്തവൻ ആദ്യം കല്ലെറിയട്ടെ എന്ന ക്രിസ്തുവിന്റെ വാക്കുകൾ നമുക്കോർക്കാം.

റെനി ജോർജ് ഇന്ന് അനേകരാജ്യങ്ങളിൽ സുവിശേഷം പ്രസംഗിക്കുന്നു. തന്റെ ജീവിതത്തിലൂടെ റെനി യേശുവിന്റെ സ്നേഹം മനുഷ്യരുടെ മുമ്പിൽ വെളിപ്പെടുത്തുന്നു. വാസ്തവത്തിൽ സുവിശേഷപ്രഘോഷണം എന്ന് പറയുന്നത് ഉള്ളിലുള്ള ക്രിസ്തുവിന്റെ സ്നേഹം വാക്കുകൾകൊണ്ട് ആവിഷ്കരിക്കാൻ ശ്രമിക്കുന്നതാണല്ലോ. ക്രിസ്തുവിന്റെ സ്നേഹം എല്ലാവരും അറിയുവാൻ ഇടയാവട്ടെ.

## അനുയോജ്യമായ കളർ ചെയ്ത് സന്ദർഭം വ്യക്തമാക്കുക

നിങ്ങളുടെ വിലാസത്തോടൊപ്പം ഫോൺ നമ്പരും ഇടവകയുടെ പേരും ചേർക്കാൻ മറക്കരുതേ.

ദർശകൻ, പി.ബി. നമ്പർ 22, കാഞ്ഞിരപ്പള്ളി – 686 507.

ശരിയുത്തരം അയയ്ക്കുന്നവരിൽ നിന്ന് തെരഞ്ഞെടുക്കപ്പെടുന്നവർക്ക് ആകർഷകമായ സമ്മാനം. മത്സരം 15 വയസിൽ താഴെയുള്ളവർക്ക് മാത്രം.

കഴിഞ്ഞ ലക്കത്തെ വിജയികൾ: 1) മെറീനമോൾ ജെയിംസ് കുറുവൻപ്ലാക്കൽ ഉപ്പുതറ, 2) എയ്ഞ്ചൽ കെ എബ്രഹാം കാട്ടിപ്പീടികയിൽ എരുമേലി, 3) സെബിൻ വർഗ്ഗീസ് പുത്തൻപുരയ്ക്കൽ ഗ്രീൻവാലി.



# ‘കിടു’വായിരിക്കണം; ‘പൊളി’ച്ചടുക്കണം

സീറോ മലബാർ സഭയിലെ പ്രതിഭകളായ കുട്ടികളെ തെരഞ്ഞെടുക്കുന്ന പ്രതിഭാസംഗമം ആദ്യറൗണ്ട് തെരഞ്ഞെടുപ്പ് രൂപതയിൽ നടത്തി. രൂപതയുടെ ഓരോ ഇടവകയിൽനിന്നും മിടുക്കരായ കുട്ടികളാണ് ഇതിൽ മാറ്റുരച്ചത്. കഴിഞ്ഞ കുറേകാലഘട്ടങ്ങളിലായി കുട്ടികളുടെ ജീവിതരീതിയിൽ വന്ന മാറ്റങ്ങളും ഇതിൽ പ്രകടമായിരുന്നു. നമ്മുടെ രൂപതയിലെ പുത്തൻതലമുറയുടെ ജീവിതക്രമങ്ങളും ചിന്തകളും രീതികളും എന്തൊക്കെയാണ് ഇരുപത് പേരോളമുണ്ടായിരുന്ന വിധികർത്താക്കൾ പൊതുവായി പറഞ്ഞ നിരീക്ഷണങ്ങൾ ഉൾപ്പെടുത്തി പുത്തൻ തലമുറയെ ഒരു വിലയിരുത്തൽ.

**ബിനോ പി. ജോസ്**
ചരിത്രവിഭാഗം മേധാവി
സെന്റ് ഡൊമിനിക്സ് കോളജ്

**പു**തിയ സഹസ്രാബ്ദത്തിൽ ജനിച്ചവരാണ് ഇന്നത്തെ കൗമാരക്കാർ. അവരുടെ ലോകവും ശൈലികളും അവരുടെ മാതാപിതാക്കളുടെയും അധ്യാപകരുടെയും ലോകത്തിൽനിന്നു തികച്ചും വ്യത്യസ്തമാണ്. പരിശീലനക്കളരികളിലും ഇടവകകളിലും ക്ലാസുമുറികളിലും ഒക്കെയായി കണ്ടുമുട്ടുന്ന നവകൗമാരത്തെ തൊട്ടുമുമ്പത്തെ തലമുറയുമായി താരതമ്യം ചെയ്യുമ്പോൾ പ്രകടമായ കുറേ സവിശേഷതകൾ കാണാം.

**പെണ്ണുലകം**

* കൗമാരക്കാരുടെ ഒരു ശരാശരി സദസ്സിൽ 80% പെൺകുട്ടികളാണ് കാര്യങ്ങൾക്കു മുമ്പന്തിയിൽ നില്ക്കുന്നത്. സംവദിക്കാൻ, ഉത്തരങ്ങൾ പറയാൻ, പെട്ടെന്ന് ഒരു പ്രവർത്തനത്തിന് മുൻകൈയ്യെടുക്കാൻ, സംശയങ്ങളുയർത്താൻ... നാലു പെൺകുട്ടികൾ മുന്നോട്ടു വരുമ്പോഴാണ് ഒരു ആൺകുട്ടി മുന്നോട്ട് വരുക.
* ‘ലജ്ജ’ അതിന്റെ ലിംഗഭേദം മറന്നിരിക്കുന്നു.
* ഒരു പൊതുനേതാവിനെ തെരഞ്ഞെടുക്കേണ്ടി വരുമ്പോൾ ഏറിയ പങ്കും പെൺകുട്ടികളും ആൺകുട്ടികളെ നിർദ്ദേശിക്കും. എന്നാലും ഒരാൺകുട്ടിയും പെൺകുട്ടികളുടെ നിർദ്ദേശങ്ങൾക്ക് പ്രാധാന്യം കല്പിക്കാതെ പ്രവർത്തിക്കാറില്ല.
* പെൺകുട്ടികൾ തങ്ങളുടെ പെൺനേതാവിനെ തെരഞ്ഞെടുക്കുന്നത് കഴിവും കാര്യക്ഷമതയും മാനദണ്ഡമാക്കിയാണ്. ആൺകുട്ടികൾ തങ്ങളുടെ പ്രതിനിധിയായി നിശ്ചയിക്കുന്നത് കഴിവുള്ളവരേക്കാൾ തമാശക്കാരെയാണ്; അല്ലെങ്കിൽ പെട്ടെന്നുള്ള ഒരാവേശത്തിലാണ്.
* യുക്തിഭദ്രമായും ഗൗരവമായും അഭിപ്രായം പറയുന്നതും സദസ്സിനെ അഭിമുഖീകരിക്കുന്നതും കൂടുതലും പെൺകുട്ടികൾ തന്നെയാണ്. നേതൃത്വം ഏറെയും അവരിലാണെന്ന് ചുരുക്കം.

**അക്ഷരം**

* പത്രം വായിക്കുന്നവരും രാഷ്ട്രീയ സാമൂഹിക കാര്യങ്ങളിൽ താൽപര്യമുള്ളവരും കൗമാരക്കാരിൽ – പ്രത്യേകിച്ച് സുറിയാനി കത്തോലിക്കരിൽ – കുറയുകയാണ്.
* എന്നാൽ ലോകവിശേഷങ്ങളിലെ ട്രോളുകൾക്കും ടിറ്റുകൾക്കും വിഷയമായിത്തീരുന്ന സെൻസേഷണൽ ആയ കാര്യങ്ങൾ പണ്ടത്തേതിലും കുട്ടികളിലെത്തുന്നുണ്ട്. വേറൊരു തരത്തിൽ പറഞ്ഞാൽ ‘ട്രംപത്തരങ്ങൾ’ എല്ലാ കുട്ടികൾക്കും അറിയാം; ‘രോഹിൻഗ്യകൾ’ എന്നു കേട്ടിട്ടുള്ളവർ വളരെ ചുരുക്കമാണ്.
* ഗൗരവമല്ല, ആസ്വാദനസാധ്യതയാണ് ശ്രദ്ധയ്ക്കാധാരം.
* പത്രവും പുസ്തകവുമല്ല സാമൂഹ്യമാധ്യമങ്ങളാണ് കൂടുതൽ വായിക്കപ്പെടുന്നത്.
* പക്ഷേ, വളരെ നന്നായി വായിക്കുന്ന കുട്ടികൾ ധാരാളമുണ്ട്. കൂടുതലും ഇംഗ്ലീഷ് കൃതികളാണ് പുതുതലമുറയ്ക്കിഷ്ടം. ചേതൻഭഗത്തും റോബിൻ ശർമ്മയും മുതൽ ബോബിയച്ചനും ജിബ്രാനും വരെ നമ്മുടെ കുട്ടികളിൽ നല്ല ആസ്വാദകരെ ലഭിക്കുന്നു.

**ഭാഷാചിന്ത**

* ഭാഷ, ചിന്ത തന്നെയാണ്. നവകൗമാരത്തിന്റെ ചിന്തയിലും ഭാഷയിലുമാണ് ഏറ്റവുമധികം മാറ്റങ്ങൾ.
* കടുംപിടുത്തങ്ങളില്ല; പ്രത്യയശാസ്ത്രമില്ലായ്മയുടെ പ്രത്യയശാസ്ത്രമാണ് പൊതുവായുള്ളത്; ബ്രഹദ്കഥനങ്ങൾ ഒന്നുംതന്നെ സ്വീകാര്യവുമല്ല നിഷിദ്ധവുമല്ല...
* ഇംഗ്ലീഷും മലയാളവും കലർന്ന ഭാഷ; ഇംഗ്ലീഷും മലയാളവും അല്ലാത്ത ഭാഷ!
* സംഘിഫലിതവും മാർക്സിയൻ നിരീക്ഷണവും തമ്മിൽ ഭേദം ഏതുമില്ല: എല്ലാത്തിന്റെയും അംശങ്ങൾ ഉൾക്കൊള്ളുന്ന ഒരു വൈരുദ്ധ്യാത്മക മിശ്രിതം!
* കെട്ടിയിട്ട ചുറ്റുപാടിലെ പുല്ലു മുഴുവൻ ആഹരിക്കുന്ന പശുക്കൾ വിരളം; നാട്ടിലെ സകല ചെടിയുടെയും തലപ്പുകൾ കടിച്ചുതിന്നു പായുന്ന ആടുകൾ സുലഭം!
* പക്ഷേ, നിശിതവിമർശനവും കർശന നിരീക്ഷണങ്ങളും മൂർച്ചയുള്ള ചോദ്യങ്ങളും നാവിലുള്ള ചുരുക്കം ചിലർ ഇല്ലാതില്ല.
* സമഗ്രവിശകലനങ്ങളും ഓർമ്മകളുമാണ് ഇല്ലാതായത്; ‘വാട്സപ്പ് ജ്ഞാനി’കൾ സുലഭമാണ്. ‘വേളാങ്കണ്ണിയിൽ മാതാവ് പ്രത്യക്ഷപ്പെട്ട’ വീഡിയോയും, ‘ലോകത്തെ സകല രോഗവും മാറാൻ പല്ലു തേയ്ക്കാതെ വെള്ളം കുടിച്ചാൽ മതി’ എന്ന വിജ്ഞാനവും ‘ലോകത്ത് രണ്ടു പേരുകളുള്ള രാജ്യം നമ്മുടേതു മാത്രം’ എന്ന ഊറ്റവും പങ്കുവയ്ക്കാൻ ഇഷ്ടം പോലെ ആളുകളുണ്ട്.

**മാതാപിതാ ഗുരു**

* നവകൗമാരത്തിന് മാതാപിതാക്കളെ കുറച്ചുകൂടി അടുത്തുനിന്നു കാണാനും മനസ്സിലാക്കാനും കഴിയുന്നുണ്ട്.
* പൊതുവേ പറഞ്ഞാൽ മാതാപിതാക്കളും മക്കളും തമ്മിലുള്ള സൗഹൃദം വളർന്നിട്ടുണ്ട്. ബന്ധങ്ങൾ മുമ്പത്തേതിലും ഹൃദ്യമാണ്. അച്ഛന്മാർ ഗൗരവം കുറഞ്ഞ് സൗഹൃദം വളർത്തിയിരിക്കുന്നു. അമ്മമാർ ത്യാഗം കുറച്ച് ദൈവികത കുറഞ്ഞ് നല്ല ചേച്ചിമാരായിക്കൊണ്ടിരിക്കുകയാണ് നവകൗമാരത്തിന്.
* പക്ഷേ, അവർ തങ്ങൾക്ക് വ്യക്തിസ്വാതന്ത്ര്യവും അഭിപ്രായസ്വാതന്ത്ര്യവും അനുവദിക്കണമെന്ന് കുമാരീകുമാരന്മാർക്കു നിർബന്ധമുണ്ട്.
* മക്കൾ മാതാപിതാക്കളുടെ സ്വപ്നങ്ങൾ ഏറ്റെടുക്കുന്നതിനുപകരം ഒന്നിച്ചു സ്വപ്നം നെയ്യുന്ന രീതിയും വളരുകയാണ്.
* ബന്ധങ്ങളിൽ ആഘോഷങ്ങൾക്കുള്ള പ്രാധാന്യം വർദ്ധിച്ചുവരികയാണ്. പിറന്നാൾ, വാർഷികം, വിജയം, പുതിയ കാർ... ആഘോഷിക്കാൻ എന്തെല്ലാം കാരണങ്ങൾ! ആഘോഷങ്ങളില്ലാതെ എനിക്കെന്തു നിങ്ങൾ!!!
* ഗുരുക്കന്മാരുടെ സ്വാധീനം കുറഞ്ഞു; പക്ഷേ, സൗഹൃദം വളർന്നു. ഭയപ്പാട് ഒട്ടുമേയില്ല. ബഹുമാനമോ? ഹേയ്, സ്നേഹമല്ലേ നല്ലത്!!
* മുതിർന്ന തലമുറയുടെ ‘പണ്ടത്തെ കഷ്ടപ്പാടുകൾ’ വല്ലപ്പോഴും ഒരു വാട്സപ്പ്, ഫേസ്ബുക്ക് കൃതിക്കു വിഷയമാക്കാം; പക്ഷേ അതും പറഞ്ഞ് ഇന്നത്തെ ഞങ്ങളുടെ ജീവിതം തിരുത്താൻ ശ്രമിക്കണ്ട!
* മ്മടെ ചങ്ക്സ് തന്നെയാ മ്മക്ക് ആദ്യം!
* പള്ളിയും പട്ടക്കാരനും: വിമർശനവിധേയമാക്കും അതൊക്കെ. എന്നാലും വിരോധമില്ല, സ്നേഹമാ. പക്ഷേ, അച്ചനാണേലും സിസ്റ്ററാണേലും ‘കിടു’വായിരിക്കണം. കൂട്ടായ്മയാണേലും അനാഥാലയസന്ദർശനമാണേലും ‘പൊളി’ക്കണം. ‘ദാരിദ്ര്യം’ പാടില്ല, പാടില്ല!!

**പഠനം, ജോലി**

* കഷ്ടപ്പെട്ടൊരു പഠനം വേണ്ട; പഠനമൊക്കെ നല്ല ‘ഇതാ’യിരിക്കണം. കാമ്പസ് ‘മാസ്സാ’യിരിക്കണം. കൂട്ടുകാർ ‘മരണമാസ്സായിരി’ക്കണം മിസ്സുമാർ ‘കമ്പനി’യായിരിക്കണം. കാരണം പഠനകാലം ഒരുക്കക്കാലമല്ല; അപ്പന്റെയോ സർക്കാരിന്റെയോ ബാങ്കിന്റെയോ സഹായത്തിലുള്ള ഒരു ആസ്വാദനകാലം കൂടിയാണ്.
* പറ്റുമെങ്കിൽ സ്വിറ്റ്സർലന്റിൽ പഠിക്കണം. ഇല്ലെങ്കിൽ പഠനത്തോടൊപ്പം ജോലി കാനഡയിൽ. ഒത്തില്ലേൽ ബാംഗ്ലൂരിൽ. കുട്ടികൾക്ക് പഠനസാധ്യതയിൽ ആഗോളീകരണം പൂർണ്ണമായിക്കഴിഞ്ഞു.
* “ജോലി കിട്ടുമോ?” ഒരു ജോലി. നാടോടിക്കാറ്റിലെ മോഹൻലാൽ ഇന്നു ജീവിച്ചിരിപ്പില്ല. പക്ഷേ ഗൾഫിനുമപ്പുറം യൂറോപ്പിലോ യുഎസിലോ ചെന്നുപറ്റാനും അവിടെ നേട്ടം കൊയ്യാനും എത്ര കഷ്ടപ്പെടാനും തയ്യാറുതന്നെ.


**ഓർക്കാൻ:**

എഴുതിയതത്രയും ശരാശരി പ്രവണതകളാണ്. രണ്ടറ്റങ്ങളിലും കുറെ ആളുകൾ വേറെയുണ്ട്. വളരെ പണ്ടേയുള്ളവർ; ഇനിയും പിറക്കാനിരിക്കുന്നവർ.

പിന്നെ അച്ഛൻ ജിമിക്കിക്കമ്മൽ കട്ടാലും കുഴപ്പമില്ല; അമ്മ ബ്രാണ്ടിക്കുപ്പി മുഴുവൻ കുടിച്ചാലും കുഴപ്പമില്ല: മൊത്തം തോർത്തു കീറണ താളവും ഓളവും വേണം. അത്രേള്ളൂ!

ഇന്നത്തെ യുവതലമുറ വളരെയേറെ കഴിവുകളുള്ളവരും ബുദ്ധിസാമർത്ഥ്യമുള്ളവരുമാണ്. എന്നാൽ പ്രായോഗികതലത്തിൽ എത്രമാത്രം തങ്ങൾക്ക് സിദ്ധിച്ചുകിട്ടിയ അനുഗ്രഹങ്ങൾ ഫലവത്തായി ഉപയോഗിക്കുന്നുണ്ട് എന്ന ചോദ്യം വളരെ പ്രസക്തമാണ്.

വ്യത്യസ്തമായി ചിന്തിക്കാനും അന്വേഷിച്ചു കണ്ടെത്താനും, പ്രശ്നങ്ങളിൽ മനസ്സ് ഇടറാതെ നിലകൊള്ളാനും കെല്പുള്ളവരാണ് നമ്മുടെ കുട്ടികൾ. എന്നാൽ നമ്മുടെ ആൺകുട്ടികൾ ഇന്ന് പലപ്പോഴും സഭാപരമായ പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നുണ്ടെങ്കിലും അവരുടെ ചുറുചുറുക്കും താല്പര്യവും കുറഞ്ഞ് നിസ്സംഗതയുടെ പുത്തൻലോകം രൂപപ്പെടുന്നതായി രൂപതാതലത്തിലെ പല പ്രോഗ്രാമുകളും കഴിയുമ്പോൾ മനസ്സിലാകുന്നു.




*മുക്കൂട്ടുതറ സെന്റ് തോമസ് ഇടവകയിൽ ലോഗോസ് ബൈബിൾ ക്വിസിൽ പങ്കെടുക്കുന്നവർ. 436 പേരാണ് ബൈബിൾ ക്വിസിൽ പങ്കെടുത്തത്.*

## നല്ലതണ്ണി നസ്രാണി റിസേർച്ച് സെന്ററിൽ ആരാധനക്രമാധിഷ്ഠിതധ്യാനം

നല്ലതണ്ണി നസ്രാണി റിസേർച്ച് സെന്ററിൽ പള്ളിക്കൂദാശാക്കാലത്തെ ആരാധനക്രമാധിഷ്ഠിത ധ്യാനം 2017 നവംബർ 5–ാം തീയതി ഞായറാഴ്ച വൈകിട്ട് 5 മണി മുതൽ ജൂൺ 10–ാം തീയതി വെള്ളിയാഴ്ച രാവിലെ 9 മണി വരെ നടത്തപ്പെടുന്നതാണ്.

സഭയെയും സഭയുടെ യാമപ്രാർത്ഥനകളെയും കൂദാശകളെയും കൂടുതൽ മനസിലാക്കി സഭാത്മകമായ ആത്മീയ ജീവിതം നയിക്കാൻ വിശ്വാസികളെ സഹായിക്കുന്ന ഈ ധ്യാനം കാഞ്ഞിരപ്പള്ളി രൂപതയിലെ ഏതാനും വൈദികരുടെ നേതൃത്വത്തിലാണ് നയിക്കപ്പെടുന്നതാണ്.

20 പേർക്കായി നടത്തപ്പെടുന്ന ഈ ധ്യാനത്തിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ താഴെ കാണുന്ന ഫോൺ നമ്പറിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യുക. ഫാ. ജയിംസ് ചവറപ്പുഴ – 944 7312 444. ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ 944 7367 925

# മാതാപിതാക്കൾക്കിടയിലെ പൊരുത്തക്കേടുകൾ കൗമാരക്കാരെ ബാധിക്കും

**ഡോ. വർഗ്ഗീസ് പുതുശ്ശേരി സി.എം.ഐ.**

**വീ**ട്ടിലുണ്ടാകുന്ന വഴക്കുകൾ 15 കാരനായ മഹേഷിനേയും 13 കാരിയായ ശ്രീവിദ്യയെയും അസ്വസ്ഥരാക്കി. അടിക്കടിക്കുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹാരം കണ്ടെത്താൻ ശ്രമിച്ച് ഇരുവരും മുഷിഞ്ഞിരുന്നു. ഒന്ന് പരിഹരിച്ചുകഴിയുമ്പോഴേക്കും അടുത്ത പ്രശ്നം തുടങ്ങിക്കഴിഞ്ഞിരുന്നു. കുടുംബവഴക്കുമൂലം അവരുടെ പഠനവും താറുമാറായി.

**മഹേഷിന്റെ അനുഭവം**

വീട്ടിൽ സന്തോഷമുണ്ടായിരുന്ന കാലത്തെക്കുറിച്ചു തന്നെ അവർ മറന്നുപോയിരുന്നു. സംഘർഷാവസ്ഥയെക്കുറിച്ചാണ് അവർ ചിന്തിച്ചിരുന്നത്. ബന്ധുക്കളോ കുടുംബസുഹൃത്തുക്കളോ അങ്ങോട്ട് എത്തിനോക്കിയില്ല. അച്ഛനമ്മമാർ തമ്മിലുള്ള തർക്കങ്ങൾ പരിഹരിക്കാൻ രണ്ട് സഹോദരങ്ങളും യത്നിച്ചു. സ്നേഹമോ സഹായമോ അവർക്ക് ആരിൽനിന്നും കിട്ടിയില്ല.

ഓരോ മാസം കടന്നുപോകുമ്പോഴേക്കും സംഗതികൾ വഷളായിക്കൊണ്ടിരുന്നു. എന്നും വൈകിയെത്തിയ അച്ഛൻ ഡ്രോയിംഗ് റൂമിൽ കിടന്നുറങ്ങി. അമ്മയ്ക്ക് എപ്പോഴും കരയാനേ നേരമുണ്ടായിരുന്നുള്ളൂ. ഈ അവസ്ഥയിൽ ആർക്കും ആരെയും ശ്രദ്ധിക്കാൻ കഴിയാതെയായി.

അച്ഛനും അമ്മയും തമ്മിൽ സംസാരിക്കുന്നതുപോലും മഹേഷിന് കാണാൻ കഴിഞ്ഞിരുന്നില്ല. മറ്റുള്ള മാതാപിതാക്കളെപ്പോലെ എന്തുകൊണ്ടാണ് തങ്ങളുടെ മാതാപിതാക്കളും ആകാത്തതെന്നോർത്ത് കുട്ടികൾ വിഷണ്ണരായി. അച്ഛനുമമ്മയും തമാശ പറഞ്ഞ് ചിരിക്കുന്ന ഒരു രംഗം പോലും അവർക്ക് ഓർത്തെടുക്കാൻ കഴിഞ്ഞില്ല.

**ശ്രീവിദ്യയുടെഅനുഭവം**

ശ്രീവിദ്യയുടെമാതാപിതാക്കൾ എപ്പോഴും തമ്മിൽതമ്മിൽ വഴക്കും അടിയുമാണ്. കൗമാരക്കാരിയായ ശ്രീവിദ്യയെ വളർത്തുന്ന കാര്യത്തിലും അവർക്ക് ഭിന്നാഭിപ്രായം ആയിരുന്നു. ഇത് മുതലെടുക്കുന്ന കൗശലക്കാരിയായി ശ്രീവിദ്യ മാറി. ചില കാര്യങ്ങളിൽ അച്ഛൻ കർശനക്കാരനാണ്. മറ്റു ചിലതിൽ അമ്മയും. ഇത് നന്നായി അറിയാവുന്ന ശ്രീവിദ്യ രണ്ടുപേരും പറയുന്നതിൽ തനിക്ക് ഇഷ്ടമുള്ള കാര്യങ്ങളെ മാത്രം സ്വീകരിക്കുകയും അതിൽ ആനന്ദിക്കുകയും ചെയ്തു. അവരുടെ വ്യത്യസ്താഭിപ്രായങ്ങൾക്കു നേരെ വിദഗ്ധമായി അവൾ കണ്ണടയ്ക്കുകയും ചെയ്തു. അങ്ങനെ മാതാപിതാക്കൾക്ക് അവളിൽ ഒരു സ്വാധീനവും ചെലുത്താൻ കഴിഞ്ഞില്ല.



മാതാപിതാക്കൾ തമ്മിൽ ഒരു കാര്യം ചർച്ച ചെയ്ത് അഭിപ്രായഐക്യം ഉണ്ടാക്കിയശേഷമേ അത് മക്കളുടെ മുമ്പിൽ അവതരിപ്പിക്കാവൂ. വസ്ത്രം, ഭക്ഷണം, പെരുമാറ്റം, ബന്ധങ്ങൾ ഇവയിലൊക്കെ മാതാപിതാക്കളുടെ ഒരേ സ്വരത്തിനെ മക്കൾ കാതോർക്കുകയുള്ളൂ.

അച്ഛനമ്മമാർക്ക് സ്വരച്ചേർച്ചയില്ലാത്ത വീട്ടിലെ കുട്ടികൾക്ക് മാനസികവും വൈകാരികവുമായ പ്രശ്നങ്ങളെ അഭിമുഖീകരിക്കേണ്ടി വരുന്നു. മാതാപിതാക്കൾ തമ്മിലുള്ള പ്രശ്നങ്ങൾ വളരെ സാധാരണയായി കാണുന്ന ഒന്നാണ്. പക്ഷേ, അവ പരിഹരിക്കാതെ വരുമ്പോൾ കുട്ടികൾക്ക് വീടിന്റെ അന്തരീക്ഷം രസിക്കാതെ വരുന്നു. അച്ഛനും അമ്മയും തമ്മിലുള്ള ബന്ധം വേർപെട്ടുപോകുമോയെന്ന് അവർ ശങ്കിക്കുകയും പ്രയാസപ്പെടുകയും ചെയ്യുന്നു. പ്രശ്നങ്ങൾ പരിഹരിക്കാൻ കുട്ടികൾ ആവുംവിധം പരിശ്രമിക്കുന്നു. ഈ ശ്രമത്തിനിടെ കുട്ടികളുടെ മനസ്സ് അകാലത്തിൽ പക്വത പ്രാപിക്കാൻ തുടങ്ങുന്നു. അവരുടെ നിഷ്കളങ്കമായ കുട്ടിക്കാലം അവർക്ക് നഷ്ടമാകുകയാണ്. തങ്ങൾക്കാവശ്യമില്ലാത്ത ഒരു ബന്ധത്തിൽ അച്ഛനെയും അമ്മയെയും തുടരാൻ നിർബന്ധിതരാക്കുന്നത് തങ്ങളല്ലേ എന്ന് അവർ സംശയിക്കുന്നു. അവർ അവരുടെ ജന്മത്തെ പഴിക്കാൻ തുടങ്ങുന്നു.

തങ്ങളുടെ ഇത്തരം അവസ്ഥകളിൽ ആൺകുട്ടികളും പെൺകുട്ടികളും വ്യത്യസ്തമായ രീതികളിലാണ് പ്രതികരിക്കുന്നത്. പെൺകുട്ടികൾ അടുത്ത കൂട്ടുകാരികളുമായോ സഹോദരങ്ങളുമായോ ഈ പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ മുതിരാറുണ്ട്. മൗനം ദീക്ഷിക്കുന്ന ആൺകുട്ടികൾ മനസ്സു തളർന്ന് നിസ്സഹായരാകുന്നു. അൽപം സുഖത്തിനുവേണ്ടി അവർ പുകവലി, മദ്യം, ലൈംഗികത തുടങ്ങി പല തെറ്റുകളിലേക്കു വീഴുന്നു.

സമാധാനവും സന്തോഷവുമുള്ള ഒരു വീടന്തരീക്ഷം കാത്തുസൂക്ഷിക്കേണ്ടത് മാതാപിതാക്കളുടെ കടമയാണ്. നമ്മളെ കണ്ടു വേണം നമ്മുടെ മക്കൾ ഭാവിയിൽ നല്ല ബന്ധങ്ങൾ സൃഷ്ടിക്കേണ്ടത്. സ്വരച്ചേർച്ചയില്ലായ്മകൾ പരിഹരിക്കാൻ മാതാപിതാക്കൾ വിദഗ്ധരുടെ സഹായം തേടേണ്ടതാണ്. അങ്ങനെ ചെയ്യുന്ന പക്ഷം കൗമാരക്കാർക്ക് വളരാൻ അനുകൂലമായ അന്തരീക്ഷം സംജാതമാകും.

---

1-ാം പേജിൽ നിന്നു തുടർച്ച...

**പശ്ചിമഘട്ട സംരക്ഷണം**

കർഷകരെയും മലയോര ജനതയെയും മുഴുവൻ കാട്ടുകൊള്ളക്കാരാക്കി, കാടിനെ വെളുപ്പിക്കുന്നവരാക്കി സർക്കാർ വിരാജിക്കുമ്പോൾ ഇവിടെ മരിച്ചുവീഴുന്നതു ഒരു ജനതയാണെന്ന സത്യം സർക്കാരുകൾ മറക്കരുത്. 2013 നവംബർ 13ന് കസ്തൂരിരംഗൻ റിപ്പോർട്ട് നടപ്പിലാക്കുന്നതിനുള്ള കരടുവിജ്ഞാപനം കേന്ദ്രസർക്കാർ പുറപ്പെടുവിച്ചപ്പോൾ ആരംഭിച്ചതാണ് ഈ ദുരിതം. പാവപ്പെട്ട ജനവിഭാഗം താമസിക്കുന്ന മലയോര മേഖലയിൽ ഒരു ആശുപത്രി പോലും പണിയാനോ നീട്ടിയെടുക്കാനോ കഴിയാത്ത അവസ്ഥ. പട്ടയം പോലും കിട്ടിയില്ലെങ്കിൽ ആത്മഹത്യ ചെയ്യേണ്ട കർഷകരുടെ എണ്ണം കൂടുകയാണ്. ഭരിക്കുന്നവരും ജനപ്രതിനിധികളും ജനത്തിന്റെ കണ്ണിൽ പൊടിയിട്ടു മുന്നോട്ടു പോകുമ്പോൾ ആരാണ് ഒരു ആശ്വാസം നൽകാൻ കൂടെ കാണുന്നത്. സമരം നടത്തി തളർന്ന കർഷകരോടൊപ്പം ആരാണ് കൂടെയുണ്ടാകുക. അന്തിമവിജ്ഞാപനം ഇറക്കുമ്പോൾ കൃഷിയിടങ്ങളും ജനവാസകേന്ദ്രവും ഒഴിവാക്കിയില്ലെങ്കിൽ എന്താണ് സംഭവിക്കുന്നത്. ഇപ്പോൾ തന്നെ ഉദ്യോഗസ്ഥർ സമാധാനം തരുന്നില്ല. വീടുകളിൽ കയറി റെയ്ഡ് പോലും നടത്താൻ ശ്രമിക്കും. ഒരു ബാങ്കും ലോൺ തരുന്നില്ല. കുട്ടികളുടെ പഠനം പോലും പാതി വഴിയിലാണ്. വിവാഹം മുടങ്ങുന്ന അവസ്ഥ. ആരുണ്ട് ഇവർക്ക് സമാധാനം നൽകാൻ. ഒരാളുമില്ല. ആർക്കും ഒന്നുമറിയില്ല. പലരും കസ്തൂരിരംഗൻ തുടങ്ങിയ കാലത്തെ പ്രസ്താവന തന്നെ ഇപ്പോഴും പുറത്തുവിട്ടു കൊണ്ടിരിക്കുകയാണ്. യുഡിഎഫ് എൽഡിഎഫിനെയും എൽഡിഎഫ് യുഡിഎഫിനെയും ബിജെപി ഇവരെ രണ്ടു പേരെയും കുറ്റപ്പെടുത്തുന്നതല്ലാതെ ഒരു തീരുമാനവും എടുക്കുന്നില്ല. അന്തിമവിജ്ഞാപനത്തിനുള്ള സാധ്യത ഇപ്പോഴും വിരളമാണ്. കർണാടക, ഗോവ, മഹാരാഷ്ട്ര സർക്കാരുകൾ കസ്തൂരിരംഗൻ ശിപാർശക്കെതിരാണ്. തമിഴ്നാട് തീരുമാനം എടുത്തിട്ടില്ലെങ്കിലും അവരും എതിരാണ്. എന്നാൽ കേന്ദ്രം മുന്നോട്ട് തന്നെ പോകും. ഇതാണ് അപകടം. ആരെയും നോക്കാതെ ഭരണം നടത്തുന്ന ഒരു സർക്കാരിനു ഇതു സാധിക്കും. കള്ളപ്പണം പിടിക്കാൻ നോട്ട് പിൻവലിച്ചവരും ഇന്ധനവില നിശ്ചയിക്കാനുള്ള അധികാരം കമ്പനികളിൽ നിന്നും തിരിച്ചെടുക്കുമെന്നുപറഞ്ഞു അധികാരത്തിൽ വന്നവർക്കും വിലക്കയറ്റം പിടിച്ചു നിർത്താനോ കഴിയാത്ത സർക്കാർ ജനത്തെ മുന്നിൽ കണ്ടല്ല ഭരിക്കുന്നത്. അവർക്ക് ലക്ഷ്യം ഭീമൻകമ്പനികളും മാഫിയകളുമാണെന്ന് സംശയിച്ചാൽ പാവം ജനത്തെ കുറ്റം പറയാൻ കഴിയുമോ?

കേരളമുൾപ്പെടെ ആറ് സംസ്ഥാനങ്ങളിലെ 188 താലൂക്കുകളിലായി 1,64,280 ചതുരശ്ര കിലോമീറ്റർ പ്രദേശത്ത് താപ്തി നദി മുതൽ കന്യാകുമാരി വരെ 1500 കിലോമീറ്റർ നീളത്തിൽ വ്യാപിച്ചുകിടക്കുന്ന പ്രദേശമാണ് പശ്ചിമഘട്ടം. പശ്ചിമഘട്ടം സംരക്ഷിക്കണമെന്ന കാര്യത്തിൽ ആർക്കും തർക്കമില്ല. പക്ഷേ, കർഷകരെ കൊന്നൊടുക്കിക്കൊണ്ടാകരുത് എന്ന ആഗ്രഹം മാത്രമേയുള്ളൂ. ജനവാസ കേന്ദ്രങ്ങളെയും കൃഷിയിടങ്ങളെയും ഒഴിവാക്കി കസ്തൂരിരംഗൻ അന്തിമവിജ്ഞാപനം ഇറക്കണമെന്നുമാത്രമാണ് കേന്ദ്ര സർക്കാരിനോടു സംസ്ഥാന സർക്കാരും ആവശ്യപ്പെട്ടിട്ടുള്ളത്. ഏകദേശം 25 കോടി ജനതയുടെ ജീവിതവും ആവാസകേന്ദ്രവും പശ്ചിമഘട്ടവുമായി ബന്ധപ്പെട്ടുകിടക്കുന്നു. ലോകത്തിലെ 35 സുപ്രധാന ജൈവവൈവിദ്ധ്യ കേന്ദ്രങ്ങളിൽ ഒന്നാണ് എന്ന പ്രത്യേകതയും പശ്ചിമഘട്ടത്തിനുണ്ട്. ഇന്ത്യയിൽ മാത്രം കാണുന്ന നിരവധി ഇനം സസ്യജീവജാലങ്ങളുടെ ആവാസകേന്ദ്രമായ പശ്ചിമഘട്ടം ഒട്ടേറെ നദികളുടെ പ്രഭവസ്ഥാനം കൂടിയാണ്. കർഷകർ ഒരിക്കലും പ്രകൃതിയെ നശിപ്പിക്കില്ലെന്നു സമ്മതിക്കുന്നവരാണ് എല്ലാവരും. പിന്നെ എന്തിനാണ് കർഷകരെ ഇറക്കിവിടണമെന്ന് ചിലർ ആഗ്രഹിക്കുന്നത്. അതിൽ രാഷ്ട്രീയമുണ്ടോ അതോ മറ്റു ചിന്താഗതികളുണ്ടോ എന്ന ആശയം കടന്നു വരുന്നു. പശ്ചിമഘട്ടം സംരക്ഷിക്കപ്പെടണം എന്നതിന് എതിരഭിപ്രായം ഉണ്ടെന്ന് തോന്നുന്നില്ല. എങ്ങനെ സംരക്ഷിക്കണം എന്നതാണ് ഇവിടെ പ്രശ്നം. ലോകപൈതൃകപ്പട്ടികയിൽ സ്ഥാനംപിടിച്ച പശ്ചിമഘട്ട സംരക്ഷണത്തിനായി രണ്ട് റിപ്പോർട്ടുകളാണ് അടുത്തകാലത്ത് പുറത്തുവന്നത്. ഒന്ന്, പശ്ചിമഘട്ട മലനിരകളുടെ സംരക്ഷണത്തെക്കുറിച്ച് നിർദ്ദേശിക്കാൻ കേന്ദ്രസർക്കാർ നിയോഗിച്ച ലോകപ്രശസ്ത പരിസ്ഥിതി ശാസ്ത്രജ്ഞൻ മാധവ് ഗാഡ്ഗിൽ തയ്യാറാക്കിയ റിപ്പോർട്ട്. രണ്ട്, ഗാഡ്ഗിൽ റിപ്പോർട്ടിനെതിരെ ആക്ഷേപങ്ങളുയർന്ന പശ്ചാത്തലത്തിൽ റിപ്പോർട്ട് പഠിച്ച് നിർദ്ദേശങ്ങൾ നൽകാൻ കേന്ദ്രസർക്കാർ നിയമിച്ച ബഹിരാകാശ ശാസ്ത്രജ്ഞൻ കസ്തൂരിരംഗൻ തയ്യാറാക്കിയ റിപ്പോർട്ട്.

പശ്ചിമഘട്ടത്തിന്റെ ജൈവസമ്പന്നത കാത്തുസൂക്ഷിക്കാനും പരിസ്ഥിതിലോല പ്രദേശങ്ങൾക്ക് കോട്ടംവരാതെ വരുംതലമുറയ്ക്ക് കൂടി ഉപകാരപ്രദമാകുംവിധം സംരക്ഷിക്കാനും ഉദ്ദേശിച്ചുള്ള കടുത്ത നിർദ്ദേശങ്ങൾ അടങ്ങിയതായിരുന്നു ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട്. ഗാഡ്ഗിൽ പശ്ചിമഘട്ടം കാണാതെ റിപ്പോർട്ട് എഴുതി. കസ്തൂരിരംഗൻ കുറച്ചു സ്ഥലം കണ്ടു എഴുതി. ഇതാണ് ഇവർ തമ്മിലുള്ള വ്യത്യാസം. കസ്തൂരിരംഗൻ റിപ്പോർട്ട് നടപ്പിലാക്കാൻ കേന്ദ്രസർക്കാർ തീരുമാനിച്ച സാഹചര്യത്തിൽ അതിലെ സുപ്രധാന നിർദ്ദേശങ്ങൾ നാമറിയേണ്ടതുണ്ട്. പശ്ചിമഘട്ട മലനിരകൾ സംരക്ഷിക്കേണ്ടത് ജനങ്ങളോട് പടവെട്ടിയല്ല എന്ന് കസ്തൂരിരംഗൻ റിപ്പോർട്ട് പറയുമ്പോൾ അതിൽ മനുഷ്യത്വം കുറച്ചു കടന്നു വന്നിട്ടുണ്ട്. മലയോര മേഖലയിൽ ജീവിക്കുന്ന പാവപ്പെട്ട കർഷകർക്ക് അറിയാം ഇന്നവർ അനുഭവിക്കുന്ന വേദന. കാട്ടുമൃഗങ്ങൾക്കു ലഭിക്കുന്ന വില പോലും നിയമങ്ങളിൽ കർഷകർക്ക് ലഭിക്കുന്നില്ല. കാട്ടുമൃഗങ്ങൾ കൃഷി നശിപ്പിക്കുകയും മനുഷ്യരെ ആക്രമിക്കുകയും ചെയ്യുമ്പോൾ വനംവകുപ്പ് ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥർ ആരുടെ കൂടെയാണ് നിൽക്കുന്നത്. വനംവകുപ്പിനു വനം സംരക്ഷിക്കണം എന്ന കടമയുണ്ട്. എന്നാൽ കർഷകരെ ഇല്ലായ്മ ചെയ്തു കൊണ്ടു മാത്രം ഇവർക്കു ഇവിടെ വനം സംരക്ഷിക്കാൻ കഴിയുമോ? ഏതെങ്കിലും കാട്ടുകള്ളന്മാർ പുറത്തു നിന്നു വന്നു വനം നശിപ്പിക്കുന്നുണ്ടെങ്കിൽ കുറ്റം കർഷകരുടെ തലയിൽ കെട്ടിവയ്ക്കരുത്. വനവൽക്കരണത്തിനു ഉദ്യോഗസ്ഥർ വെട്ടിക്കുന്ന പണത്തെക്കുറിച്ച് ആരെങ്കിലും അന്വേഷിക്കുന്നുണ്ടോ? ഇവരെല്ലാം കർഷകരെ കാട്ടുകള്ളൻമാരാക്കി മാറ്റാൻ ശ്രമിക്കുകയാണ്. ഇടുക്കിയിൽ ഇനി മെഡിക്കൽ കോളജ് വരുമോ എന്ന ചോദ്യം കസ്തൂരിരംഗന്റെ വെളിച്ചത്തിൽ ചോദിക്കാവുന്നതാണ്. ഇടുക്കി ജില്ലയിലെ ജില്ലാ ആശുപത്രി വികസിപ്പിക്കാനും അതൊടൊപ്പം മെഡിക്കൽ കോളജ് വികസനവുമായിരുന്നു സർക്കാരിന്റെ ലക്ഷ്യം. ഇനി ഉദ്യോഗസ്ഥരെല്ലാം പശ്ചിമഘട്ട സംരക്ഷണം പറഞ്ഞു മുടക്കുമോ എന്ന ആശങ്ക ചെറുതല്ല. കരട് വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിലാണ് ദേവികുളം താലൂക്കിൽ നിർമാണപ്രവർത്തനം തടഞ്ഞത്. ദേശീയ ഹരിത ട്രൈബ്യൂണലാണ് വിലക്ക് ഏർപ്പെടുത്തിയത്. ഇതിന്റെ അടിസ്ഥാനത്തിൽ മൂന്നാറിലെ 330 കെട്ടിടങ്ങളുടെ നിർമാണം അനധികൃതമാണെന്നു കണ്ടെത്തി. ചുരുക്കം പറഞ്ഞാൽ ഒരു കാര്യവും നടക്കാൻ അനുവദിക്കില്ല. ഉദ്യോഗസ്ഥർ, ഇല്ലാത്ത നിയമത്തിന്റെ പേരിൽ ആളുകളിക്കും. കർഷകർ ആത്മഹത്യ ചെയ്യേണ്ടി വരും. ഇനി ഭരിക്കുന്ന സർക്കാരുകൾ പട്ടയം കൊടുത്തില്ലെങ്കിൽ കാലങ്ങളായി വിയർപ്പൊഴുക്കിയ മണ്ണിൽ കർഷകർ പിടഞ്ഞു മരിക്കേണ്ടിവരും. മരിച്ചു വീഴുമ്പോഴും പരിസ്ഥിതിക്ക് കോട്ടം വരാതെ ഉദ്യോഗസ്ഥർ നോക്കും.

# പഠിച്ചൊരുങ്ങാം ബാങ്ക് ജോലിക്കായി

**വർദ്ധിച്ചുവരുന്ന തൊഴിൽ അവസരങ്ങളും ഭേദപ്പെട്ട ശമ്പളവും ആനുകൂല്യങ്ങളും ക്ലിപ്തമായ ജോലി സമയവും ബാങ്കിങ് മേഖല ഇപ്പോൾ തൊഴിൽ അന്വേഷകർക്ക് കൂടുതൽ ആകർഷകമാക്കുന്നു. ബാങ്ക് ടെസ്റ്റും തുടർന്നുള്ള ഇന്റർവ്യൂവും പാസാകാൻ ചിട്ടയായ പരിശീലനം പ്ലസ്ടു, ഡിഗ്രി പഠനത്തോടൊപ്പം നേരത്തെ തുടങ്ങണം**

പ്രഫ. ചാർലി കട്ടക്കയം
(ദേവഗിരി കോളജ്, ഫോൺ: 9447 315674)



എല്ലാവർക്കും ആധാർ കാർഡും ബാങ്ക് പാസബുക്കും നിർബന്ധമാക്കുന്ന കാലം അതിവിദൂരമല്ല. 128 കോടി ജനങ്ങൾ വസിക്കുന്ന ഇന്ത്യയിൽ എല്ലാവർക്കും ഒന്നോ അതിലധികമോ ബാങ്ക് അക്കൗണ്ടുകൾ ആകുന്ന പക്ഷം ബാങ്കിങ് മേഖല ഇനിയും വളരും എന്നുതന്നെ പ്രതീക്ഷിക്കണം. ബാങ്കിങ് മേഖലയിൽ നിന്നു റിട്ടയർ ചെയ്യുന്നവരുടെ എണ്ണം പൊതുവെ കൂടുതലുള്ള കാലഘട്ടം കൂടിയാണിത്. കംപ്യൂട്ടറുകളുടെ വ്യാപനത്തോടെ ഇടയ്ക്ക് കുറഞ്ഞ് നിന്ന റിക്രൂട്ട്മെന്റ് ഇപ്പോൾ വീണ്ടും സജീവമായി. മൂന്ന് നാല് വർഷം കൂടി ഈ സ്ഥിതി തുടരാം. ഇതുകൊണ്ടുതന്നെ യുവജങ്ങൾക്ക് പ്രതീക്ഷയർപ്പിക്കാവുന്ന ഒരു തൊഴിൽ മേഖലയാണ് ഇപ്പോൾ ബാങ്കിങ്. ക്ലാർക്ക്, ഓഫീസർ, സ്പെഷ്യലിസ്റ്റ് ഓഫീസർ എന്നിവയാണ് ബാങ്ക് നിയമനം നൽകുന്ന പ്രധാന തസ്തികകൾ.

പ്ലസ്ടുവായിരുന്നു അടുത്തകാലം വരെയും ക്ലാർക്ക് നിയമനത്തിനുള്ള അടിസ്ഥാന യോഗ്യത. എന്നാൽ മിക്കവാറും ബാങ്കുകളിൽ ഇന്നത് ബിരുദമായിട്ടുണ്ട്. ഏതു വിഷയങ്ങളിലെ ബിരുദക്കാർക്കും ക്ലാർക്ക്, ഓഫീസർ, പ്രൊബേഷണറി ഓഫീസർ എന്നീ തസ്തികകളിൽ അപേക്ഷിക്കാം. പ്രത്യേക വിഷയങ്ങളിലെ ബിരുദക്കാർക്ക് അപേക്ഷിക്കാവുന്ന തസ്തികകളാണ് സ്പെഷ്യലിസ്റ്റ് ഓഫീസർ. ചില ബാങ്കുകൾ ക്യാംപസ് ഇന്റർവ്യൂ വഴിയും നിയമനം നടത്തുന്നു. പ്രൊബേഷണറി ഓഫീസറായി നിയമനം ലഭിക്കുന്നവർക്ക് ചുരുങ്ങിയ കാലംകൊണ്ട് അസി. മാനേജരും മാനേജരുമൊക്കെയായി സ്ഥാനക്കയറ്റം ലഭിക്കും.

കഠിനാദ്ധ്വാനവും ആത്മവിശ്വാസവുമുണ്ടെങ്കിൽ കൈപ്പിടിയിലൊതുക്കാവുന്നതാണ് ബാങ്ക് ഉദ്യോഗം. മെഡിക്കൽ-എഞ്ചിനിയറിങ് പരീക്ഷയ്ക്ക് ഒരുങ്ങുന്നതുപോലെയുള്ള മുന്നൊരുക്കങ്ങൾ കാര്യങ്ങൾ എളുപ്പമാക്കും. കൂടുതൽപ്പേർ ഈ മേഖലയിലേക്ക് തിരിഞ്ഞതോടെ മത്സരവും കടുപ്പമായി. ഡിഗ്രിയും പിജിയും കഴിഞ്ഞ് കോച്ചിങ് സെന്ററുകളിൽപ്പോയി കഷ്ടപ്പെടുന്നതിനെക്കാൾ നല്ലത് ബാങ്ക് ടെസ്റ്റിന്റെ രീതി മനസിലാക്കി പ്ലസ്ടു, ഡിഗ്രി പഠനകാലത്തുതന്നെ അതിനായി ഒരുങ്ങുന്നതാണ്.

## ഐ. ബി. പി. എസ്

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബാങ്കിങ് പേഴ്സണൽ സെലക്ഷൻ (ഐ.ബി.പി.എസ്) ആണ് ബാങ്കിങ് റിക്രൂട്ട്മെന്റ് നടത്തുന്ന പ്രധാന ഏജൻസി. ബാങ്കിങ് റിക്രൂട്ട്മെന്റ് കാര്യക്ഷമമായും സുതാര്യവും ആക്കുന്നതിനായി റിസർവ് ബാങ്കിന്റെയും പൊതുമേഖലാ ബാങ്കുകളുടെയും സഹകരണത്തോടെ പ്രവർത്തിക്കുന്ന ഏജൻസിയാണ് ഐ.ബി.പി.എസ്. സ്വകാര്യ മേഖലയിലെ ചില ബാങ്കുകളും ഇവരുടെ സേവനം ഉപയോഗപ്പെടുത്തുന്നു. വളരെ ശാസ്ത്രിയമായ റിക്രൂട്ട്മെന്റ് രീതിയാണ് ഐ.ബി.പി.എസ് അവലംബിക്കുന്നത്. വിജ്ഞാപനം മുതൽ അവസാനഘട്ട ഇന്റർവ്യൂ വരെയുള്ള കാര്യങ്ങളിൽ ഐ.ബി.പി.എസ് ബാങ്കുകളെ സഹായിക്കുന്നു. ഓൺലൈനായി മോഡൽ ടെസ്റ്റും പഠന സാമഗ്രികളുടെ വിതരണവും ഐ.ബി.പി.എശ് നടത്തുന്നുണ്ട്. എല്ലാ വർഷവും പരീക്ഷയുണ്ട്. ഓൺലൈനായും പരീക്ഷ നടത്തിത്തുടങ്ങിയിട്ടുണ്ട്. പരീക്ഷയുടെ സിലബസും ഓരോ വിഷയങ്ങൾക്കുള്ള മാർക്കും പരീക്ഷ തീയതിയും അപേക്ഷിക്കേണ്ട വിധവുമൊക്കെ ഐ.ബി.പി.എസിന്റെ വെബ്സൈറ്റിൽ ലഭ്യമാണ് (www.ibps.in).



## സെലക്ഷൻ രീതി

ഐ.ബി.പി.എസ് സെലക്ഷന് മൂന്ന് ഘട്ടങ്ങളുണ്ട്. പൊതുപരീക്ഷ (എഴുത്ത്/ഓൺലൈൻ), ഗ്രൂപ്പ് ഡിസ്ക്കഷൻ അഥവാ പൊതുഇന്റർവ്യൂ, ഫൈനൽ ഇന്റർവ്യൂ എന്നിവയാണവ.

## ഒന്നാം ഘട്ടം

ബാങ്ക് ടെസ്റ്റ് എന്ന ആദ്യ കടമ്പ കടക്കണമെങ്കിൽ ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യം നേടുകയും പൊതുവിജ്ഞാനം വർദ്ധിപ്പിക്കുകയും കാര്യങ്ങൾ വിശകലനം ചെയ്ത് വ്യാഖ്യാനിക്കാനുള്ള കഴിവ് ആർജിക്കുകയും വേണം. ജനറൽ ഇംഗ്ലീഷ് , പൊതുവിജ്ഞാനം, വെർബൽ റീസണിങ്, ന്യൂമറിക്കൽ ആപ്റ്റിറ്റ്യൂഡ്, കംപ്യൂട്ടർ നോളജ് എന്നിവയാണ് പരീക്ഷയിലെ ഭാഗങ്ങൾ.

ഓഫീസർ തസ്തികയിലേക്ക് ചിലപ്പോൾ പ്രിലിമിനറി പരീക്ഷയും തുടർന്ന് മെയിൻ പരീക്ഷയും നടത്താറുണ്ട്.

പ്ലസ്ടു നിലവാരത്തിലുള്ള ഇംഗ്ലീഷിൽ പ്രാവീണ്യം നേടുക നിർബന്ധമാണ്. ഇംഗ്ലീഷ് ഭാഷാസ്വാധീനം, ഗ്രാമർ, കോംപ്രിഹെൻഷൻ എന്നിവയ്ക്കാണ് പ്രാമുഖ്യം. രണ്ട് പ്രധാന പത്രങ്ങളുടെ (സാധിക്കുമെങ്കിൽ ഒന്ന് ഇംഗ്ലീഷ്) മുഖപ്രസംഗം സ്ഥിരമായി വായിക്കുകയും ചെറിയ കുറിപ്പുകൾ തയ്യാറാക്കി വയ്ക്കുന്നതും ഭാഷാസ്വാധീനം വർദ്ധിപ്പിക്കുന്നതിനൊപ്പം പൊതുവിജ്ഞാനം വർദ്ധിപ്പിക്കുന്നതിനും ഉപകരിക്കും. പുതിയ വാക്കുകൾ പഠിക്കുന്നതും കുറിച്ചിടുന്നതും നല്ലതാണ്. അർത്ഥം മനസിലാക്കി വാക്കുകൾ ഉപയോഗിക്കുവാനുള്ള കഴിവാണ് വെർബൽ റീസണിങ്ങിൽ പ്രധാനമായും ടെസ്റ്റ് ചെയ്യപ്പെടുന്നത്. ഇംഗ്ലീഷ് വാക്കുകളുടെ പര്യായവും എതിർപദവും വ്യാകരണ ക്രിയകളുമൊക്കെ ഇവിടെ പ്രധാനമാണ്.

അടിസ്ഥാന ഗണിത ശാസ്ത്രവുമായി ബന്ധപ്പെടുത്തി അപഗ്രഥന ശേഷി അളക്കുകയാണ് ന്യൂമറിക്കൽ ആപ്റ്റിറ്റ്യൂഡ് ടെസ്റ്റിൽ ചെയ്യുന്നത്. ഹൈസ്ക്കൂൾ തലത്തിലുള്ള മാത്തമാറ്റിക്സ് ആണ് അടിസ്ഥാനമാക്കുന്നത്. ഐക്യൂ ടെസ്റ്റും ഇതോടൊപ്പമുണ്ടാകും.

ചോദ്യത്തിന്റെ ഘടന മനസിലാക്കുകയാണ് പ്രധാനപ്പെട്ടത്. ചോദ്യങ്ങൾ മിക്കവയും ആവർത്തിച്ചു വരുന്നതിനാൽ നിരന്തരമായ പരിശീലനവും പഴയ പരീക്ഷകളുടെ ചോദ്യപേപ്പർ ശേഖരിച്ച് ഉത്തരമെഴുതി പരിശീലിക്കുന്നതും വളരെ ഉപകാരപ്പെടും. സമയനിയന്ത്രണം ഈ പരീക്ഷയിൽ പ്രധാനമാണ്. ന്യൂമറിക്കൽ ടെസ്റ്റ് ഓഫ് റീസണിങ്ങും ന്യൂമറിക്കൽ എബിലിറ്റിയും നിരന്തരമായ പരിശീലനത്തിലൂടെയേ വർദ്ധിപ്പിച്ചെടുക്കുവാൻ കഴിയൂ. ഗൈഡുകൾ ഇതിനായി ഉപയോഗിക്കാം.

ജനറൽ അവയർനെസ് വിഭാഗത്തിൽ സ്കോർ ചെയ്യാൻ പത്രവായന പതിവാക്കുകയാണ് പ്രധാന മാർഗം. നോട്ടുബുക്കിൽ അതാത് ദിവസത്തെ പ്രധാന സംഭങ്ങൾ കുറിച്ചുവയ്ക്കുന്നതും ഉപകാരപ്പെടും. ബാങ്കിങ് മേഖലയുമായി ബന്ധപ്പെട്ട വാർത്തകൾക്ക് കൂടുതൽ ഊന്നൽ നൽകണം. കംപ്യൂട്ടർ പ്രോഗ്രാമിനെ സംബന്ധിച്ച അടിസ്ഥാന വിവരങ്ങളും കംപ്യൂട്ടർ ഫലപ്രദമായി ഉപയോഗിക്കുവാനുള്ള കഴിവും ആർജിക്കണം.

## രണ്ടാം ഘട്ടം – ഗ്രൂപ്പ് ഡിസ്കഷൻ

വ്യത്യസ്തമായ ആശങ്ങളും അഭിപ്രായങ്ങളുമുള്ള ഗ്രൂപ്പിൽ എങ്ങനെ പ്രവർത്തിക്കുന്നു എന്നതും ആ ഗ്രൂപ്പിന്റെ ലീഡറാവാനുള്ള കഴിവുമാണ് പ്രധാനമായും ഗ്രൂപ്പ് ഡിസ്കഷനിൽ പരീക്ഷിക്കപ്പെടുക. പ്രതിപക്ഷ ബഹുമാനത്തോടെയുള്ള സമീപനം ഇവിടെ ആവശ്യമാണ്. സമയോചിതമായി ഇടപെടുകയും അഭിപ്രായം പറയുകയും വേണം. പറയുന്ന കാര്യം ആധികാരികവും വ്യക്തതയുള്ളതുമാക്കി മാറ്റി മറ്റുള്ളവരെക്കൊണ്ട് അംഗീകരിപ്പിക്കുവാൻ കഴിയണം. പതുങ്ങി ഇരിക്കുന്നതും ഇടിച്ചുകയറി സംസാരിക്കുന്നതും ഗുണം ചെയ്യില്ല.

വിഷയത്തിൽ നിന്നു മാറിപ്പോകാതെ സംസാരിക്കാനും മറ്റുള്ളവർ വിഷയം വിട്ട് സംസാരിച്ചാൽ അത് ചൂണ്ടിക്കാണിക്കാനും കഴിയണം. സംസാരിക്കുമ്പോൾ ഗ്രൂപ്പിലുള്ളവരോട് ഐ കോൺടാക്റ്റ് നിലനിർത്തണം. ആത്മവിശ്വാസവും ആശയ വിനിമയ ശേഷിയും വിഷയത്തിലുള്ള അറിവും നല്ല വ്യക്തിത്വവും പ്രധാനമാണ്. എല്ലാ ബാങ്ക് ടെസ്റ്റുകൾക്കും ഗ്രൂപ്പ് ഡിസ്കഷൻ ഉണ്ടാവണമെന്നില്ല.

## മൂന്നാം ഘട്ടം – ഇന്റർവ്യൂ

എഴുത്തു പരീക്ഷ പാസായാൽ ഇന്റർവ്യൂ, ഗ്രൂപ്പ് ഡിസകഷൻ എന്നിവ അഭിമുഖീകരിക്കേണ്ടിവരും. ആശയ വിനിമയ ശേഷിയാണ് രണ്ടിലും പരീക്ഷിക്കപ്പെടുക. പൊതുവിജ്ഞാനത്തിനു പുറമെ ബാങ്കിങ് മേഖലയെക്കുറിച്ചും സേവനങ്ങളെക്കുറിച്ചുമൊക്കെ ശരിക്കും മനസിലാക്കി വയ്ക്കണം. കുറിപ്പുകൾ തയ്യാറാക്കി വെച്ച് പഠിക്കുന്നത് ഉപകാരപ്പെടും. ചോദ്യങ്ങൾക്ക് വളച്ചുകെട്ടില്ലാതെ ഉത്തരം പറയാനുള്ള കഴിവു നേടണം. ഉറച്ച ഉത്തരങ്ങളാണ് പ്രതീക്ഷിക്കുന്നത്. അറിയില്ലാത്തത് അറിയില്ല എന്നു തന്നെ പറയണം. സംശയമുള്ളവയും വിട്ടുകളയുക. വിശ്വസ്തതക്കാണ് പ്രാധാന്യം. സമചിത്തതയും വിനയവും കൈവിടാതെ നോക്കണം. പോസിറ്റീവ് ആയി മാത്രം ചിന്തിക്കുകയും ഉത്തരം പറയുകയും വേണം. ഈയടുത്ത് കോളജ് അധ്യാപക നിയമനത്തിനുള്ള ഇന്റർവ്യൂവിലെ ഒരനുഭവം കുറിക്കട്ടെ. കഴിഞ്ഞ വർഷം അതേ കോളജിൽ ഗസ്റ്റ് ലക്ച്ചറർ ആയി ജോലി ചെയ്തിരുന്ന ഉദ്യോഗാർത്ഥിയോടുള്ള ആദ്യ ചോദ്യം കഴിഞ്ഞ വർഷത്തെ അധ്യാപനം എങ്ങനെ ആയിരുന്നു എന്നതാണ്. മറുപടി വിചിത്രമായി. നല്ല വിജയശതമാനത്തോടെ ഭൂരിഭാഗം കുട്ടികളും വിജയിച്ചു എന്നു പറയുന്നതിനു പകരം ഉദ്യോഗാർത്ഥി പറഞ്ഞത് 'അഞ്ചാറുപേർ തോറ്റുപോയി' എന്നാണ്.

പരീക്ഷ എഴുതിയ നാൽപതു പേരിൽ നാലോ, അഞ്ചോ പേർ മാത്രമേ പാസാകാതെയുള്ളു എന്ന നല്ല കാര്യം പറഞ്ഞത് അഞ്ചാറു പേർ തോറ്റുപോയി എന്ന നെഗറ്റീവ് ഉത്തരത്തിലൂടെ. ഏതൊരു വിഷയവും പോസിറ്റീവ് ആയും നെഗറ്റീവായും സമീപിക്കാമെന്നതിന ഇത് ഉദാഹരണം.

ഇന്റർവ്യൂവിനു മാത്രമല്ല, ജീവിത വിജയത്തിനും പോസിറ്റീവ് ചിന്താഗതിയും സമീപനവും അഭികാമ്യം.

## സ്പെഷ്യലിസ്റ്റ് ഓഫീസർ

ചില പ്രത്യേക വിഷയങ്ങളിലെ ബിരുദക്കാർക്കും പ്രൊഫഷണൽ കോഴ്സ് പഠിച്ചവർക്കും അപേക്ഷിക്കാവുന്നതാണ് സ്പെഷ്യൽ ഓഫീസർ തസ്തിക. സ്പെഷ്യലിസ്റ്റ് തസ്തികകളും ആവശ്യമായ യോഗ്യതകളും ചുവടെ ചേർക്കുന്നു:

**ഐ.ടി. ഓഫീസർ:** ഡൊയാക് ബി ലെവൽ വിജയമോ താഴെപ്പറയുന്ന ഏതെങ്കിലും വിഷയത്തിൽ എൻജിനീയറിങ് ബിരുദം/ ബിരുദാനന്തര ബിരുദം യോഗ്യതയുള്ളവർക്ക് ഐ.ടി. ഓഫീസർ തസ്തികയിൽ അപേക്ഷിക്കാം. കംപ്യൂട്ടർ സയൻസ്, കംപ്യൂട്ടർ ആപ്ലിക്കേഷൻ, ഐ.ടി, ഇലക്ട്രോണിക്സ്, ഇലക്ട്രോണിക്സ് ആൻഡ് ടെലികമ്യൂണിക്കേഷൻ, ഇലക്ട്രോണിക് ആൻഡ് ഇൻസ്ട്രുമെന്റേഷൻ

**അഗ്രികൾച്ചറൽ ഫീൽഡ് ഓഫീസർ:** നാലു വർഷത്തെ അഗ്രികൾച്ചറൽ ബിരുദം. അല്ലെങ്കിൽ ഹോർട്ടികൾച്ചർ/ അനിമൽ ഹസ്ബൻഡറി/ വെറ്ററിനറി സയൻസ്/ ഡയറി സയൻസ്/ അഗ്രികൾച്ചറൽ എഞ്ചിനിയറിങ്/ ഫിഷറീസ് സയൻസ്/ പിസികൾച്ചർ/ അഗ്രോ ഫോറസ്ട്രി/ കോ-ഓപ്പറേഷൻ ആൻഡ് ബാങ്കിങ് തുടങ്ങിയ വിഷയങ്ങളിൽ ബിരുദം.

**രാജ് ഭാഷാ അധികാരി:** ഇംഗ്ലീഷ് ഒരു വിഷയമായി നേടിയ ബിരുദത്തിനു ശേഷം ഹിന്ദിയിൽ നേടിയ ബിരുദാനന്തര ബിരുദം. അല്ലെങ്കിൽ ഇംഗ്ലീഷും ഹിന്ദിയും വിഷയമായി പഠിച്ച് ബിരുദം നേടിയതിനു ശേഷം സംസ്കൃതത്തിൽ ബിരുദാനന്തര ബിരുദം.

**ലോ ഓഫീസർ**: നിയമത്തിൽ ബിരുദവും (എൽഎൽബി) ബാർ കൗൺസിൽ അംഗത്വവും.

**എച്ച്.ആർ./ പേഴ്സണൽ:** ബിരുദം, പേഴ്സണൽ മാനേജ്മെന്റ് / ഇൻഡസ്ട്രിയൽ റിലേഷൻസ്/ എച്ച്ആർ/ എച്ച് ആർ ഡി/ സോഷ്യൽ വർക്ക്/ ലേബർ ലോയിൽ ബിരുദാനന്തര ബിരുദം/ ഡിപ്ലോമ

**മാർക്കറ്റിങ് ഓഫീസർ:** മാർക്കറ്റിങ് സ്പെഷ്യലൈസേഷനോടെയുള്ള എംബിഎ/ രണ്ടു വർഷത്തെ പി.ജി.ഡി.ബി.എ/ പി.ജി.ഡി.എം.

# അനേകം തൊഴിലവസരങ്ങളുമായി കോട്ടയത്ത്

## തൊഴിൽമേള ഈ മാസം 22 –ന്

**കോട്ടയം:** കേന്ദ്ര തൊഴിൽ മന്ത്രാലയത്തിന്റെ നേതൃത്വത്തിൽ കോട്ടയത്ത് തൊഴിൽമേള നടത്തും. കോട്ടയം സിഎംഎസ് കോളജിൽ ഒക്ടോബർ 22-ന് രാവിലെ ഒമ്പതുമുതൽ വൈകുന്നേരം നാലുവരെയാണ് മേള. തൊഴിൽരഹിതർക്ക് സ്വകാര്യ മേഖലയിൽ തൊഴിൽ ലഭിക്കുന്നതിനാണ് മേള.ദേശീയ തൊഴിൽ സേവനകേന്ദ്രവും കൊച്ചി സൊസൈറ്റി ഫോർ ഇന്റഗ്രേറ്റഡ് ഗ്രോത്ത് ഓഫ് ദി നേഷൻ (എസ്ഐജിഎൻ), കേരള ചേമ്പർ ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രി (കെസിസിഐ) എന്നിവരുമായി സഹകരിച്ചാണ് മേള സംഘടിപ്പിക്കുന്നത്. മൾട്ടി നാഷണൽ കമ്പനികൾ മുതൽ ചെറുതും വലുതുമായ അമ്പതിൽപ്പരം കമ്പനികൾ പങ്കെടുക്കും. അയ്യായിരം തൊഴിലവസരങ്ങൾ മേളയിൽനിന്നു ലഭിക്കുമെന്ന് സംഘാടകർ പറഞ്ഞു. കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ വിവിധ സ്ഥാപനങ്ങൾ ജനങ്ങൾക്കുവേണ്ടി ചെയ്യുന്ന പദ്ധതികളെക്കുറിച്ച് അതത് സ്ഥാപനത്തിലെ ഉദ്യോഗസ്ഥർ മേളയിൽ വിശദീകരിക്കും. ഉദ്യോഗാർത്ഥികളോ തൊഴിൽദായകരോ ഫീസ് നൽകേണ്ടതില്ല. 25,000 ഉദ്യോഗാർത്ഥികളെ പ്രതീക്ഷിക്കുന്നതായി സംഘാടകർ പറഞ്ഞു. രാവിലെ ഒമ്പതു മുതൽ മേളയിൽ പങ്കെടുക്കാം. പിന്നീട് വരുന്ന ഒഴിവുകളിലേക്ക് പരിഗണിക്കുന്നതിനായി www.ncs.gov.in എന്ന വെബ് സൈറ്റിൽ ജോബ് സീക്കറായി പേര് രജിസ്റ്റർ ചെയ്യാം.




അഞ്ചാം ക്ലാസ് മുതൽ ബിരുദാനന്തരബിരുദം വരെയുള്ളവർക്ക് പങ്കെടുക്കാം. വയസ്, തൊഴിൽ പരിചയം തെളിയിക്കുന്ന സർട്ടിഫിക്കറ്റും നാല് സെറ്റ് ബയോഡാറ്റയും കരുതണം. രാവിലെ ഒമ്പതു മുതൽ മേള നടക്കുന്ന കേന്ദ്രത്തിലെത്തി പേര് രജിസ്റ്റർ ചെയ്യണം. യോഗ്യത, പ്രായപരിധി എന്നിവ മേളയിൽ പങ്കെടുക്കുന്ന സ്ഥാപനങ്ങളിൽനിന്നും ലഭിക്കും. കമ്പനികളുടെ കൗണ്ടറുകളിലെത്തി ഇന്റർവ്യൂവിൽ പങ്കെടുക്കാം. ഒരു ഉദ്യോഗാർത്ഥിക്ക് നാല് ഇന്റർവ്യൂവിനു പങ്കെടുക്കാം.

**വരുന്ന പ്രധാന കമ്പനികൾ**

യൂറേക്കാ ഫോബ്സ്, ലാർസൻ ആൻഡ് ട്യൂബ്രോ, മാഴ്സ് ഇന്റലക്ചൽ സർവീസസ് പ്രൈവറ്റ് ലിമിറ്റഡ്, മലബാർ ഗ്രൂപ്പ്, ഐക്യ ഗ്ലോബൽ സൊല്യൂഷൻസ്, പിള്ളാസ് കോർപറേറ്റ് പനാഷ്യ, പോപ്പുലർ മോട്ടോർ കോർപറേഷൻ, റിയൽ, സെറോഫൈറ്റ്, ഒഎംആർ ഗ്രൂപ്പ്, എസിഎംഇ ഇന്റർനാഷ്ണൽ, ഫോർച്യൂൺ, എക്സൈസ് ലൈഫ് ഇൻഷുറൻസ്, ലീഡ്സ്, താജ് ഹോട്ടൽസ്, സ്റ്റാർ ഹെൽത്ത് ആൻഡ് അലൈഡ് ഇൻഷറൻസ് കമ്പനി ലിമിറ്റഡ്, ഗ്ലോബോൺ ഫിനാൻസ്, റെഡ്സൺ സോഫ്റ്റെക്, സദർലാന്റ്, എൻസൈൻ, പ്രസാദ് പ്രോട്ടോൺസ്, ബ്രിറ്റ്കോ ആൻഡ് ബ്രിഡ്കോ, ഡീൽസ്, പാലസ് ഹോണ്ട, വോക്സ്ബേ സൊല്യൂഷൻസ്, ഇന്നവേറ്റീവ് ട്രേഡിംഗ് എൽഎൽസി, എസ് എസ് ടെക്നോവേഷൻ, ബ്രൈറ്റ് ഫ്യൂച്ചർ കൺസൾട്ടന്റ്സ്, സീകോയ് ടെക്നോളജീസ് പ്രൈവറ്റ് ലിമിറ്റഡ്, പിഎൻബി മെറ്റ് ലൈഫ്, എൽഐസി, ഇസാഫ് ബാങ്ക്.

**വിശദവിവരങ്ങൾക്ക്: 0471 2332113, 8304009409.**

## വീടിനും വീട്ടുപകരണങ്ങൾക്കും വേണം ഇൻഷ്വറൻസ്



പ്രകൃതിക്ഷോഭം മൂലമോ തീപിടുത്തം, ഭവനഭേദനം തുടങ്ങി വിവിധ കാരണങ്ങളാലോ വീട്ടുസാധനങ്ങൾക്കു സംഭവിക്കുന്ന നഷ്ടം പരിഹരിക്കുന്ന ഭവന ഇൻഷുറൻസുമുണ്ട്. മേശ, കസേര തുടങ്ങിയ വീട്ടുപകരണങ്ങൾ ഫ്രിഡ്ജ്, ടിവി തുടങ്ങിയ വൈദ്യുതോപകരണങ്ങൾ, വസ്ത്രങ്ങൾ, ആഭരണങ്ങൾ എന്നിവയൊക്കെ നഷ്ടപ്പെട്ടാൽ പുതിയവ വാങ്ങുന്നതിനോ റിപ്പയർ ചെയ്ത് എടുക്കുന്നതിനോ സഹായം നൽകുന്നു. പുറത്തുനിന്നു വരുന്ന വ്യക്തികൾ ഉണ്ടാക്കുന്ന കഷ്ടനഷ്ടങ്ങൾക്കും പരിരക്ഷ ലഭിക്കും. വൈദ്യുതോപകരണങ്ങൾ കേടാകുമ്പോൾ അവ പരിഹരിക്കുന്നതിനും ഭവന ഇൻഷുറൻസ് ഉപകരിക്കും. വാടകവീടുകളിൽ താമസിക്കുന്നവർക്ക് വീട്ടുപകരണങ്ങൾക്ക് മാത്രമായി ഇൻഷുറൻസ് പോളിസി എടുക്കാവുന്നതാണ്.സ്വന്തം വീടുകളിൽ താമസിക്കുന്നവർ കെട്ടിടത്തിനും ഉള്ളിലുള്ള വസ്തുവകകൾക്കുംകൂടി സമഗ്ര ഭവന ഇൻഷുറൻസ് പോളിസികൾ എടുക്കുന്നതാണ് നല്ലത്. അടിസ്ഥാന പരിരക്ഷയ്ക്ക് പുറമേ പല 'ആഡ് ഓൺ' പരിരക്ഷകളും ലഭ്യമാണ്.

## അഖിലകേരള ബൈബിൾ ക്വിസ്

**ചെ**റുപുഷ്പ മിഷൻലീഗ് പൂവരണി യൂണിറ്റ് സംഘടിപ്പിക്കുന്ന എലൈയോസ് 2017 – അഖിലകേരള ബൈബിൾ ക്വിസ് മത്സരം നവംബർ 11ന് രാവിലെ 9.30ന് നടക്കും. വിജയികൾക്ക് യഥാക്രമം 5001, 3001, 2001, 501 രൂപ വീതം സമ്മാനവും എവറോളിംഗ് ട്രോഫിയും നൽകും. വിശദവിവരങ്ങൾക്ക് – 9447436253, 9605570311.

ബിസിനസ്

# വിദേശികളുടെ സ്വന്തം കണ്ണംപടി ഏലം

**കാട്ടാനയും കുരങ്ങും കീരിയും നരിയും കാട്ടുപന്നിയുമൊക്കെയുള്ള വനമാണ് കണ്ണംപടി. ഒരു വശത്ത് പെരിയാറും ഇടുക്കി ജലാശയവും. മറുവശത്ത് കുന്നും വനവും. അതിനു നടുവിൽ വിദേശമാർക്കറ്റിൽ വൻ ഡിമാന്റുള്ള ഏലകൃഷിയും.**

**റെജി ജോസഫ്, പഴയിടം**

**ഇ**ടുക്കി ഉപ്പുതറയിൽനിന്നും കോതപാറ ഉൾവനത്തിലൂടെ 20 കിലോമീറ്റർ ദുർഘട പാത താണ്ടണം കണ്ണംപടിയിലെത്താൻ. കാർഷിക സമൃദ്ധിയിൽ തനതു മുന്നേറ്റം നടത്തുന്ന വനവാസികളുടെ ഒട്ടേറെ ഊരുകൾ ഈ കൊടുംവനത്തിലുണ്ട്. ഏഴു ചതുരശ്ര കിലോമീറ്റർ വിസ്തൃതമായ കണ്ണംപടി ഊരുകളിലെ സ്ത്രീകളാണ് കൃഷിയിൽ നേട്ടങ്ങളുടെ നൂറുമേനി കൊയ്യുന്നത്.

ഉൾവനത്തിൽ കാപ്പിയും കുരുമുളകും ഏലവും വാഴയും ഇഞ്ചിയും മഞ്ഞളും കപ്പയും വാനിലയും പച്ചക്കറിയുമൊക്കെ വനവാസികൾ നട്ടുവളർത്തുന്നു. രാവസളത്തിന്റെയും കീടനാശിനിയുടെയും തരി ചേരാത്ത മണ്ണിൽ ഇവർ വിളയിക്കുന്ന ഏലവും കുരുമുളകും ഗ്രാമ്പുവും കടൽകടന്ന് യൂറോപ്പിലും അമേരിക്കയിലും ഗൾഫിലുമൊക്കെയെത്തുന്നു. മേൽമണ്ണിളക്കാതെയും ആവാസവ്യവസ്ഥയിൽ മാറ്റം വരുത്താതെയുമാണ് ഇവരുടെ കൃഷി. വൻമരങ്ങളുടെ തണൽപ്പരപ്പിൽ ഏലവും കുരുമുളകും കാപ്പിയുമൊക്കെ തഴച്ചുവളരുന്നു. താരതമ്യേന ഈ വിളകളിൽ കീടബാധ കുറവാണ്. അവശ്യസാഹചര്യത്തിൽ മാത്രം ആദിവാസികൾ ജൈവകീടനാശിനികൾ പ്രയോഗിക്കും. സാക്ഷരത ഏറെയില്ലാത്ത ഇവിടുത്തെ ഉള്ളാടൻ, മലമ്പണ്ടാരം, പണിയ, ഊരാളി, മലയരയ വിഭാഗങ്ങളിലെ ആദിവാസികളാണ് കണ്ണംപടി വനാന്തരങ്ങളിൽ പാർക്കുന്നത്.



*കണ്ണംപടിയിൽ നിന്നുള്ള ദൃശ്യം.*

ഗോത്രങ്ങളിലെ കർഷകവനിതകളെല്ലാം ജൈവസർട്ടിഫിക്കേഷനുള്ള കർഷകരാണ്. റേഷൻ കാർഡും ആധാർകാർഡും പോലെ ഇവർ ഭദ്രമായി സൂക്ഷിക്കുന്ന രേഖയാണ് സ്വന്തം മണ്ണിന്റെ ജൈവസർട്ടിഫിക്കേഷൻ. ജാപ്പനീസ് അഗ്രികൾച്ചറൽ സ്റ്റാൻഡാർഡ്സ് (ജാസ്), നാഷണൽ സ്റ്റാൻഡാർഡ്സ് ഫോർ ഓർഗാനിക് പ്രോഡക്ട്സ് (എൻ എസ് ഒ പി), യുഎസ്ഡിഎ തുടങ്ങിയ അന്താരാഷ്ട്ര ഏജൻസികളുടെ ജൈവസർട്ടിഫിക്കേഷനുകളുടെ ഉടമകളാണ് ഇവിടത്തെ വീട്ടമ്മമാർ.

കിളയും നടീലും വിളവെടുപ്പുമെല്ലാം കൊടുംവനത്തിനുള്ളിൽ തന്നെയാണ്. കാലങ്ങളോളം കൊടുംകാട്ടിൽ ഒറ്റപ്പെട്ടു പാർത്തിരുന്നവരുടെ ജീവിതം തന്നെ മാറ്റിമറിച്ചിരിക്കുന്നു ജൈവകൃഷി. നെതർലൻഡ് ആസ്ഥാനമായ സ്കാൾ ഓർഗാനിക് ഏജൻസി ഏറ്റവും ഗുണമേന്മയുള്ള സുഗന്ധദ്രവ്യങ്ങൾ വിളയിക്കുന്ന കേന്ദ്രമായി ലിസ്റ്റ് ചെയ്തിരിക്കുന്നത് കണ്ണംപടിയിലെ കൃഷിയിടങ്ങളെയാണ്.

ഇടനിലക്കാരുടെ ഇടപെടലുകളില്ലാതെ കാഞ്ഞിരപ്പള്ളി രൂപതയുടെ സാമൂഹിക സേവന വിഭാഗമായ പീരുമേട് ഡെവലപ്മെന്റ് സൊസൈറ്റി (പിഡിഎസ്) വഴിയാണ് ഇവർ ജൈവനാണ്യവിഭവങ്ങൾ വിൽക്കുന്നത്. മാർക്കറ്റ് വിലയേക്കാൾ ഏറെ മെച്ചമായ നിരക്ക് പിഡിഎസ് ഇവർക്ക് നൽകുന്നു. ആദിവാസി ഊരുകളിൽനിന്ന് നേരിട്ട്, പിഡിഎസ് വിഭവങ്ങൾ ശേഖരിക്കും. കാലം പുരോഗമിച്ചതോടെ ആദിവാസി വനിതകൾക്കെല്ലാം ബാങ്ക് അക്കൗണ്ടും നിക്ഷേപവുമുണ്ട്. അതിനാൽ വിൽക്കുന്ന ഉത്പന്നങ്ങളുടെ പണം ബാങ്ക് അക്കൗണ്ടുകളിലെത്തുന്നു.

## നാഷണൽ മീൻസ് കം മെറിറ്റ് സ്കോളർഷിപ്പ് പരീക്ഷ നവംബർ അഞ്ചിന്

**തിരുവനന്തപുരം:** സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ എട്ടാംക്ലാസിൽ പഠിക്കുന്നവർക്കായി എസ്.സി.ഇ.ആർ.ടി. മീൻസ് കം മെറിറ്റ് സ്കോളർഷിപ് പരീക്ഷ നടത്തുന്നു. ഈ അധ്യയനവർഷം സ്റ്റേറ്റ് സിലബസിൽ പഠിക്കുന്നവർക്ക് പങ്കെടുക്കാം.

രക്ഷിതാക്കളുടെ വാർഷികവരുമാനം ഒരു ലക്ഷത്തിൽ അമ്പതിനായിരം രൂപയിൽ കവിയാത്തവർക്കും ഏഴാം ക്ലാസിലെ വർഷാവസാന പരീക്ഷയിൽ 55 ശതമാനത്തിൽ കുറയാതെ മാർക്ക് വാങ്ങിയിട്ടുള്ളവർക്കു (എസ്.സി./എസ്.റ്റി. വിഭാഗക്കാർക്ക് അഞ്ച് ശതമാനം ഇളവ് ഉണ്ടായിരിക്കും) അപേക്ഷിക്കാം. നവംബർ അഞ്ചിന് നടക്കുന്ന പരീക്ഷക്ക് ഓൺലൈനായാണ് അപേക്ഷിക്കേണ്ടത്. വില്ലേജ് ഓഫീസിൽനിന്ന് ലഭിക്കുന്ന വരുമാന സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം സമർപ്പിക്കണം.

വിശദാംശങ്ങൾ www.scert.kerala.gov.in ൽ ലഭിക്കും.

സാമൂഹ്യം

# ഇത് കുട്ടികൾക്ക് വാങ്ങി നല്കരുതേ

## ശീതള പാനീയങ്ങളിൽ ഉത്തേജകമരുന്നുകൾ വരെ ഉൾപ്പെട്ടിരിക്കുന്നു



ഡോ.ഫെലിക്സ്ജോൺസ്എം.ഡി.

ആധുനികയുഗത്തിൽ കുട്ടികൾ ഇഷ്ടപ്പെടുന്നതും സാധാരണ കൂടുതലായി ഉപയോഗിക്കുന്നതുമാണ് ശീതളപാനീയങ്ങൾ. Coca -Cola, Pepsi, Mirinda, Thumsup, Frooti എന്നിവയൊക്കെ ഇതിന് ഉദാഹരണങ്ങളാണ്. സാധാരണയായി പല മാതാപിതാക്കളും ഇവ കുഞ്ഞുങ്ങൾക്ക് നിരന്തരം വാങ്ങി കൊടുക്കാറുണ്ട്. മാന്യമായ പല ഭവനങ്ങളിലും തീൻമേശയിലെ മുൻനിരയിൽ ഇവ സ്ഥാനം പിടിച്ചുകഴിഞ്ഞു.

വർഷങ്ങൾക്കുമുമ്പ് ഇവ ഭാരതത്തിൽ നിരോധിക്കപ്പെട്ടിരുന്നതാണ്. വീണ്ടും ഇവയ്ക്ക് സ്ഥാനം ലഭിക്കുവാൻ കാരണം അധികാരകസേരകളിലെ അമിതസ്വാധീനമാണെന്നു കരുതുന്നതിൽ തെറ്റില്ല. ഇത്തരം പാനീയങ്ങളെല്ലാം ആമാശയത്തെയും, ശരീരത്തെമൊത്തമായും ദോഷകരമായി ബാധിക്കുന്നു എന്ന് ഗവേഷണങ്ങൾ തെളിയിച്ചുകഴിഞ്ഞു. ഇത് വളരെയധികമായി പ്രായപൂർത്തിയായവരേക്കാൾ ദോഷം ചെയ്യുന്നത് കാപട്യം അറിയാത്ത ഇളം തലമുറയ്ക്കാണ്.

### വിവിധ അസുഖങ്ങൾ ബാധിക്കുന്നു

### ദഹനപ്രക്രിയയ്ക്ക് തടസമുണ്ടാക്കുന്നു

നിരന്തരമായി ഇവ കഴിക്കുന്ന കുട്ടികളിൽ ദഹനത്തിന്റെ ശക്തി ക്ഷയിപ്പിക്കുകയും ദഹനരസം ഉദ്പാദിപ്പിക്കപ്പെടുന്നതിന്റെ അളവ് നിർദ്ദാക്ഷിണ്യം കുറയ്ക്കുകയും ചെയ്യുന്നു. തൻമൂലം കുഞ്ഞുങ്ങൾക്ക് വിശപ്പില്ലായ്മ, ഉറക്കക്കുറവ്, പുളിച്ചുതികട്ടൽ എന്നീ അസുഖങ്ങൾ ഉണ്ടാകുകയും അവരുടെ ആരോഗ്യത്തിന് ക്ഷതം സംഭവിക്കുകയും ചെയ്യുന്നു.

### വീണ്ടും വീണ്ടും കുടിക്കാനുള്ള പ്രേരണയേറുന്നു

### ബുദ്ധിമാന്ദ്യം സംഭവിക്കുന്നു

ഏറ്റവും കുറഞ്ഞ മുതൽമുടക്കിലൂടെ അമിതലാഭം കൊയ്യുന്ന ഈ കൂട്ടർക്ക് ആർക്ക് എന്തു നാശം സംഭവിച്ചാലും തങ്ങൾക്ക് പണം ഉണ്ടാക്കണം എന്ന സ്വാർത്ഥ ചിന്ത ഉള്ളതുകൊണ്ട് മധുരപാനീയങ്ങളിൽ ചിലതിലെങ്കിലും ഉത്തേജകമരുന്നുകൾ കലർത്തുന്നു. ഇവ ചേർക്കുന്നതിന്റെ ലക്ഷ്യം പാനീയങ്ങൾ കുടിക്കുന്ന കുട്ടികൾക്ക് വീണ്ടും കുടിക്കുവാനുള്ള താൽപര്യം വർധിപ്പിക്കുകയെന്നതാണ്. ഉത്തേജകമരുന്നുകൾ തലച്ചോറിൽ കടന്നുകൂടി പ്രത്യേകപ്രേരണകൾ മനസിൽ ഉളവാക്കുന്നതുകൊണ്ട് ഇത്തരം പാനീയങ്ങൾക്ക് കുട്ടികൾ അടിമകളാകുകയും ചെയ്യുന്നു.

ഉത്തേജകമരുന്നുകളുടെ പ്രവർത്തനം നിമിത്തം മന്ദതയുണ്ടാവുകയും ഒരു പ്രത്യേക അനുഭൂതിയിലേക്ക് വഴി നടത്തുകയും ചെയ്യുന്നു. തുടർച്ചയായി അകത്തു ചെല്ലുന്ന ഇവയുടെ അളവുകൾ കൂടിവരുമ്പോൾ ഉപയോഗിക്കുന്ന കുട്ടികൾക്ക് ബുദ്ധിമാന്ദ്യം വരെ സംഭവിക്കുവാൻ സാധ്യതകളുണ്ട്.

### എല്ലുകൾക്കും പല്ലുകൾക്കും ദോഷകരം

ശരീരത്തിൽ കാൽസ്യത്തിന്റെ അളവ് കുറയ്ക്കുന്നു

ഇത്തരം പാനീയങ്ങളിൽ കലർന്നിട്ടുള്ള രാസവസ്തുക്കൾ മനുഷ്യശരീരത്തിൽ അടങ്ങിയിരിക്കുന്ന കാൽസ്യത്തിന്റെ അളവ് കുറയ്ക്കുന്നു. കാൽസ്യം ശരീരത്തിന്റെ അവിഭാജ്യഘടകമാണ്. എല്ലുകളുടേയും പല്ലുകളുടേയും വളർച്ചയ്ക്കും ബലം കൂട്ടുന്നതിനും ഇവ അത്യന്താപേക്ഷിതമാണ്.

മധുരപാനീയങ്ങൾ സാധാരണയായി കുട്ടികൾ ഉപയോഗിക്കുമ്പോൾ കാൽസ്യത്തിന്റെ അളവ് കുറഞ്ഞ് അവരുടെ വളർന്നുകൊണ്ടിരിക്കുന്ന എല്ലുകൾക്ക് ക്ഷയമുണ്ടാക്കുകയും അതിന്റെ വളർച്ച മുരടിപ്പിക്കുകയും ചെയ്യുന്നു. മാത്രമല്ല എല്ലുകളുടെ ബലം കുറയുമ്പോൾ അത് ദ്രവിക്കുന്നതിന് കാരണമാകുന്നു. മറ്റ് ലഹരിമരുന്നുകൾക്കെന്നപോലെ ഇത്തരം പാനീയങ്ങൾക്കും അടിമകൾ ആകുവാൻ സാധ്യതയുള്ളതുകൊണ്ട് ഇവ ഉപയോഗിക്കാതിരിക്കുന്നതാണ് ഏറെ നല്ലത്.

### കുട്ടികളിൽ ഷുഗറിന്റെയളവ് കൂടുന്നു

### ചോക്കലേറ്റ് മിഠായികൾ

കുട്ടികളെ ധാരാളം ആവേശംകൊള്ളിക്കുന്ന ഒന്നാണല്ലോ മിഠായികൾ. കുട്ടികൾ ഇവ തേടി എത്തുന്നു. ഈ പ്രവണത ഉണ്ടാക്കിക്കൊടുത്തതും മാതാപിതാക്കൾ തന്നെയാണ്. കരച്ചിൽ നിർത്തുന്നതിനുവേണ്ടിയും മാതാപിതാക്കളുടെ സ്വാർത്ഥതാൽപര്യങ്ങൾക്ക് കൂട്ടുനിൽക്കുന്നതിനുവേണ്ടിയും തുടക്കം കുറിക്കുന്ന ഈ ശീലം തുടക്കത്തിൽ പ്രശ്നമല്ലെങ്കിലും കാലപ്പഴക്കത്തിൽ ഗുരുതരാവസ്ഥയിൽ എത്തുന്നു.

മിഠായികൾ ധാരാളം ഉപയോഗിക്കുന്ന കുട്ടികൾക്ക് പല്ലിന് അണുബാധ ഉണ്ടാകുന്നു. തൻമൂലം പല്ലുകൾ ദ്രവിക്കുന്നതിനും കേടാകുന്നതിനും കൂടുതൽ സാധ്യതയുണ്ട്. സ്കൂൾകുട്ടികളുടെ ഇടയിൽ മിഠായികളുടെ ഉപയോഗം വളരെ കൂടുതലായി കണ്ടുവരുന്നുണ്ട്. ചിലയിനം ചൂയിങ്ഗംപോലുള്ള മിഠായികൾ ഉപയോഗിക്കുന്നതിലൂടെയും പാൻമസാലപോലെയുള്ള ലഹരി വസ്തുക്കൾ ഉപയോഗിക്കുന്നതിലൂടെയും പരിസരങ്ങൾ വൃത്തിഹീനമാകുന്നു. മാതാപിതാക്കളും സ്കൂൾ അധികൃതരും മറ്റും ഇക്കാര്യങ്ങൾ ശ്രദ്ധിക്കുന്നതിനും കുട്ടികളെ ഇക്കാര്യങ്ങൾ ബോധ്യപ്പെടുത്തുന്നതിനും യാതൊരു ഉപേക്ഷയും കൂടാതെ ശ്രദ്ധിക്കേണ്ടതുണ്ട്.

### ആരോഗ്യത്തെ ബാധിക്കും കണ്ണുകൾക്കും കേട്

മിഠായികളിൽ പലതിലും അടങ്ങിയിരിക്കുന്ന രാസവസ്തുക്കൾ ശരീരാവയവങ്ങൾക്ക് വളരെ ദോഷം ചെയ്യുന്നവയാണ്. ഇളം ശരീരത്തിൽ പ്രവേശിക്കുന്ന ഈ രാസവസ്തുക്കൾ കണ്ണിന്റെ കാഴ്ചയ്ക്ക് കോട്ടം സംഭവിപ്പിക്കുന്നു. കുട്ടികളെ ചൂഷണം ചെയ്ത് അമിതലാഭം കൊയ്യുവാൻ വേണ്ടി ഇവ ഉണ്ടാക്കുന്ന കമ്പനിക്കാർ വിലകുറഞ്ഞ കളറുകളും രാസവസ്തുക്കളും ചേർക്കുന്നതുകൊണ്ട് മിഠായികൾ കുഞ്ഞുങ്ങളുടെ ആരോഗ്യത്തെ സാരമായി ബാധിക്കുന്നു.

ചോക്കലേറ്റ്, ചോക്കോബാർ, മഞ്ച് എന്നിവയിൽ അടങ്ങിയിരിക്കുന്ന ഷുഗർ, അളവിൽ കൂടുതൽ ആയതുകൊണ്ടും ഇവ ഏറെ ഉപയോഗിക്കുന്ന കുട്ടികളിലും നിരന്തരം ധാരാളം മിഠായികൾ കഴിക്കുന്നവരിലും ഷുഗറിന്റെ അളവ് ക്രമാതീതമായി കൂടുകയും ചെയ്യുന്നു. ഈ വർദ്ധനവ് ആകട്ടെ കാലക്രമേണ പല കുട്ടികളേയും പ്രമേഹരോഗികളാക്കുകയും അവരുടെ കാഴ്ചശേഷിക്ക് മങ്ങൽ സംഭവിക്കുന്നതിന് ഇടയാക്കുകയും ചെയ്യുന്നു.

പ്രകൃതി

# മണ്ണാണ്, പ്രകൃതിയാണ് നശിപ്പിക്കരുത്

"അലക്ഷ്യമായി മാലിന്യങ്ങൾ വലിച്ചെറിയുന്നവർക്ക് വന്ദേമാതരം പാടാൻ യോഗ്യതയില്ല"

ഏറെ പ്രതീക്ഷിച്ചവരെയെല്ലാം നിരാശപ്പെടുത്തിയ പ്രധാനമന്ത്രിയാണെങ്കിലും നാടിനെ സ്നേഹിക്കുന്ന ഏവർക്കും ആവേശം ഏകുന്നതാണ് ഈ പ്രസ്താവന, നമുക്കൊരു ലൈക്കടിക്കാം.

എവിടെ തിരിഞ്ഞങ്ങു നോക്കിയാലും അവിടെല്ലാം പൂത്തമരങ്ങൾ മാത്രം. എന്നു പാടിയ കവി ഇന്ന് എങ്ങനെ ആയിരിക്കും പാടുക, ചന്തകൾ, നാൽക്കവലകൾ, ബസ്സ്റ്റാന്റ്, പാതയോരങ്ങളും, കാഴ്ചയുടെ പൂരമൊരുക്കുന്ന വിനോദസഞ്ചാര കേന്ദ്രങ്ങൾ, എന്തിന് പല ആരാധനാകേന്ദ്രങ്ങളുടെ സമീപത്തും, ആതുരശാലകളുടെ പരിസരം പോലും മൂക്കുപൊത്തി നടക്കേണ്ട ഗതികേടിലാണ് കേരളം ഇന്ന്. കപ്പാട് – കാളകെട്ടി ദേശങ്ങളിൽ ഉത്ഭവിച്ച് അക്കരയമ്മയുടെ അരികിലൂടെ ഒഴുകുന്ന ചിറ്റാറ്. ആറു പതിറ്റാണ്ടുമുമ്പ് എന്റമ്മച്ചിയുടെ ഒക്കത്തിരുന്ന് ആദ്യമായി കണ്ട ചിറ്റാർ. നടക്കാൻ തുടങ്ങിയ നാളുകളിൽ ആ സുന്ദരിയുടെ മാറിലെ മരതകപ്പച്ചകളും, അവയിലെ വെള്ളിമുത്തുകളും, ഊളിയിട്ടോടുന്ന കൊച്ചുമീനുകളും, ചേനപ്പാടിയിൽ ജനിച്ച ഈ ഇടുക്കിക്കാരന്റെ ഹൃദയത്തിന്റെ ഫ്രെയിമിലുണ്ട്. ഇന്ന് ആ വഴി പോകുമ്പോൾ പട്ടണ നടുവിലെ പാലത്തിൽനിന്നുള്ള കാഴ്ച ഹൃദയഭേദകമാണ്. ഇത് ചിറ്റാറിന്റെ മാത്രം ചിത്രമല്ല, കിഴക്കോട്ടും പടിഞ്ഞാട്ടുമായി ഒഴുകുന്ന നമ്മുടെ നാല്പത്തിനാല് നദികളും അവയുടെ പോഷക നദികളും കൈത്തോടുകളും കൊച്ചരുവികളും എല്ലാം മാലിന്യങ്ങൾ തള്ളാനുള്ള കേന്ദ്രങ്ങളായി മാറ്റിയിരിക്കുന്നു.

വിദ്യാസമ്പന്നരുടെ നാടാണ് കേരളം. വ്യക്തിശുചിത്വബോധത്തിൽ നമ്മളാണ് മുന്നിൽ. എന്നിട്ടുമെന്നിട്ടും പരിസര ജലമലിനീകരണത്തിലും നമ്മൾ മുന്നിലെത്തിയിരിക്കുന്നു. ഇത് നാടിനപമാനമാണ്, ആപത്താണ്. നമുക്കിത് തിരുത്തണം. ഒട്ടേറെ നല്ല കാര്യങ്ങളുടെ തുടക്കക്കാരും, പോഷകരും ക്രൈസ്തവസമൂഹമാണല്ലോ, ഇക്കാര്യത്തിലും നമുക്കൊരു മാറ്റത്തിന് ചുവട് വയ്ക്കാം. നമ്മുടെ വീടുകളിലും, സ്ഥാപനങ്ങളിലും, പൊതുസ്ഥലങ്ങളിലും, അനുദിനമുണ്ടാകുന്ന മാലിന്യങ്ങൾ അല്പം ശ്രദ്ധിച്ചാൽ നമുക്ക് ഗുണകരമാക്കിമാറ്റാം.

1. ആധുനിക യുഗത്തിൽ പ്ലാസ്റ്റിക് ഒഴിവാക്കാനാവാത്ത വസ്തുതന്നെയെങ്കിലും ഗുരുതരമായ പാരിസ്ഥിതികപ്രശ്നങ്ങൾക്കിടയാക്കുന്നതുമാണ് പ്ലാസ്റ്റിക്. മിഠായി – ഗുളിക കവർ പോലും വലിച്ചെറിയാതെ വീടിന്റെ പിൻവശത്തെവിടെയെങ്കിലും ഒരു പ്ലാസ്റ്റിക് ചാക്കുകൊണ്ടുള്ള ബാഗുണ്ടാക്കി അതിൽ നിക്ഷേപിക്കാൻ ശ്രദ്ധിക്കണം.

2. വീടുകളിലേയും സ്ഥാപനങ്ങളിലേയും മലിനജലമാണ് നമ്മുടെ പുഴകളും ജലശ്രോതസുകളും നശിക്കാൻ ഇടയാക്കിയത്. മലിന ജലം ഒരിക്കലും ഓടയിലോ, തോടുകളിലോ നേരിട്ടൊഴുക്കുന്നത് കുറ്റകരമാണ്.

3. കുപ്പിച്ചില്ല് മാലിന്യങ്ങളും വലിച്ചെറിയാതെ, വീട്, കെട്ടിടം, പാലം, കലുങ്ക് എന്നിവയുടെ നിർമ്മാണവേളകളിൽ കോൺക്രീറ്റിംഗിനോട് ചേർത്തും, മണ്ണിട്ട് നികത്തുന്നിടത്തുമായി ഉപയോഗപ്പെടുത്തിയാൽ അതും തീരും.

സാധാരണ യാത്രയിലായാലും, വിനോദയാത്രയിലായാലും, പ്ലാസിറ്റിക് കൂടുകൾ, ബിസ്ക്കറ്റ്, മിഠായിക്കവറുകൾ, ഡിസ്പോസിബിൾ പ്ലെയ്റ്റ്, ഗ്ലാസുകൾ ഒന്നും വലിച്ചെറിയരുത്. അവയ്ക്കുള്ള നിക്ഷേപ സ്ഥലത്തുമാത്രം നിക്ഷേപിക്കുക. നമ്മുടെ പാതയോരങ്ങളും വിനോദസഞ്ചാരമേഖലകളും എന്നും വൃത്തിയിലും, വെടുപ്പിലും ഭംഗിയിലും ആയിരിക്കട്ടെ.

പ്രകൃതിക്കിണങ്ങുന്നതും മണ്ണിന്റെ ശുദ്ധിക്കും, മനുഷ്യന്റെ, ആരോഗ്യത്തിനും എന്നും ഗുണകരമായത് ജൈവകൃഷിയാണ്. നമ്മൾ സ്നേഹിക്കുന്ന നമ്മുടെ മക്കൾക്കും, അവരുടെ മക്കൾക്കും കൊച്ചുമക്കളുമായ വരുംതലമുറയ്ക്ക്, എന്നും ശുദ്ധവായുവും, ശുദ്ധ ജലവും ലഭിക്കാൻ ശുദ്ധിയുള്ള മണ്ണുണ്ടാകണം. ഈ ബോധ്യം ഉൾക്കൊണ്ട് ലാഭത്തിൽ ഇത്തിരി കുറവുണ്ടായാലും മക്കളെ ഓർത്ത് നമുക്കും ജൈവകൃഷി ആരംഭിക്കാം. വിഷരഹിതമാകട്ടെ നമ്മുടെ മണ്ണ്.

നമ്മുടെ ലാഭത്തിനും സൗകര്യത്തിനും മാത്രം മുൻഗണന കൊടുത്ത് ഇവയെല്ലാം നശിപ്പിച്ച് ജീവന്റെ നാശത്തിന് വഴിയൊരുക്കാൻ അറിഞ്ഞോ അറിയാതെയോ പങ്കാളിയായിട്ട്, ദേശീയഗാനം പാടാനോ, വിശ്വാസ പ്രമാണം ചൊല്ലാനോ നമുക്കർഹതയില്ലെന്ന് ഏവരും തിരിച്ചറിഞ്ഞ് ദൈവത്തിങ്കലേക്ക് തിരിയാം. "വൃത്തിയുള്ള വീടും വൃത്തിയുള്ള നാടും" ഇതായിരിക്കട്ടെ നമ്മുടെ ലക്ഷ്യം.

ജോർജ് ചവറപ്പുഴ
ബാലഗ്രാം

കംപ്യൂട്ടർ രംഗത്തെ നൂതന വിപ്ലവങ്ങൾ

# എത്തിക്കഴിഞ്ഞു ആൻഡ്രോയിഡ് ഓറിയോ





**ഡോ. ജൂബി മാത്യു**
അസി. പ്രൊഫസർ,
അമൽജ്യോതി കോളേജ്

സ്മാർട്ട് ഫോൺ, ടാബ്ലെറ്റ് കമ്പ്യൂട്ടറുകൾ പോലെയുള്ള ഉപകരണങ്ങൾക്കായി നിർമ്മിച്ച ലിനക്സ് അധിഷ്ഠിത ഓപ്പറേറ്റിംഗ് സിസ്റ്റമാണ് ആൻഡ്രോയിഡ്. ലിനക്സിന്റെ മൊബൈൽ രൂപാന്തരമാണെന്ന് വേണമെങ്കിൽ പറയാം. ഇതൊരു ഓപ്പൺ സോഴ്സ് സോഫ്റ്റ്‌വെയറാണ്.

കാലിഫോർണിയായിലെ ആന്റി റൂബിൻ, റിച്ച് മൈനർ, ക്രിസ് വൈറ്റ് തുടങ്ങിയ ഒരു കൂട്ടം യുവഗവേഷകർ തുടങ്ങിവച്ച ആൻഡ്രോയിഡ് ഇൻകോർപ്പറേഷൻ എന്ന കമ്പനിയിലൂടെയാണ് ആൻഡ്രോയിഡിന്റെ വളർച്ച ആരംഭിക്കുന്നത്. 2005-ൽ ഗൂഗിൾ ഏറ്റെടുത്തതോടുകൂടി ആൻഡ്രോയിഡിന്റെ സാന്നിധ്യം 80% കവിഞ്ഞു.

ആൻഡ്രോയിഡ് ഓപ്പറേറ്റിംഗ് സിസ്റ്റത്തിലെ ഏറ്റവും പുതിയ പതിപ്പിന്റെ പേരാണ് ആൻഡ്രോയിഡ് ഓറിയോ (8.0). ആൻഡ്രോയിഡിന്റെ ഓരോ പതിപ്പിനും മധുരപലഹാരങ്ങളുടെ പേരിടുന്ന പതിവ് ഇത്തവണയും ഗൂഗിൾ തെറ്റിച്ചില്ല. എല്ലാവർക്കും പ്രിയപ്പെട്ട ബിസ്കറ്റായ ഓറിയോ എന്ന പേരാണ് ഇത്തവണ തിരഞ്ഞെടുത്തിരിക്കുന്നത്. കൂടുതൽ സ്മാർട്ട്, സുരക്ഷിതം, കരുത്താർന്ന കൂടുതൽ മധുരതരമാർന്നത് എന്നീ വിശേഷണങ്ങളോടെയാണ് എട്ടാം പതിപ്പിന്റെ വരവ്. അമേരിക്കയിൽ 91 വർഷത്തിനിടയിൽ ഉണ്ടായ സൂര്യഗ്രഹണത്തിനിടെയായിരുന്നു ഓറിയോയുടെയും വരവ്. ഗ്രഹണത്തിന് സൂര്യനും ചന്ദ്രനും ചേർന്ന് ആകാശത്ത് സൃഷ്ടിക്കപ്പെടുന്ന 'ഓ' ആകൃതിക്ക് സമാനമാണ് ആൻഡ്രോയിഡ് ഓ എന്നു പറഞ്ഞായിരുന്നു ഗൂഗിൾ പുതിയ പതിപ്പ് എത്തിച്ചത്.

പാശ്ചാത്യ രാജ്യങ്ങളിൽ ഭക്ഷണശേഷം വിളമ്പുന്ന ഡെസേർട്ടുകൾ എന്ന മധുരപലഹാരങ്ങളുടെ പേരിലാണ് ഗൂഗിളിന്റെ ഓരോ ആൻഡ്രോയിഡ് പതിപ്പുകളും ഇറങ്ങുന്നത്. ഇതുകൂടാതെ ഇവ ഇംഗ്ലീഷ് അക്ഷരമാല ക്രമത്തിലാണെന്നതുകൂടി ശ്രദ്ധേയമാണ്. കപ്പ് കേക്ക് (ആൻഡ്രോയിഡ് 1.5 പതിപ്പ്), ഡ്യൂനട്ട് (1.6), എക്ലയർ (2.0), ഫ്രോയോ (2.2), ജിഞ്ചർ ബ്രഡ് (2.3), ഹണികോസ് (3.0), ഐസ്ക്രീം സാൻഡ്‌വിച്ച് (4.0), ജെല്ലി ബീൻ (4.1), കിറ്റ് കാറ്റ് (4.4), ലോലി പോപ്പ് (5.0), മാർഷ് മെലോ (6.0), ന്യൂഗട്ട് (7.0), ഓറിയോ (8.0) തുടങ്ങിയവയാണ് ആൻഡ്രോയിഡിന്റെ പ്രധാന പതിപ്പുകൾ.

ആൻഡ്രോയിഡ് ഓറിയോയിൽ നിരവധി സവിശേഷതകളാണ് ഗൂഗിൾ അവതരിപ്പിച്ചിരിക്കുന്നത്.

**പിക്ചർ ഇൻ പിക്ചർ മോഡ്**

ഒരു ആപ്ലിക്കേഷൻ ഉപയോഗിച്ചുകൊണ്ടിരിക്കുമ്പോൾതന്നെ വീഡിയോകൂടി കാണാൻ സാധിക്കും. സ്ക്രീനിൽ കാണുന്ന ആപ്പ് വിൻഡോയ്ക്ക് മുകളിലായാവും വീഡിയോ പ്ലെയർ പ്രത്യക്ഷപ്പെടുക.

**ഓട്ടോഫിൽ**

നമുക്ക് ഇഷ്ടപ്പെട്ട ആപ്ലിക്കേഷനുകളിൽ ലോഗിൻ ചെയ്യുമ്പോൾ അനുവാദം കൊടുത്താൽ യൂസർ നെയിം, പാസ്‌വേർഡ് മുതലായവ ഓർമ്മയിൽ സൂക്ഷിച്ച് പിന്നീടുള്ള ലോഗിൻ വേഗത്തിലാക്കാൻ സഹായിക്കുന്നു.

**നോട്ടിഫിക്കേഷൻ ഡോട്ട്സ്**

നോട്ടിഫിക്കേഷനുകൾ ഫോണിൽ വരുമ്പോൾ അതത് ആപ്ലിക്കേഷൻ ഐക്കണുകൾക്കു മുകളിൽ ഒരു ഡോട്ട് വരും. ആ നോട്ടിഫിക്കേഷൻ ഡോട്ടിൽ അമർത്തിപ്പിടിച്ചാൽ വായിക്കാത്തവ ഒരു പോപ്പ് അപ്പ് വിൻഡോയിൽ വായിക്കാൻ സാധിക്കും.

**ഇൻസ്റ്റന്റ് ആപ്പ്**

ചില ലിങ്കുകൾ ചില ആപ്പ് ഉപയോഗിച്ചു മാത്രമേ തുറക്കാൻ സാധിക്കൂ. എന്നാൽ ആൻഡ്രോയിഡ് ഓയിൽ ആപ്പുകൾ തുറക്കാൻ ഇൻസ്റ്റാൾ ചെയ്യേണ്ട ആവശ്യം ഇല്ല. ക്രോം ഉപയോഗിച്ച് ആപ്പുകൾ തുറന്ന് ഉപയോഗിക്കാൻ കഴിയും.

**മികവുറ്റ പെർഫോമൻസ്**

വേഗതയാണ് ആൻഡ്രോയിഡ് ഓയുടെ മറ്റൊരു സവിശേഷത. ഒപ്പം ബാക്ക് ഗ്രൗണ്ട് ലിമിറ്റ്സ് എന്ന സവിശേഷതയും ഇതിനോടൊപ്പം വരുന്നു. ബാറ്ററി ദൈർഘ്യം വർധിപ്പിക്കുന്നതിനായി ഗൂഗിൾ അവതരിപ്പിച്ചിരിക്കുന്ന ഫീച്ചറാണിത്. ആൻഡ്രോയിഡ് ഉപകരണങ്ങളിൽ ബാക്ക്ഗ്രൗണ്ടിൽ പ്രവർത്തിക്കുന്ന ആപ്ലിക്കേഷനുകളെ നിയന്ത്രിക്കുന്നതിനുവേണ്ടിയാണ് ഈ ഫീച്ചർ ഉപയോഗിക്കുന്നത്.

ഇതുകൂടാതെ ഉയർന്ന ബാറ്ററി ക്ഷമത, ഏറ്റവും പുതിയ ഇമേജുകൾ തുടങ്ങി നിരവധി പ്രത്യേകതകൾ ഉണ്ട് ഓറിയോയ്ക്ക്.

ഓട്ടോമേഷൻ ടെക്നോളജി, സ്മാർട്ട് ഗ്ലാസ്, സ്മാർട്ട് ടിവി, ഹെഡ് ഫോണുകൾ, ക്യാമറ, ഹോം ഓട്ടോമേഷൻ തുടങ്ങി എല്ലാ ഇലക്ട്രോണിക് ഉപകരണങ്ങളിലും ആൻഡ്രോയിഡാണ് ഉപയോഗിക്കുന്നത്. ആൻഡ്രോയിഡ് ഉപഭോക്താക്കളുടെ എണ്ണം വർധിച്ചുവരുന്നതിനാൽ ആ മേഖലയിൽ ധാരാളം തൊഴിലവസരങ്ങളാണ് സൃഷ്ടിക്കപ്പെടുന്നത്. ആൻഡ്രോയിഡ് ആപ്ലിക്കേഷനുകൾ വികസിപ്പിക്കുവാനും അവ വിൽക്കാനും സുവർണ്ണാവസരങ്ങളാണുള്ളത്.

ക്രിസ്തീയ കുടുംബം - 9

കൊച്ചുറാണിയും തിരുക്കുടുംബവും

# പാവം മമ്മാ എപ്പോഴും കരയുകയാണ്

## സഹനത്തിൽ അവൾ പതറാതെ പിടിച്ചുനിന്നു.

**റവ. ഡോ. ഫിലിപ്പ്സ് വടക്കേക്കളം**
വികാരിജനറാൾ, ചങ്ങനാശേരി അതിരൂപത

സെലി മകൾക്കു നൽകിയ ഉപദേശങ്ങളിൽ ഒന്ന് ഇതായിരുന്നു. "എന്റെ മകൾ ആദ്യകുർബാന സ്വീകരിക്കുമ്പോൾ സി. മരിയ ദൊസീത്തിയുടെ സൗഖ്യം ഈശോയോട് ചോദിച്ച് വാങ്ങണം. കാരണം, ഈശോ ആദ്യമായി നമ്മുടെ ഹൃദയത്തിൽ വരുമ്പോൾ നമ്മൾ ചോദിക്കുന്നതെല്ലാം ഈശോ സാധിച്ചുതരും." അമ്മയുടെ കത്ത് കിട്ടിയ ശേഷം മരിയ തന്റെ ആന്റിക്കുവേണ്ടി ഈശോയോട് പ്രത്യേകം പ്രാർത്ഥിക്കാൻ തുടങ്ങി. എന്നാൽ, ഓരോ ദിവസം കഴിയുന്തോറും രോഗം മൂർച്ഛിച്ചുകൊണ്ടിരുന്നു. ഒടുവിൽ, ആദ്യകുർബാനസ്വീകരണത്തിനുള്ള ദിവസം സമാഗതമായി. 1869 ജൂലൈ 2-ാം തീയതിയാണ് മരിയ ആദ്യകുർബാന സ്വീകരിക്കുന്നത്. അപ്പോൾ അവളുടെ പ്രായം 9 വയസും 6 മാസവും. വേദപഠനത്തിന് ഒന്നാം സമ്മാനം വാങ്ങിയ മരിയ, ആ ദിവസം ഒരു മാലാഖയെപ്പോലെ കാണപ്പെട്ടു. നിഷ്കളങ്കയായ ആ കുട്ടിയുടെ പ്രാർത്ഥന ഈശോ ശ്രവിച്ചു. മരിയ ദൊസീത്തിയുടെ ആരോഗ്യനില വളരെയധികം മെച്ചപ്പെട്ടു. മാത്രമല്ല, 7 വർഷം കൂടി ജീവിക്കുകയും ചെയ്തു.

ലൂയിയുടെയും സെലിയുടെയും അടുത്ത കുട്ടി ജനിച്ചത് 1869 ഏപ്രിൽ 28-ാം തീയതിയായിരുന്നു. അന്നുതന്നെ കുഞ്ഞിന് വീട്ടുമാമ്മോദീസാ നൽകി. ഈ കുഞ്ഞിന്റെ പേരാണ് മരിയ - സെലിൻ. കുട്ടി ജനിക്കുന്നതിനുമുമ്പുതന്നെ സെലി ഇസിദോറിന് എഴുതി: "ഞാൻ ഒരു കുഞ്ഞിനുകൂടി ജന്മം നല്കുവാൻ പോവുകയാണ്. ഈ കുഞ്ഞിനെയും എന്നിൽനിന്ന് എടുക്കാനാണ് ദൈവം ആഗ്രഹിക്കുന്നതെങ്കിൽ, മാമ്മോദീസാ ലഭിക്കാതെ മരിക്കാൻ ഇടയാവരുതേ എന്നതാണ് എന്റെ പ്രാർത്ഥന. അപ്പോൾ, എനിക്കുവേണ്ടി പ്രാർത്ഥിക്കാൻ സ്വർഗ്ഗത്തിൽ മൂന്നു കുഞ്ഞുമാലാഖമാർ ഉണ്ടായിരിക്കും" (Letter to her brother, April. 1868).




ഈ കുഞ്ഞിനെയും മുലയൂട്ടുന്നത് സെമാലെയിലെ കൊച്ചുറോസ തന്നെയായിരുന്നു. സാവധാനം സെലിൻ തന്റെ ആരോഗ്യം വീണ്ടെടുത്തു. അങ്ങനെ മനസ്സിൽ സമാധാനവും സന്തോഷവും അനുഭവിക്കാൻ തുടങ്ങുന്ന സമയത്താണ് ഹെലൻ വീണ്ടും രോഗിയാകുന്നത്. 1870 ഫെബ്രുവരി 22-ാം തീയതി ഈ കുട്ടിയും ലോകത്തോടു വിടപറഞ്ഞു. കുഞ്ഞുങ്ങളെ ഓരോരുത്തരായ് അടക്കം ചെയ്യാൻ വിധിക്കപ്പെട്ട സെലി, ഹെലന്റെ അവസാനനിമിഷങ്ങൾ ഇപ്രകാരം കുറിച്ചു: "ഞാൻ അവളുടെ കണ്ണുകളിലേക്ക് നോക്കി. അവിടെ ജീവന്റെ ലക്ഷണം ഒന്നുമില്ലായിരുന്നു. ഞാൻ കരയാൻ തുടങ്ങി. അപ്പോൾ അവൾ കൈകൾകൊണ്ട് എന്നെ ചുറ്റി, ആശ്വസിപ്പിക്കാൻ ശ്രമിച്ചു. ദിവസം മുഴുവൻ അവൾ ഇപ്രകാരം പറഞ്ഞുകൊണ്ടിരുന്നു: "പാവം മമ്മാ, എപ്പോഴും കരയുകയാണ്.' ആ രാത്രിയും പകലും ഞാൻ അവളുടെ കൂടെയായിരുന്നു. പ്രഭാതത്തിൽ ഞാൻ അവൾക്കു ഭക്ഷിക്കാൻ കൊടുത്തു. പക്ഷേ, അവൾക്ക് ഇറക്കാൻ സാധിച്ചില്ല. ...ഏതാനും മിനിറ്റുകൾക്കുശേഷം അവളുടെ കണ്ണുകൾ അടഞ്ഞു. അവൾ ഈ ലോകത്തോട് യാത്രയായി..." (Letter to her sister in - law, Feb. 24, 1870).

ഹെലന്റെ വേർപാട് കുടുംബത്തിനുതന്നെ ഒരു തീരാനഷ്ടമായിരുന്നു. സാവധാനം ഈ ദുഃഖത്തോട് പൊരുത്തപ്പെടാൻ സെലിക്കു സാധിച്ചു. താമസിയാതെ സാന്ത്വനവചസ്സുകളുമായി സി. മരിയ ദൊസീത്തിയുടെ കത്തുവന്നു. "പ്രിയ സഹോദരീ, നിന്റെ ഉറപ്പുള്ള വിശ്വാസത്തിന് ദൈവം മനോഹരമായ പ്രതിഫലം നൽകും. തീർച്ചയായും സഹോദരിയെ ദൈവം അനുഗ്രഹിക്കും. നിന്നിൽ ദൈവം സംപ്രീതനാണ്. സഹോദരി ആഗ്രഹിക്കുന്ന വിശുദ്ധനെ നൽകാൻ ദൈവം തിരുമനസ്സാകുന്നുവെങ്കിൽ അതു മതിയായ പ്രതിഫലമായിരിക്കുമല്ലോ?"

ദിവസങ്ങൾ മുന്നോട്ടുപോയി. ജനനവും മരണവും തുടർക്കഥയായി ജീവിതത്തിൽ മുന്നേറി. കടന്നുപോയവരെ മുന്നിൽ കണ്ടുകൊണ്ടുതന്നെ മാർട്ടിൻ ദമ്പതികൾ കുടുംബത്തിലുള്ളവരുടെ പരിശീലനത്തിൽ മുഴുകി. ഒരു ദിവസം ചിന്തയിൽ മുഴുകിയിരുന്ന അവസരത്തിൽ സെലിക്ക്, ഹെലൻ തമാശയായി പറഞ്ഞ ഒരു കള്ളത്തരത്തെക്കുറിച്ച് ഓർമ്മ വന്നു. അതിന്റെ പേരിൽ ഹെലനെ കുമ്പസാരത്തിന് അയച്ചില്ലല്ലോയെന്നോർത്ത് വ്യസനിക്കാൻ തുടങ്ങി. ഇതുകാരണം, കുഞ്ഞ് ശുദ്ധീകരണസ്ഥലത്ത് വേദന അനുഭവിക്കുകയാണോയെന്ന സംശയവും മനസ്സിൽ പൊന്തിവന്നു. സംശയനിവാരണത്തിനായ് പരിശുദ്ധ അമ്മയുടെ രൂപത്തിലേക്ക് തിരിഞ്ഞു. ഉടൻതന്നെ അമ്മയുടെ മറുപടി കിട്ടി. "അവൾ എന്റെ കൂടെയുണ്ട്" ഉള്ളിന്റെ ഉള്ളിൽ ആ സ്വരം ശ്രവിച്ചതോടെ സെലിയുടെ ആകാംക്ഷകൾ അവസാനിച്ചു. മനസ്സ് ശാന്തമായി. അവിടെ സന്തോഷം നിറഞ്ഞു.

തിരുസഭ

# മരണവും മരണാനന്തര ചടങ്ങുകളും നസ്രാണി പാരമ്പര്യത്തിൽ

**മരണാനന്തര കർമ്മങ്ങൾക്ക് നസ്രാണി സഭയുടെ പാരമ്പര്യത്തിൽ വലിയ സ്ഥാനമാണുള്ളത്. അത് വരും തലമുറയ്ക്ക് നാം തന്നെ പറഞ്ഞു കൊടുക്കണം**

ഫാ.റോബർട്ട് ചവറനാനിക്കൽ വി. സി.

വിശ്വാസികളെ സംബന്ധിച്ചിടത്തോളം മരണം എന്ന യാഥാർത്ഥ്യം ഈ ലോകത്തിലെ സുഖദുഖങ്ങളോട് ശാശ്വതമായി വിടപറഞ്ഞ് നിത്യജീവിതത്തിലേയ്ക്കു പ്രവേശിക്കാനുള്ള വാതിലാണ്. നാമെല്ലാം സുനിശ്ചിതമായി അഭിമുഖീകരിക്കേണ്ട ഈ ഈ നിമിഷങ്ങൾ ഏറ്റവും അനുഗ്രഹപ്രദമാക്കാൻ സഹായിക്കുന്ന നിരവധി ഘടകങ്ങൾ മാർത്തോമ്മാ നസ്രാണികളുടെ പാരമ്പര്യത്തിലുണ്ട്. അവയുടെ ചൈതന്യം മനസിലാക്കുകയും പ്രിയപ്പെട്ടവരുടെ മരണനിമിഷങ്ങളിലും അതിനുശേഷവും ഉചിതമായി അവരെ യാത്രയയ്ക്കുകയും ചെയ്യുകയെന്നത് വിശ്വാസികളായ നമ്മുടെ കടമയാണ്. വിശ്വാസികളുടെ മരണത്തോടനുബന്ധിച്ച് നാം ശ്രദ്ധിക്കേണ്ട ചില പ്രധാനപ്പെട്ട കാര്യങ്ങളാണ് ഇവിടെ സൂചിപ്പിക്കുന്നത്.

## A മരണത്തിനൊരുക്കം

### 1. രോഗീലേപനം

രോഗിക്ക് രോഗസൗഖ്യം ലഭിക്കാനും രോഗത്തിന്റെ അസ്വസ്ഥതകളെ ശാന്തമായി സ്വീകരിക്കാനും പാപങ്ങൾക്കു മോചനം ലഭിക്കാനും രോഗീലേപനം എന്ന കൂദാശ സഹായിക്കുന്നു. രോഗീലേപനാവസരത്തിൽ രോഗിക്കു സുബോധമുണ്ടെങ്കിൽ അനുരഞ്ജനകൂദാശ പരികർമ്മം ചെയ്യുന്നു. അല്ലെങ്കിൽ രോഗീലേപനം പരികർമ്മം ചെയ്ത് വിശുദ്ധ കുർബാന നല്കുന്നു.

(വൈദികൻ രോഗിലേപനത്തിനായി വരുമ്പോൾ)

സാധാരണ രോഗി കിടക്കുന്ന മുറിയിലല്ല വി. കുർബാന വയ്ക്കുവാൻ സൗകര്യം ഒരുക്കേണ്ടത്. വീടിന്റെ പ്രധാനമുറിയിൽ ഒരു മേശമേൽ വെള്ളത്തുണി വിരിച്ച് സ്ലീവായും വി. ഗ്രന്ഥവും കത്തിച്ച തിരികളും തയ്യാറാക്കി വയ്ക്കുക. പുഷ്പങ്ങൾ വയ്ക്കുന്നതും ഉചിതമാണ്. വൈദികൻ വി. കുർബാനയും വി. തൈലവുമായി ഭവനത്തിൽ പ്രവേശിക്കുമ്പോൾ കുടുംബാംഗങ്ങൾ ഉചിതമായിനിന്ന് ഈശോയെ ഭവനത്തിലേയ്ക്കു സ്വീകരിക്കുന്നു. രോഗിയെ കുമ്പസാരിപ്പിക്കുന്നുണ്ടെങ്കിൽ ആ സമയത്ത് കുടുംബാംഗങ്ങൾ വിശുദ്ധ കുർബാനയുടെ മുമ്പിൽ ആയിരിക്കുന്നത് ഉചിതമാണ്.

### 2. ചെകിട്ടോർമ്മ (നന്മരണത്തിനുള്ള ഒരുക്കം)

മരണം സ്വർഗത്തിലേയ്ക്കുള്ള യാത്രയായതിനാൽ മരണസമയത്ത് യാത്ര പുറപ്പെടുന്നതുപോലെ മരിക്കുന്ന വ്യക്തിയെ ആത്മീയമായി ഒരുക്കണം. രോഗിയുടെ ചെവിയിൽ ഈശോ മറിയം യൗസേപ്പേ, ഈ ആത്മാവിന് കൂട്ടായിരിക്കണമേയെന്ന് അടുത്തിരുന്ന് ചൊല്ലി ക്കൊടുക്കും. ഇതിനെയാണ് ചെകിട്ടോർമ്മ എന്നു വിളിക്കുന്നത്. അതൊരു പ്രാർത്ഥനാ മന്ത്രമായി രോഗിയുടെ അബോധ, ഉപബോധ, ബോധമനസുകളിൽ നിലനില്ക്കും.

## B മരണാനന്തരം

### 1. മരിച്ചയുടൻ ചെയ്യേണ്ടത്

ഒരു വ്യക്തി മരിച്ചാലുടൻ സ്ലീവാ ചുംബിപ്പിക്കുന്നു. തുടർന്ന് വാ അടപ്പിച്ച് വെള്ളത്തുണികൊണ്ട് തലയും താടിയും ചേർത്തുകെട്ടും. കണ്ണു തിരുമ്മി അടയ്ക്കണം. കാലുകൾ നിവർത്തി ചേർത്തുവയ്ക്കണം. കൈകൾ നിവർത്തി കൂട്ടിപ്പിടിപ്പിക്കണം. ശരീരത്തിലെ ചൂട് പിരിയുന്നതിനുമുമ്പ് ഇതെല്ലാം ചെയ്യണം.

ഒരു വിശ്വാസി മരിച്ചാൽ ആദ്യം അറിയിക്കേണ്ടത് ഇടവകകൂട്ടായ്മയുടെ പിതാവായ വികാരിയച്ചനെയാണ്. ഇടവക കൂട്ടായ്മയിലെ ഒരു വിശ്വാസി സ്വർഗത്തിലേയ്ക്കു കടന്നുപോയി എന്നറിയിക്കാൻ ദേവാലയമണി മുഴക്കും. അപ്പോൾ മരിച്ച വിശ്വാസിക്കുവേണ്ടി പ്രാർത്ഥിക്കാൻ വിശ്വാസികളെല്ലാവരും ശ്രദ്ധിക്കണം. തുടർന്ന് വികാരിയച്ചനോട് ആലോചിച്ച് മൃതസംസ്ക്കാര സമയം നിശ്ചയിക്കുകയും അടക്കാനുള്ള കല്ലറ നിശ്ചയിച്ച് തയ്യാറാക്കുകയും വേണം.

### 2. മൃതശരീരം ക്രമീകരിക്കുന്ന വിധം

മരിച്ചയുടനെ മൃതശരീരത്തിൽനിന്ന് ആഭരണങ്ങളെല്ലാം മാറ്റി പടിഞ്ഞാറ് തല വച്ച് കിഴക്ക് ദർശനം വരത്തക്ക വിധത്തിൽ വെള്ള വിരിച്ച കട്ടിലിൽ കിടത്തി, വെള്ള വസ്ത്രം പുതപ്പിക്കും. സ്ലീവാ കൈയിൽ പിടിപ്പിക്കും. ആ സ്ലീവാ ദർശിച്ചാണ് മരിച്ച വ്യക്തി കിടക്കുന്നത്. കിഴക്കുനിന്നും വരുന്ന മിശിഹായെ ദർശിക്കുന്നതിന്റെ പ്രതീകമാണത്. ജപമാല കൈയിലും വെന്തിങ്ങ കഴുത്തിലും ധരിപ്പിക്കുന്ന പതിവും ഇപ്പോഴുണ്ട്.

മൃതദേഹത്തിന്റെ തലയുടെ പിൻഭാഗത്ത് പീഠത്തിന്മേൽ സ്ലീവായും തിരികളും ക്രമീകരിക്കണം. ഊറാറയും മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥനാ പുസ്തകവും ഹന്നാൻ വെള്ളവും പള്ളിയിൽനിന്ന് സ്വീകരിച്ച് ഈ പീഠത്തിന്മേൽ വച്ചിരിക്കണം. മൃതദേഹത്തിന്റെ ശിരസിൽ അണിയിക്കാനുള്ള പുഷ്പമുടിയും ആശീർവദിക്കാനുള്ള പനിനീരും അവിടെ ക്രമീകരിക്കണം. കുടുംബാംഗങ്ങളും അയൽക്കാരുമെല്ലാം പ്രാർത്ഥനകൾ ചൊല്ലിക്കൊണ്ട് മൃതദേഹത്തിനു സമീപത്തുണ്ടാകണം. കുടുംബകൂട്ടായ്മാ അംഗങ്ങൾ ഒരുമിച്ച് യാമപ്രാർത്ഥനകൾ ചൊല്ലുന്നതും ഉചിതമായ കാര്യമാണ്. യാക്കോബായ, ഓർത്തഡോക്സ്, മലങ്കര സഭകളിൽ വൈദികരുടെ നേതൃത്വത്തിൽ മൃതദേഹത്തിനു സമീപം ഏഴുനേര യാമപ്രാർത്ഥനകളും ചൊല്ലുന്ന പാരമ്പര്യം ഇപ്പോഴും നിലനില്ക്കുന്നുണ്ട്. മരിച്ച വ്യക്തിക്ക് സഭയുടെ പ്രാർത്ഥനകൾ സമൃദ്ധമായുണ്ടാകണമെന്ന ചിന്തയാണ് അതിനു പിറകിലുള്ളത്.

അയൽവാസികളോ ചാർച്ചക്കാരോ ആണ് മരിച്ചയാളെ കുളിപ്പിച്ച് വൃത്തിയാക്കുന്നത്. മക്കൾ കുളിപ്പിക്കാറില്ല. തുടർന്ന് വെള്ളവസ്ത്രം ധരിപ്പിക്കുന്നു. മാമ്മോദീസായിലും വിശുദ്ധ കുർബാനയിലുമെല്ലാം വെള്ള വസ്ത്രം ധരിക്കുന്ന വിശ്വാസികൾ സ്വർഗയാത്രയിലും വെള്ളവസ്ത്രം ധരിച്ച് തങ്ങൾ പ്രകാശത്തിന്റെ മക്കളും വിശുദ്ധരുമാണെന്ന് പ്രഘോഷിക്കുകയാണ്. അയൽക്കാരുംചാർച്ചക്കാരും ചേർന്നാണ് മൃതദേഹം പെട്ടിയിലേയ്ക്കു മാറ്റുന്നത്. മൃതദേഹം പന്തലിൽ കിഴക്കോട്ട് ദർശനമായി ക്രമീകരിക്കുന്നു.

വിവാഹിതരായ സ്ത്രീകളുടെ വാഴ്ത്തിയ താലി മാത്രം കുറുകിയ രീതിയിൽ ചരടിൽ ധരിപ്പിക്കാറുണ്ട്. മൃതദേഹം പള്ളിയിൽനിന്ന് എടുക്കുമ്പോൾ താലി ദേവാലയഭണ്ഡാരത്തിൽ നിക്ഷേപിക്കുകയാണ് ചെയ്യുന്നത്. ഇങ്ങനെ നിക്ഷേപിക്ക പ്പെടുന്ന താലികൊണ്ടാണ് തിരുശരീരരക്തങ്ങൾ ഉൾക്കൊള്ളുന്ന കാസയും പീലാസയും പള്ളിയിലെ മറ്റു തിരുപാത്രങ്ങളും പൂശിയിരുന്നത്.

### 3. കച്ച ഇടൽ

ഈശോയുടെ മൃതദേഹം പരിമളസസ്യങ്ങളും സുഗന്ധദ്രവ്യങ്ങളുമുപയോഗിച്ച് പൊതിഞ്ഞതിന്റെ ഓർമ്മയിലാണ് മൃതദേഹത്തിൽ കച്ച ഇടുന്നത്. പുനരുത്ഥാനം പ്രതീക്ഷിച്ചു കഴിയുന്ന ശരീരത്തോടുള്ള ബഹുമാനസൂച കമായിട്ടാണ് കച്ച ഇടുന്നത്. നമ്മുടെ പാരമ്പര്യത്തിൽ കച്ച ഇടുന്നത് ബന്ധുക്കളുടെ അവകാശമാണ്. മക്കളുടെ ജീവിതപങ്കാളിയുടെ അപ്പൻ, അമ്മ, വല്യപ്പൻ, വല്യമ്മ മുതലായവർ മരിക്കുമ്പോഴാണ് കച്ച ഇടുന്നത്. കല്യാണ സമയത്ത് വരൻ അമ്മായിയമ്മയ്ക്കു കൊടുത്തിരുന്ന അഞ്ചുമീറ്റർ നീളമുള്ള വെള്ളത്തുണിയാണ് കച്ച (പുടവ). അതിനു പകരമായി മകളുടെയോ മകന്റെയോ അമ്മായിയപ്പനോ അമ്മായിയമ്മയോ മരിക്കുമ്പോൾ തിരിച്ചു നല്കുന്നതാണ് പട്ട്. ബന്ധുക്കളല്ലാത്തവർ പുഷ്പങ്ങളാണ് മൃതദേഹത്തിൽ സമർപ്പിക്കുന്നത്.

### 4. മൃതസംസ്ക്കാര ശുശ്രൂഷ

ഭവനത്തിൽ വൈദികന്റെ നേതൃത്വത്തിൽ ഔദ്യോഗികമായ മൃതസംസ്ക്കാര ശുശ്രൂഷകൾ കഴിയുമ്പോൾ മൃതദേഹം പള്ളിയിലേയ്ക്ക് സംവഹിക്കുന്നതിനുമുമ്പ് കുടുംബാംഗങ്ങളും ബന്ധുക്കളും ചാർച്ചക്കാരും പ്രായമനുസരിച്ചും സ്ഥാനക്രമമനുസരിച്ചും അന്ത്യോപചാരം അർപ്പിച്ചുകൊണ്ട് മൃതദേഹം ചുംബിക്കുന്നു. വീട്ടിൽനിന്ന് മൃതദേഹം എടുത്താൽപിന്നെ അതു സഭയുടെതാണ്. അത് ഉയിർപ്പിക്കപ്പെടേണ്ട ശരീരമാണ്. അതുകൊണ്ടാണ് വൈദികർ വീട്ടിൽവന്ന് മുടി ധരിപ്പിച്ച് തിരുനാൾ പ്രദക്ഷിണത്തിലെന്നതുപോലെ മൃതദേഹം പള്ളിയിലേയ്ക്കു കൊണ്ടു പോകുന്നത്. അതു പള്ളിയുടെതായതുകൊണ്ടാണ് പള്ളിയിൽനിന്ന് ഔദ്യോഗികമായി വികാരിയച്ചനോ ഉത്തരവാദിത്വപ്പെട്ടവരോ വന്നിട്ടുമാത്രം വീട്ടിലെ കർമ്മങ്ങൾ ആരംഭിക്കുന്നത്.

പള്ളിയിലേയ്ക്കു സംവഹിക്കുമ്പോൾ പള്ളിയിലേക്കു യാത്ര ചെയ്യുന്നതിന്റെ പ്രതീകമായി മൃതശരീരത്തിന്റെ കാല് മുമ്പിലും തല പുറകിലുമായാണ് നീങ്ങുന്നത്. വാഹനത്തിൽ മൃതദേഹം പള്ളിയിലേക്കു കൊണ്ടുപോകുമ്പോഴും ഇപ്രകാരമാണ് വയ്ക്കേണ്ടത്. പള്ളിയിൽ മൃതദേഹം വയ്ക്കുമ്പോൾ, മരിച്ചയാൾ ബലിപീഠത്തിലേയ്ക്കുനോക്കി കിടക്കുന്ന രീതിയിൽ കാൽ മുമ്പിൽ വരത്തക്ക രീതിയിൽ കിടത്തണം. പള്ളിയിൽനിന്ന് പുറത്തേയ്ക്കു സംവഹിക്കുമ്പോൾ മൃതശരീരത്തിന്റെ കാല് മുമ്പിലും തല പിമ്പിലുമായാണ് പിടിക്കേണ്ടത്.

### 5. മുഖം മൂടൽ

സിമിത്തേരിയിൽ മൃതശരീരത്തിന്റെ മുഖം മൂടിയ തിനുശേഷം ചുംബിക്കുന്നതിന് ആരോഗ്യപരമായ കാരണങ്ങളേക്കാൾ ദൈവശാസ്ത്രപരമായ മാനമാണുള്ളത്. മാമ്മോദീസായും മറ്റു കൂദാശകളും സ്വീകരിച്ച് വിശുദ്ധമായ ഈ ശരീരം പൂജ്യമായി കരുതപ്പെടേണ്ടതാണ്. അതിനാൽ ഇന്നു കാണുന്നതുപോലെ ഓരോരുത്തരും തൂവാലയിട്ട് ചുംബിക്കുന്നതിനേക്കാൾ അർത്ഥവത്തായ രീതി സ്ലീവായുടെ അടയാളമുള്ള ഒരു തൂവാലകൊണ്ട് വികാരിയച്ചനോ മരിച്ചയാളുടെ മൂത്തമകനോ അല്ലെങ്കിൽ മുതിർന്ന ആരെങ്കിലുമോ മൃതശരീരത്തിന്റെ മുഖം മൂടുകയും ഉത്ഥാനത്തിലുള്ള പ്രത്യാശയോടെ ആ സ്ലീവാമേൽ ബന്ധുക്കളെല്ലാം ചുംബിക്കുകയും ചെയ്യുകയെന്നതാണ്. കല്ലറയിൽ കിടത്തുന്നതും പടിഞ്ഞാറ് തലവച്ച് കിഴക്കോട്ടു ദർശനമായിട്ടാണ്.

### 6. മൃതസംസ്ക്കാരത്തിനു ശേഷം

മൃതസംസ്ക്കാരത്തിനുശേഷം നാളോത്ത്, പഷ്ണി (പട്ടിണി) കഞ്ഞി ഭക്ഷിക്കൽ എന്നി രണ്ടു കർമ്മങ്ങൾ ചിലയിടങ്ങളിൽ നടത്താറുണ്ട്. മൃതസംസ്ക്കാരത്തിനുശേഷം അന്നുതന്നെ വൈദികന്റെ നേതൃത്വത്തിൽ മരിച്ചയാളുടെ ആത്മശാന്തിക്കായും ഭവനത്തിന്റെ വിശുദ്ധീകരണത്തിനായും ഭവനത്തിൽ നടത്തുന്ന കർമ്മമാണ് നാളോത്ത്. നാളോത്ത് പ്രാർത്ഥനയ്ക്കുശേഷം വീട്ടിൽ അടുപ്പിൽ തീ പിടിപ്പിച്ച് കട്ടൻകാപ്പി തയ്യാറാക്കി എല്ലാവർക്കും കൊടുത്തിരുന്നു. അതുപോലെ മൃതസംസ്ക്കാരത്തിനുശേഷം വീട്ടിൽവന്ന് കഞ്ഞി തയ്യാറാക്കി എല്ലാവരും ഭക്ഷിക്കുന്നു. മുൻകാലങ്ങളിൽ മരണശേഷം 24 മണിക്കൂറിനുള്ളിൽ മൃതസംസ്ക്കാരം നടത്തിയിരുന്നു. അതിനാൽ കുടുംബാംഗങ്ങളെല്ലാവരും വെള്ളം മാത്രം കുടിച്ച് ആ ദിവസം ഉപവസിക്കുകയായിരുന്നു പതിവ്. അതുകൊണ്ടാണ് മൃതസംസ്ക്കാര ത്തിനുശേഷം തയ്യാറാക്കുന്ന കഞ്ഞിക്ക് പഷ്ണി (പട്ടിണി) കഞ്ഞി എന്ന പേരുവന്നത്.

### 7. മരണാനന്തര കർമ്മങ്ങൾ

മന്ത്രാവരെ മരിച്ച വ്യക്തിയുടെ കട്ടിലിൽ ആരും ഇരിക്കുകയോ കിടക്കുകയോ ചെയ്യാറില്ല. മരിച്ച വ്യക്തിയോടുള്ള ബഹുമാനസൂചകമായിട്ടാണ് ഇങ്ങനെ ചെയ്യുന്നത്. കട്ടിലിൽ വെള്ള വിരിയിട്ട് മൃതദേഹത്തിന്റെ കൈയിൽ പിടിപ്പിച്ചിരുന്ന സ്ലീവാ അയാളുടെ ഓർമ്മയ്ക്കായി ആ കട്ടിലിൽ വയ്ക്കുന്നു. സാധാരണ 7-ാം ദിവസമോ (പ്രഭാ. 22,12) 41-ാം ദിവസമോ (ഈശോ ഉത്ഥാനശേഷം നാല്പതാംദിവസം സ്വർഗാരോഹണം ചെയ്തതിന്റെ ഓർമ്മ) ആണ് വീട്ടിലെ പ്രാർത്ഥനകൾ നടത്തുന്നത്.

വിശുദ്ധ ഗ്രന്ഥപ്രകാരം മരണം പിതാക്കന്മാരോടുചേരലാണ്. അതിനാൽ കുടുംബത്തിൽ പിതാക്കന്മാർ ജീവിച്ചിരിക്കുമ്പോൾ മക്കൾ മരിച്ചാൽ പള്ളിയിലെ കർമ്മങ്ങൾ മാത്രമേ നടത്താറുള്ളു. വീട്ടിലെ കർമ്മങ്ങളിൽ വീടുവെഞ്ചരി പ്പുമാത്രമേ നടത്തുകയുള്ളു. പിതാക്കന്മാരുടെ മരണശേഷം മരിച്ചുപോയ മക്കൾക്കായി വീട്ടിൽ ചരമവാർഷികത്തിന്റെ ചടങ്ങുകൾ നടത്താവുന്നതാണ്.

### 8. ഏഴാം/നാല്പത്തിയൊന്നാം ചരമദിനത്തിന്റെ ആചരണം

വീട്ടിലെ ചടങ്ങുകൾ നടത്തുന്നതുവരെ കുടുംബാംഗങ്ങളും അടുത്ത ബന്ധുക്കളും സസ്യാഹാരം മാത്രം കഴിച്ച് നോമ്പു നോക്കണം. പുരുഷന്മാർ ദീക്ഷ നീട്ടാറുണ്ട്. എല്ലാ ദിവസവും പള്ളിയിൽപോയി വിശുദ്ധ കുർബാനയിൽ പങ്കെടുത്ത് കബറിടത്തിങ്കൽ പോയി പ്രാർത്ഥിക്കുന്നു.

ഏഴാം ചരമദിനത്തിലെ പ്രാർത്ഥനകൾ ഭവനത്തിൽവച്ചു മാത്രമേ നടത്താറുള്ളു. എന്നാൽ ഏഴിന് വീട് വെഞ്ചരിച്ചതാണെങ്കിൽ 41 ആചരണം പാരീഷ് ഹാളിൽവച്ചു വേണമെങ്കിലും നടത്താം. പള്ളിയിലെ വിശുദ്ധ കുർബാനയും സിമിത്തേരിയിലെ പ്രാർത്ഥനകളും കഴിഞ്ഞാണ് വീട്ടിലെ പുലയടിയന്തിര പ്രാർത്ഥന. അതിനുവേണ്ടി വെള്ളതുണിയിട്ട മേശയിൽ സ്ലീവായും തിരികളും വിശുദ്ധ ഗ്രന്ഥവും തയ്യാറാക്കി വയ്ക്കുക. ഒപ്പം ഒരു പാത്രത്തിൽ ജീരകവും മറ്റൊരു പാത്രത്തിൽ നെയ്യപ്പവും മറ്റൊന്നിൽ പഴവും വയ്ക്കുക. കൂടാതെ സ്തോത്രക്കാഴ്ച്ചയിടുന്നതിന് വേറൊരു പാത്രവും തയ്യാറാക്കി വയ്ക്കുക. വിവാഹിതരായ പെൺമക്കൾ നെയ്യപ്പവും ആൺമക്കൾ പഴവും കൊണ്ടുവരണം.

പ്രാർത്ഥനകൾക്കുശേഷം കാർമ്മികൻ ഒന്നിൽ കൂടുതൽ പഴവും കൈനിറയെ അപ്പവും എടുത്ത് മൂത്ത മകനു കൊടുക്കുന്നു. സമൃദ്ധിയുണ്ടാകട്ടെ എന്നതാണ് ഇതിന്റെ അർത്ഥം. പിന്നീട് ഒരോ പഴവും മൂന്ന് അപ്പവും വീതം കുടുംബാംഗങ്ങൾക്കെല്ലാവർക്കും കൊടുക്കുന്നു. ആദ്യം പഴവും പിന്നീട് അപ്പവുമാണ് നല്കേണ്ടത്. പഴയനിയമത്തിൽ പഴത്തിനാൽ പറുദീസ നഷ്ടപ്പെട്ട മനുഷ്യന് പുതിയ നിയമത്തിൽ വിശുദ്ധ കുർബാനയാകുന്ന അപ്പത്തിനാൽ അതു വീണ്ടും ലഭിച്ചു എന്ന വലിയ ദൈവശാസ്ത്രചിന്തയാണ് അതിനു പിറകിലുള്ളത്. അതിനാൽ തുടർന്നു ക്ഷണിക്കപ്പെട്ടവർക്കു ഭക്ഷണം വിളമ്പുമ്പോഴും ആദ്യം ഒരു പഴവും പിന്നീട് മൂന്ന് അപ്പവുമാണ് വിളമ്പേണ്ടത്. കാർമ്മികൻ കുടുംബാംഗങ്ങൾക്കു പഴവും അപ്പവും കൊടുത്ത തിനുശേഷം എല്ലാവരും സ്ലീവാ ചുംബിച്ച് സ്തോത്രക്കാഴ്ചയിട്ട് ജീരകമെടുത്ത് ഭക്ഷണത്തിനായി തയ്യാറാകുന്നു. അവിടെ ലഭിക്കുന്ന സ്തോത്രക്കാഴ്ചയുടെ പകുതി മരിച്ചയാളുടെ ആത്മശാന്തിക്കുവേണ്ടി വിശുദ്ധ കുർബാനയർപ്പിക്കുന്നതിനും ബാക്കി ജീവകാരുണ്യ പ്രവൃത്തികൾക്കുവേണ്ടിയുമുള്ളതാണ്.

നസ്രാണി പാരമ്പര്യത്തിലെ
മരിച്ചവർക്കുവേണ്ടിയുള്ള ഭക്താനുഷ്ഠാനങ്ങൾ
ഉപവാസം, പ്രാർത്ഥന, ദാനധർമ്മം

*Compiled and edited by*
Nazrani Research Centre,
Nallathanny.

*സഹായകഗ്രന്ഥം*
'നസ്രാണികളുടെ ആചാരങ്ങളും പാരമ്പര്യങ്ങളും'

# കോരുത്തോടിനെ ഭക്ഷ്യ ഹരിതാഭമാക്കി മരിയൻ കോളേജ്

**കോരുത്തോട്:** മഹാത്മാഗാന്ധി സർവകലാശാലയുടെ നാഷണൽ സർവീസ് സ്കീം നടപ്പിലാക്കുന്ന കോട്ടയം ജില്ലാ ജൈവ സാക്ഷരതാ യജ്ഞത്തിന്റെ ഒന്നാം ഘട്ടപ്രവർത്തനങ്ങളുടെ ഭാഗമായ സപ്തദിനക്യാമ്പ് 'ജൈവം 2017' ന് കുട്ടിക്കാനം മരിയൻ കോളേജിലെ വിദ്യാർത്ഥികൾ, കോരുത്തോട് പഞ്ചായത്തിലെ മുഴുവൻ വീടുകളിലും സർവ്വേയും ജൈവ ബോധവൽക്കരണവും നടത്തി.

യൂണിവേഴ്സിറ്റിയിലെ മറ്റു കോളേജുകളിലെ ക്യാമ്പുകളിൽ നിന്ന് വ്യത്യസ്തമായി,ക്യാൻസറിനെപ്രധിരോധിക്കാൻശേഷിയുള്ളതും,ഇലയും പൂവും കായും ഭക്ഷ്യയോഗ്യവുമായ നിത്യക്കറിയായ 'അഗത്തിചീര' തൈകൾ പഞ്ചായത്തിലെ അയ്യായിരത്തിൽ പരം വീടുകളിൽ സൗജന്യമായി നൽകുകയും ചെയ്തു. ഒന്നരമാസം മുമ്പ് മരിയൻ കോളേജ് എക്സ്റ്റെൻഷൻ ഡിപ്പാർട്ടുമെന്റിന്റെയും കോരുത്തോട് സി.കെ.എം സ്കൂൾവിദ്യാർത്ഥികളുടെയുംസഹകരണത്തോടെയാണ് അഗത്തിചീര വിത്തുകൾപാകികിളിർപ്പിച്ചത്. ഔഷധ ഗുണങ്ങളാൽ സമ്പന്നമായ ചീരയുടെ കായ് കളിൽ അന്നജവും കൊഴുപ്പും ധാരാളമായുണ്ട് .അധികം മൂത്തു പോകാത്ത ഇലകളിൽ വിറ്റാമിൻ ബി ,വിറ്റാമിൻ സി എന്നിവ ധാരാളമായുണ്ട് .ക്യാൻസറിനെ പ്രധിരോധിക്കാനും തലവേദന ,പനി , ത്വക്ക് രോഗങ്ങൾ നേത്ര രോഗങ്ങൾ എന്നിവയ്ക്കും അഗത്തി ചീര ഫലപ്രദമാണെന്ന് വിദഗദ്ധർ അഭിപ്രായപെടുന്നു . 3 മീറ്റർ മുതൽ 5 മീറ്റർ വരെയുള്ള മരമായി വളരുന്ന അഗത്തി ചീര കേരളത്തിൽ വ്യാപകമായി കൃഷിചെയ്യുന്നില്ല. കേരളത്തിലാകെ ശ്രദ്ധേയമാകുന്ന ഈ സംരംഭത്തിനു മരിയൻ കോളേജ് മാനേജർ ഫാ.ജെയിംസ് കോഴിമല പ്രിൻസിപ്പൽ ഫാ. റോയ് എബ്രഹാം പഴയപറമ്പിൽ , എൻ എസ് എസ് ഓഫിസർമാരായ സാന്റോ ചെറിയാൻ, അലൻ കാലായിൽ, എക്സ്റ്റൻഷൻ ഡിപ്പാർട്ട്മെന്റ് ഡയറക്ടർ ഫാ.സിജോ പന്നലക്കുന്നേൽ ,കോരുത്തോട് സെന്റ് ജോർജ് പള്ളി വികാരി ഫാ. മാത്യു പനച്ചിക്കൽ ,സി.കെ.എം സ്കൂൾ പ്രിൻസിപ്പാൾ അനിതമോൾ കെ .കെ, .ഗ്രാമ പഞ്ചായത്ത്പ്രെസിഡന്റ് പി.കെ സുധീർ ,അംഗങ്ങളായ ജോജോ പാമ്പാടത്ത്, കെ.ബി രാജൻ ,എക്സ്റ്റൻഷൻ ഡിപ്പാർട്ട്മെന്റ് പ്രോഗ്രാം കോ- ഓഡിനേറ്റർ സെബാസ്റ്റ്യൻ ജോർജ്,വിദ്യാർത്ഥികളായ ജസ്റ്റിൻ ജെയിംസ്,ജസ്റ്റിൻ.ജി.പുരയിടം, പ്രിയ നൈനാൻ എന്നിവരാണ് നേതൃത്വം നൽകിയത്.



കെ.സി.ബി.സി. കരിസ്മാറ്റിക് കമ്മീഷൻ നേതൃത്വം നൽകുന്ന ഫാത്തിമമാതാ സന്ദേശയാത്രയ്ക്ക് കാഞ്ഞിരപ്പള്ളി സെന്റ് ഡൊമിനിക്സ് കത്തീഡ്രലിൽ നൽകിയ സ്വീകരണം.

# ഫാത്തിമമാതാ സന്ദേശയാത്ര

**കെ**.സി.ബി.സി. കരിസ്മാറ്റിക് കമ്മീഷൻ നേതൃത്വം നൽകുന്ന ഫാത്തിമമാതാ സന്ദേശയാത്രയ്ക്ക് കാഞ്ഞിരപ്പള്ളി മേഖലയിൽ സമാപനമായി. കാഞ്ഞിരപ്പള്ളി മേഖലയിൽ മൂന്നു ദിവസങ്ങളിലായി 21 ദേവാലയങ്ങളിലൂടെ സഞ്ചരിച്ച് ചെങ്ങളം സെന്റ് ആന്റണീസ് തീർത്ഥാടന ദേവാലയത്തിൽ രാത്രി ആരാധനയോടെ സമാപിച്ചു.

വിവിധ ദേവാലയങ്ങളിൽ നൽകപ്പെട്ട സ്വീകരണത്തിൽ അഭിവന്ദ്യ പിതാക്കന്മാരായ മാർ മാത്യു അറയ്ക്കൽ, മാർ ജോസ് പുളിക്കൽ, ജോഷ മാർ ഇഗ്നാത്തിയൂസ്, മോൺ എബ്രാഹം തുണ്ടിയത്ത്, വികാരി ജനറൾമാരായ വെരി. റവ.ഫാ. ജസ്റ്റിൻ പഴയപറമ്പിൽ, വെരി. റവ.ഫാ. ജോർജ് ആലുങ്കൽ, ബഹു. ഫൊറോന വികാരിമാർ, ബഹു. ഇടവക വികാരിമാർ എന്നിവർ പങ്കെടുത്തു.

കരിസ്മാറ്റിക് രൂപത ഡയറക്ടർ ഫാ. മാത്യു ഓലിക്കൽ, സബ് സോൺ ആനിമേറ്റർമാരായ ഫാ. ജോസുകുട്ടി ഇടത്തിനകം, ഫാ. റ്റോം ജോസ്, ഫാ. ഷെറിൻ നിരവത്ത്, ഫാ. റ്റിനു കിഴക്കേവേലിക്കാത്ത്, ഫാ. ജോസ് കാര്യമറ്റം, എന്നിവർ ഫാത്തിമമാതാ സന്ദേശയാത്രയ്ക്കു നേതൃത്വം നല്കി.



കാഞ്ഞിരപ്പള്ളി രൂപത ചെറുപുഷ്പ മിഷൻ ലീഗിന്റെ ആഭിമുഖ്യത്തിൽ പഴയപള്ളിയിലേക്ക് നടത്തിയ മരിയൻ തീർഥാടനം ജോയൽ ഇല്ലിക്കമുറിക്ക് പതാക കൈമാറി വികാരി ജനറാൾ ഫാ. ജസ്റ്റിൻ പഴേപറമ്പിൽ ഫ്ളാഗ്ഓഫ് ചെയ്യുന്നു. ഡയറക്ടർ റവ.ഡോ. അഗസ്റ്റിൻ പുതുപ്പറമ്പിൽ, അസിസ്റ്റന്റ് ഡയറക്ടർ ഫാ. ദീപു അനന്തക്കാട്ട് എന്നിവർ സമീപം.



ആനിക്കാട് സെന്റ് മേരീസ് ഇൻഫാം യൂണിറ്റിന്റെ ജൈവകൃഷിയുടെ ആദ്യ വിളവെടുപ്പ് വികാരി ഫാ. ജോണി ചെരിപുറം നിർവഹിക്കുന്നു. യൂണിറ്റ് അംഗങ്ങൾ സമീപം.

# 'വിശുദ്ധ ജീവിതം നയിക്കുവാൻ കുഞ്ഞുമിഷനറിമാർക്ക് കഴിയണം'

**കാഞ്ഞിരപ്പള്ളി:** പാപം ചെയ്യാതെയുള്ള വിശുദ്ധ ജീവിതം നയിക്കുവാൻ കുഞ്ഞുമിഷനറിമാർക്ക് കഴിയണമെന്ന് സീറോ മലബാർ സഭ കൂരിയ നിയുക്ത മെത്രാൻ റവ.ഡോ. സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ. കാഞ്ഞിരപ്പള്ളി രൂപത ചെറുപുഷ്പ മിഷൻ ലീഗിന്റെ ആഭിമുഖ്യത്തിൽ പഴയപള്ളിയിലേക്ക് നടത്തിയ മരിയൻ തീർഥാടത്തിൽ സമാപനസന്ദേശം നൽകുകയായിരുന്നു നിയുക്ത മെത്രാൻ.

ദൈവിക കാര്യങ്ങൾ പെട്ടെന്ന് മനസിലാക്കാൻ കഴിയുകയില്ല. ഇതിനായി പ്രർഥിച്ച് ഒരുങ്ങണം. തിന്മകൾ ചെയ്യാത്ത, ദൈവ സ്നേഹത്തിൽ ആശ്രയിച്ച്, വിശ്വാസപൂർവമായ ഒരു ജീവിത ശൈലി കെട്ടിപ്പടുക്കുവാൻ കുഞ്ഞുമിഷനറിമാർക്ക് കഴിയണമെന്നും നിയുക്ത ബിഷപ് കൂട്ടിച്ചേർത്തു.



യുവദീപ്തി എസ്എംവൈഎം എരുമേലി ഫൊറോനയുടെ ടീൻഫെസ്റ്റ് പൊടിമറ്റം നിർമ്മല റിന്യൂവൽ സെന്ററിൽ ഫൊറോന കൗൺസിലർ അമൽ ജോസഫ് ആനിക്കാട്ടുവയലിൽ ഉദ്ഘാടനം ചെയ്യുന്നു.



യുവദീപ്തി എസ്എംവൈഎം കുമളി ഫൊറോനയുടെ ടീൻഫെസ്റ്റ് അണക്കര പിഎസിയിൽ ഫാ. സിറിൽ മുതുകുന്നേൽ ഉദ്ഘാടനം ചെയ്യുന്നു.

# വോളിബോൾ ടൂർണമെന്റ് അണക്കര ഫൊറോന ജേതാക്കൾ

**കാ**ഞ്ഞിരപ്പള്ളി രൂപത യുവദീപ്തി എസ്.എം.വൈ.എം.ന്റെ നേതൃത്വത്തിൽ കുട്ടിക്കാനം മരിയൻ കോളേജിൽവച്ച് നടത്തിയ വോളിബോൾ ടൂർണമെന്റിൽ അണക്കര ഫൊറോന - കുഴിത്തൊളു ടീം 5001 രൂപയും, സി.യു. അബ്രാഹം ചങ്ങാലിക്കുഴി മെമ്മോറിയൽ എവർറോളിംഗ് ട്രോഫിയും നേടി ഒന്നാംസ്ഥാനത്തിനർഹരായി. കട്ടപ്പന ഫൊറോന - മേരികുളം ടീം 4001 രൂപയും ട്രോഫിയും നേടി രണ്ടാം സ്ഥാനത്തിനും എരുമേലി ഫൊറോന - കണമല ടീം 3001 രൂപയും ട്രോഫിയും നേടി മൂന്നാം സ്ഥാനത്തിനും അർഹരായി. ബസ്റ്റ് പ്ലയർ ആയി ജിബിൻ മേരികുളവും ബസ്റ്റ് സെക്ടർ ആയി റിൻസ് സ്രാമ്പിക്കൽ കുഴിത്തൊളുവും തെരഞ്ഞെടുക്കപ്പെട്ടു. വിജയികൾക്ക് മരിയൻ കോളേജ് എം.ബി.എ. വിഭാഗം അഡ്മിനിസ്ട്രേറ്റർ റവ. ഫാ. സിബി ചിന്താർമണിയിൽ സമ്മാനം വിതരണം ചെയ്തു. പരിപാടികൾക്ക് രൂപത എക്സിക്യൂട്ടീവ് നേതൃത്വം നൽകി.



പരിശുദ്ധ മാതാവ് ഫാത്തിമയിൽ പ്രത്യക്ഷപ്പെട്ടതിന്റെ ശതാബ്ദിയോടനുബന്ധിച്ച് പ്ലാച്ചേരി ഫാത്തിമമാതാ ഇടവകയിൽ നടത്തിയ തിരുസ്വരൂപ പ്രയാണം മാതാവിന്റെ രൂപം ശ്രീ. തോമസ് തടത്തേലിനും കുടുംബത്തിനും നൽകി വികാരി ഫാ. അഗസ്റ്റിൻ തെക്കേമുറിയിൽ ഉദ്ഘാടനം ചെയ്യുന്നു.



കേരള പോലീസിന്റെ സൈബർ സെക്യൂരിറ്റിയിൽ വലിയ സംഭാവനകൾ നൽകിയ മാർട്ടിൻ സെബാസ്റ്റ്യൻ വെള്ളിയാംതടത്തിൽ മുഖ്യമന്ത്രിയിൽ നിന്ന് ഉപഹാരം ഏറ്റുവാങ്ങുന്നു. കുമളി അട്ടപ്പള്ളം ഇടവകാംഗമാണ്.

RNI Reg. No. KERMAL/2012/45157 Annual Subscription Rs. 75/-
Postal Reg. No. KL/CHC/64/2016-18

യൂത്ത്സ്പെഷ്യൽ

# ചിത്രയെ തോൽപ്പിക്കാനാവില്ല മക്കളേ!



**ആകാശ് കീരിക്കര**

**കാ**ലിൽ ചിറകുള്ള ചിത്ര ശലഭമേ ഉന്നതിലേയ്ക്ക് പരന്നുയാരാൻ നിനക്ക് കഴിയട്ടെ' പ്രകോപനങ്ങളേക്കാൾ വലിയ പ്രചോദനങ്ങളില്ല, ഉയർത്തെഴുന്നേൽപ്പുകൾക്കു നന്ദി പറയേണ്ടത് അടിച്ചമർത്തിയവരോടു കൂടിയാണ്.. പി.യു ചിത്ര , രാഷ്ട്രത്തിനഭിമാനം.,

കഴിഞ്ഞ സെപ്തംമ്പർ 19, ഭാരതിയർക്ക് അഭിമാനത്തിന്റെ നിമിഷം, ഏഷ്യൻ ഇൻഡോർ ഗെയിംസ് അത്‌ലറ്റികസിൽ ഭാരതത്തിന് സ്വർണം. നേടിയെടുത്തത് കേരളത്തിന്റെ സ്വന്തം പി.യു ചിത്ര. അവഗണനകളെ പിന്തള്ളി മുന്നേറി, ട്രാക്കിൽ തീപ്പൊരിയായി മാറിയ ചിത്രയ്ക്ക് ഏഷ്യൻ ഇൻഡോർ ഗെയിംസ് അത്‌ലറ്റിക്സിൽ തിളക്കമാർന്ന വിജയം. വനിതകളുടെ 1500 മീറ്ററിൽ 4.27.77 മിനിറ്റിൽ ഓടിയെത്തിയാണ് ചിത്ര മീറ്റിൽ ഭാരതിത്തിന്നായി മീറ്റിലെ കന്നി സ്വർണം നേടിയത്. അർഹമായ അവസരം നഷ്ടപ്പെട്ട് ലോക അത്‌ലറ്റിക്സ് മീറ്റിൽ പങ്കെടുക്കാൻ കഴിയാതെ പോയ ചിത്രക്ക് ഈ സ്വർണം അവഗനനകളിൽകളിൽ തളരാതെയുള്ള ഒരു ചെറുപ്പക്കാരിയുടെ ഉയർത്തെഴുന്നേൽപ്പാണ്. ഈ പാലക്കാട് കാരി വിജയങ്ങൾ നല്കിയ ബലത്തിൽ കേരളത്തിനും ഭാരതത്തിനും സുപരിചിതയാണ്. സാധാരണ കുടുംബ പശ്ചാത്തലത്തിൽ നിന്നും രാഷ്ട്രത്തിന്റെ കൊടുമുടിയിൽ എത്തിയത് ചെറുപ്പം മുതലെയുള്ള ചിത്രയുടെ കഠിനാദ്ധ്വാനത്തിന്റെ ഫലമാണ്.

ലോക അത്‌ലറ്റിക്സ് മീറ്റിൽ അവസരം നിക്ഷേധിക്കപ്പെട്ടത് മുതൽ അരങ്ങേറിയത് നാടകിയ രംഗങ്ങൾ. സമൂഹത്തിന് വെളിവായത് ചിലരുടെയൊക്കെ തനി നിറം. ഏഷ്യൻ അത്‌ലറ്റിക് ചാമ്പ്യൻഷിപ്പിലെ സ്വർണമെഡൽ ജേതാക്കളെല്ലാം ലോക ചാംമ്പ്യൻഷിപ്പിന് അർഹതയുള്ളവരാണ്. എന്നാൽ ലോക അത്‌ലറ്റിക്സ് മീറ്റിലേയ്ക്കുള്ള 24 ലംഗ സാധ്യത പട്ടികയിൽ നിന്നും ചിത്രയെ പുറത്താക്കുകയായിരുന്നു. റാങ്കിൽ ചിത്ര പിന്നിലാണെന്നായിരുന്നു അത്‌ലറ്റിക് ഫെഡറേഷൻ നല്കിയ വിശദീകരണം. എന്നാൽ കേരളവും രാഷ്ട്രവും ഭരണകർത്താക്കളും മാധ്യമങ്ങളും ഈ ചെറുപ്പക്കാരിയുടെ സ്വപ്നങ്ങൾ പൂവണിയിക്കാൻ ഏറെ ശ്രമിച്ചു.നിയമ പരമായും പ്രതിക്ഷേധ മറിയിച്ചും നാട് കൈകോർത്തിട്ടും പ്രതീക്ഷകൾ നല്കിയതിനു ശേഷം ചിത്രയുടെ ലോക ലോക അത്‌ലറ്റിക്സ് മീറ്റ് സ്വപ്നങ്ങൾ അസ്തമിക്കുകയായിരുന്നു. ചിലരുടെയൊക്കെ വ്യക്തി താല്പര്യങ്ങൾ ഇല്ലതാക്കിയത് ഒരു ചെറുപ്പക്കാരിയുടെ സ്വപ്നങ്ങളും ഒരു നാടിൻറെ പ്രതീക്ഷകളുമാണ്. ഈ സ്വർണം കഴുത്തിൽ അണിയുമ്പോൾ അത് പ്രതീഷകളുടെതാണ്. അവസരം നഷ്ടമാകിയവർക്കെതിരെയുള്ള മധുര പ്രതികാര മറുപടിയാണ്. ഒപ്പം ദേശിയ ടീമിലെയ്ക്കുള്ള ചിത്രയുടെ ശക്തമായ തിരിച്ചു വരവും.

കാലിൽ ചിറകുള്ള ശലഭമായി ചിത്രയെ വർണിക്കുമ്പോൾ ഈ കൊച്ച് മിടുക്കി സാധാരണക്കർക്കുള്ള മാതൃകയാണ്. പ്രതി സന്ധികളെ തരണം ചെയ്ത് മുന്നേറുമ്പോൾ നഷ്ടമായ വിജയങ്ങൾ തേടി എത്തും എന്ന് ലോകത്തിനു കാണിച്ചു കൊടുക്കാൻ ചിത്രക്കായി..ലക്ഷ്യമാണ് സർവോപരി പ്രധാനം.

മറ്റുള്ളവർ മാതൃകയാക്കേണ്ട ഒരു വ്യക്തിത്വത്തിന് ഉടമയാണ് ഇന്ന് ചിത്ര. അധികൃതർ തഴയുമ്പോൾ തളരാതെ മുന്നേറാൻ ഉള്ള കരുത്ത്, കഠിനമായ പരിശ്രമം, ശാലിനമായ സ്വഭാവം വിദേശത്തുപോയി പരിശിലനം നേടാനുള്ള കായിക മന്ത്രിയുടെ ഓഫർ തനിക്കായി കഷ്ട്ടപെട്ട അച്ഛനും അമ്മയ്ക്കും തങ്ങാവാൻ ജോലി മതിയെന്ന് പറഞ്ഞ ഒഴുവാക്കിയ മനസ്, എല്ലാം പ്രശസീനിയമാണ്. ആരോടും പരിഭവം ഇല്ല, വിജയത്തിൽ നന്ദിയോടെ അവൾ ഓർത്തത് കേരളത്തെയും പിന്തുണച്ചവരെയും.

ഒരു പെൺകുട്ടിയെ സംബന്ധിച്ച് സാധാരണ കുടുംബത്തിൽ നിന്നും ഒരു കായിക ഇനത്തിൽ മികവു പുലർത്തി മുന്നേറുക എന്നത് എളുപ്പമല്ല. കുടുംബത്തിൻറെ പിന്തുണയാണ് അവൾക്ക് ഏറ്റവും അത്യാവശ്യം. സ്വന്തം വീട്ടിൽ ഒരു ഒളിംപിക്സ് മെഡൽ ജേതവിനെ ആരും ആഗ്രഹിക്കും.എന്നാൽ അതിലേയ്ക്കുള്ള പരിശ്രമങ്ങളിൽ ഏർപ്പെടാൻ നാം അവരെ സമ്മതിക്കാറില്ല. ഇവിടാണ് ചിത്രയുടെ അച്ഛൻ ഉണ്ണിക്ക്യഷ്ണനെയും അമ്മ വസന്തകുമാരിയെയും നാം മാതൃകയാക്കേണ്ടത്. കൂലിപ്പണി എടുത്തും ചിത്രയുടെ സ്വപ്നങ്ങൾ യാഥാർത്യമാക്കാൻ അവർ ശ്രമിച്ചു. പ്രതിസന്ധികളിൽ താളരാതെ മുന്നേറിയ ചിത്രയെ നമുക്ക് മാതൃകയാക്കാം. പരിശ്രമവും നിരന്തര പ്രാർത്ഥനകളും വിജയം സമ്മാനിക്കും. ഉന്നതങ്ങളിൽ എത്താൻ ചിത്രക്ക് കഴിയട്ടെ. ആശംസകളും പ്രാർത്ഥനകളും.

കേരളത്തിലെ ലൂർദ്ദ് എന്ന പേരിൽ അറിയപ്പെടുന്ന തൃശൂർ ജില്ലയിലെ എറണാകുളം–അങ്കമാലി അതിരൂപതയിൽപ്പെട്ട
പ്രസിദ്ധ മരിയൻ തീർത്ഥാടനകേന്ദ്രമായ കൊരട്ടി ഫൊറോനപള്ളിയിൽ
അത്ഭുതപ്രവർത്തകയായ
കൊരട്ടിമുത്തിയുടെ തിരുനാൾ
2017 ഒക്ടോബർ 11 മുതൽ 29 വരെ
തിരുനാൾ 14, 15 (ശനി, ഞായർ), എട്ടാമിടം 21, 22 (ശനി, ഞായർ)
പതിനഞ്ചാമിടം 28, 29 (ശനി, ഞായർ)



NB :- വർഷത്തിലെ എല്ലാദിവസവും പൂവൻകുല, അടിമ, തുലാഭാരം
എന്നീ നേർച്ചകൾ നടത്തുവാനും റോസറി വില്ലേജ് സന്ദർശിക്കുവാനും
രാവിലെ 8.00 മുതൽ വൈകീട്ട് 8.00 വരെ സൗകര്യം ഉണ്ടായിരിക്കുന്നതാണ്.
എല്ലാ ശനിയാഴ്ചകളിലും 5.30 am, 7.00 am, 4.45 pm വി. കുർബാന, നൊവേന
10:00 am-ന് വി. കുർബാന, നൊവേന, ആരാധന, നേർച്ചപഴം വിതരണം
Fr. Vicar, St. Mary's Forane Church, Koratty - 680 308
Tel : 0480 2732780, 2734009, Web : www.korattymuthy.com, E-mail : muthy@korattymuthy.com

Printed & Published by Fr. Sebastian Kaippanplackal, Diocese of Kanjirapally. Printed at Viani Offset Printers, Ernakulam. Chief Editor: Fr. Justin Mathiyath Designed at Divine Graphics KPLY.